KOTTAYAM PUBLIC LIBRARY

Call No. 297 Acc. No. 45695

Author: മൗലാനാ അബ്ദുൽ അഅ്ലാ മൗദൂദി

Title: ബുദ്ധിയുടെ നിധി

1068

I. P. H. പ്രസിദ്ധീകരണം No. 24

45695

# ബുദ്ധിയുടെ വിധി

1962

മൗലാനാ അബുൽഅഅ്ലാ മൗദൂദി

NATIONAL BOOK STALL
KOTTAYAM

297

1. ബുദ്ധിയുടെ വിധി
2. സങ്കുചിതവീക്ഷണം
3. മരണാനന്തരജീവിതം
4. മുഹമ്മദ് നബിയുടെ പ്രവാചകത്വം
   -ബുദ്ധിയുടെ വെളിച്ചത്തിൽ

1 st: Edition August 59 Copies 2000
2 nd: ,, September 62 ,, 3000

١ عقل کا فیصلہ
٢ کوتہ نظری
٣ زندگی بعد موت
٤ نبوت محمدی کا عقلی ثبوت

വില 75 ന.പ.

297
Mou-B

*Published*
*By*
**Islamic Publishing House, Marikunnu**
*For*
*JAMA'AT-E-ISLAMI, (Kerala).*

# ബുദ്ധിയുടെ വിധി

വലിയ വലിയ പട്ടണങ്ങളിൽ നിരവധി വ്യവസായശാലകൾ വിദ്യുച്ഛക്തിയുടെ സഹായത്താൽ നടന്നുകൊണ്ടിരിക്കുന്നതായി നാം കാണുന്നു; എലക്ട്രിക്കട്രെയിൻ, ട്രാം മുതലായവ അതുവഴി ഓടിക്കൊണ്ടിരിക്കുന്നു; സന്ധ്യാസമയത്ത് ആയിരക്കണക്കായ ബൾബുകൾ പെട്ടെന്നു പ്രകാശിക്കുന്നു; ഉഷ്ണകാലത്തു വീട്ടുതോറും പങ്കകൾ കറങ്ങിക്കൊണ്ടിരിക്കുന്നു. പക്ഷെ ഇതിൽ നമുക്ക് വല്ല അമ്പരപ്പും ആശ്ചര്യവും തോന്നുകയോ അവ ചലിക്കുകയും പ്രകാശിക്കുകയും ചെയ്യുന്നതിന്റെ കാരണത്തെക്കുറിച്ചു നമുക്കിടയിൽ വല്ല അഭിപ്രായഭിന്നതകളും ഉടലെടുക്കുകയോ ചെയ്യുന്നില്ല. ഇതെന്തുകൊണ്ട്? ആ ബൾബുകൾ ഘടിപ്പിച്ചിട്ടുള്ള വസ്തുകൾ നമ്മുടെ ദൃഷ്ടിക്ക് ഗോചരമാണ്; വയറുകളും ബന്ധപ്പെട്ടു കിടക്കുന്ന പവർഹൗസിനെ സംബന്ധിച്ചും നമുക്കറിവുണ്ട്; അതിലെ ജോലിക്കാരെക്കുറിച്ചും നമുക്കറിയാം; അവരെ നിയന്ത്രിക്കുന്ന എഞ്ചിനീയറേയും നമുക്ക് പരിചയമുണ്ട്. മാത്രമല്ല വൈദ്യുതശക്തി ഉൽപാദിപ്പിക്കുന്നതിനുവേണ്ട പ്രവത്തനത്തെ

കുറിച്ച് എഞ്ചിനീയർക്ക് അറിവുണ്ടെന്നും നാം മനസ്സിലാക്കിയിരിക്കുന്നു. അയാളുടെ അധീനത്തിലുള്ള അസംഖ്യം യന്ത്രസാമഗ്രികൾ വ്യവസ്ഥാപിതമായി ചലിപ്പിച്ചുകൊണ്ടാണ് അയാൾ അതുൽപാദിപ്പിക്കുന്നത്. അതിൻെറ ഫലമായിട്ടാണ്, ബൾബുകൾ പ്രകാശിക്കുകയും പങ്കകൾ കറങ്ങുകയും വണ്ടികൾ ഓടുകയും വ്യവസായശാലകൾ ചലിക്കുകയും ചെയ്യുന്നതായി നാം കാണുന്നത്. ഇതിലെല്ലാം നമുക്ക് പരിപൂർണ്ണ വിശ്വാസമുണ്ട്. എലക്ട്രിക്കിൻെറ ബാഹ്യപ്രതിഭാസങ്ങൾകണ്ട് അതിൻെറ കാരണങ്ങളെക്കുറിച്ച് നമുക്കിടയിൽ അഭിപ്രായ ഭിന്നതകളുണ്ടാവാതിരിക്കുന്നത്, അതിൻെറ പിന്നിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്ന മുഴവൻ കണ്ണികളും നമ്മുടെ ഇന്ദ്രിയങ്ങൾക്ക് വിധേയമായിരിക്കുന്നതുകൊണ്ടാണ്.

ഇനി നാം ഇങ്ങിനെയൊന്നു സങ്കല്പിക്കുക: ബൾബുകൾ പ്രകാശിക്കുന്നു; പങ്കകൾ വട്ടം കറങ്ങുന്നു; വണ്ടികൾ ഓടിക്കൊണ്ടിരിക്കുന്നു; യന്ത്രങ്ങൾ ചലിച്ചുകൊണ്ടിരിക്കുന്നു; പക്ഷെ, അവക്ക് വൈദ്യുതശക്തിയെത്തിച്ചുകൊണ്ടിരിക്കുന്ന വയറുകൾ നമ്മുടെ ദൃഷ്ടിക്ക് ഗോചരമല്ല; പവർഹൗസും നമ്മുടെ ഇന്ദ്രിയങ്ങൾക്കതീതമാണ്; അവിടത്തെ ജോലിക്കാരെക്കുറിച്ചോ സ്വന്തം കഴിവിൽ അതിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന എഞ്ചിനീയറെക്കുറിച്ചോ നമുക്കറിവില്ല! ചിന്തിച്ചുനോക്കുക, എലക്ട്രിക്കിൻെറ ബാഹ്യപ്രകടനങ്ങൾ കണ്ടിട്ട് നമുക്ക് അസമാധാനവും അസ്വാസ്ഥ്യവുമുണ്ടായിരിക്കയില്ലേ? ബാഹ്യ പ്രകടനങ്ങളുടെ കാരണങ്ങളെപ്പററി നമുക്കിടയിൽ യാതൊരുവിധ അഭിപ്രായ വ്യത്യാസവുമുണ്ടാവുകയില്ലേ? തീച്ചയായും ഉണ്ടായിരിക്കും. കാരണം, ബാഹ്യ പ്രകടനങ്ങളുടെ കാരണങ്ങൾ

ഗോപ്യമാണെങ്കിൽ ഹൃദയത്തിൽ അമ്പരപ്പും അസ്വാസ്ഥ്യവും ജനിക്കുകയും മസ്തിഷ്കം ആ രഹസ്യത്തെ ചുഴിഞ്ഞന്വേഷിക്കുവാൻ മുതിരുകയും അതിനെസ്സംബന്ധിച്ച പലരുടെയും അനുമാനാഭിപ്രായങ്ങൾ പരസ്പരഭിന്നമാവുകയും ചെയ്യുയെന്നത് കേവലം സ്വാഭാവികം മാത്രമാണ്.

ഇതേ സങ്കല്പത്തിന്മേൽ വിഷയത്തെ കുറച്ചുകൂടി മുമ്പോട്ടു കൊണ്ടുപോകാം. നമ്മുടെ ഈ സങ്കല്പം യഥാൎത്ഥത്തിൽതന്നെ ലോകത്ത് സംഭവിക്കുന്നുണ്ടെന്നു വിചാരിക്കുക. അതെ, ലക്ഷക്കണക്കായ ബൾബുകൾ പ്രകാശിച്ചുകൊണ്ടിരിക്കുന്നു; ആയിരമായിരം പങ്കകൾ കറങ്ങിക്കൊണ്ടിരിക്കുന്നു; വണ്ടികൾ അങ്ങുമിങ്ങും ഓടിക്കൊണ്ടിരിക്കുന്നു; വ്യവസായശാലകൾ ചലിച്ചുകൊണ്ടിരിക്കുന്നു; അവയുടെ പിന്നിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ശക്തി എവിടെനിന്നു വരുന്നുവെന്നു കണ്ടുപിടിക്കത്തക്ക യാതൊരു മാൎഗ്ഗവും നമ്മുടെ പക്കലില്ല; ഈ ബാഹ്യപ്രകടനങ്ങൾ കണ്ട് ജനങ്ങൾ അമ്പരന്നിരിക്കയാണ്. ഓരോരുത്തരും അതിൻെറ കാരണങ്ങൾ കണ്ടുപിടിക്കുന്നതിൽ നിരതരായിരിക്കുന്നു. ഒരാൾ പറയുന്നു, ഇവയെല്ലാം സ്വയം പ്രകാശിക്കുകയും ചലിക്കുകയുമാണ്; ഇവയ്ക്കു് വെളിച്ചവും ചലനവും നല്കുന്ന യാതൊരു ശക്തിയും ഇവയ്ക്കുപ്പുറമില്ല. മറെറാരാൾ പറയുന്നു, ഈ വസ്തുക്കൾ ഏതേതു പദാൎത്ഥങ്ങളാൽ നിൎമ്മിതമായോ ആ പദാൎത്ഥങ്ങൾ തമ്മിലുണ്ടായ സംയോജനമാണ് ഇവയ്ക്കു് വെളിച്ചവും ചലനവും നല്കിയത്. മൂന്നാമതൊരാൾ പറയുന്നു, ഈ ഭൗതികലോകത്തിനപ്പുറം ചില ദേവന്മാരുണ്ട്; അവരിൽ ചിലർ ബൾബുകൾ പ്രകാശിപ്പിക്കുന്നു, മററു ചിലർ പങ്കകൾ കറക്കുന്നു, വേറെ ചിലർ വണ്ടികളോടി

ക്കുന്നു, ഇനിയും ചിലർ യന്ത്രശാലകൾ ചലിപ്പിക്കുന്നു എന്നു. ചിലർ ചിന്തിച്ചു ചിന്തിച്ചു ക്ഷീണിച്ചുപോവുകയും ഒടുക്കം ഗത്യന്തരമില്ലാതെ, 'ഞങ്ങളുടെ ബുദ്ധിക്കതു് കണ്ടുപിടിക്കുക സാധ്യമല്ലെ'ന്നു പറഞ്ഞു സമാശ്വസിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ദൃഷ്ടിക്കു് ഗോചരമായതേ ഞങ്ങൾക്കറിയാവൂ; അതിന്നപ്പുറമൊന്നും ഞങ്ങൾക്കു് മനസ്സിലാവുന്നില്ല; മനസ്സിലാവാത്ത സംഗതി വിശ്വസിക്കുവാനോ നിഷേധിക്കുവാനോ ഞങ്ങളൊരുക്കവുമില്ല-ഇതൊക്കെയാണവരുടെ വാദം!

ഈ വിഭാഗക്കാരെല്ലാം മേചന്നു പരസ്പരം തക്കിക്കുകയും കലഹിക്കുകയുമാണു്. പക്ഷെ തങ്ങളുടെ അഭിപ്രായം ന്യായീകരിക്കുവാനും മററുള്ളവരുടേതു് കളവാക്കുവാനും, ഊഹവും അനുമാനവുമല്ലാതെ സാക്ഷാൽ വിജ്ഞാനമാർഗ്ഗം അവരാരുടെ പക്കലുമില്ല.

ഇങ്ങിനെ അഭിപ്രായവ്യത്യാസങ്ങളും തക്കവിതക്കങ്ങളും നടമാടിക്കൊണ്ടിരിക്കവെ ഒരാൾ വന്നു് അവരോടിങ്ങനെ പറയുന്നു: 'സഹോദരന്മാരെ, നിങ്ങളുടെ പക്കലില്ലാത്ത ഒരു വിജ്ഞാനമാർഗ്ഗം എൻെറ പക്കലുണ്ടു്. ഈ ബൾബുകളും പങ്കകളും വാഹനങ്ങളും യന്ത്രങ്ങളുമെല്ലാം നിങ്ങൾക്കു് ദൃഷ്ടിഗോചരമല്ലാത്ത അതിസൂക്ഷ്മങ്ങളായ ചില വയറുകളുമായി ബന്ധപ്പെട്ടു കിടക്കുകയാണെന്നു, അതുവഴി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. വലിയൊരു പവർഹൗസാണു് ആ വയറുകൾക്കു് വൈദ്യുതശക്തി പ്രദാനം ചെയ്യുന്നതു്. അതേ ശക്തിയാണു് പ്രകാശത്തിൻെറയും ചലനത്തിൻെറയും രൂപത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്നതും. പവർഹൗസിൽ അസംഖ്യം ഗംഭീരയന്ത്രങ്ങളുണ്ടു്. നിരവധി ജോലിക്കാർ അവയെ ചലിപ്പിച്ചുകൊണ്ടിരിക്കയാണു്. അവരെല്ലാംതന്നെ ഒരു വലിയ എഞ്ചിനീ

യവുടെ ആജ്ഞാനുവത്തികളുമാണ്; അയാളുടെ അസാമാന്യമായ അറിവും കഴിവുമാണ് ഈ മുഴുവൻ വ്യവസ്ഥയേയും നിലനിത്തിപ്പോരുന്നത്. അദ്ദേഹത്തിൻെറ നിർദ്ദേശത്തിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് ഈ പ്രവത്തനങ്ങളെല്ലാം നടന്നുകൊണ്ടിരിക്കുന്നത്.'

ആഗതൻ തൻെറ വാദത്തെ പൂണ്ണശക്തിയോടെ ജനങ്ങളുടെ മുമ്പിൽവെക്കുന്നു. അവരാകട്ടെ അയാളെ നിഷേധിക്കുന്നു, എല്ലാ വിഭാഗക്കാരും ചേന്ന് അയാളെ എതിക്കുന്നു, ഭ്രാന്തനെന്നു തീരുമാനിക്കുന്നു, നാനാവിധ മദ്ദനങ്ങൾ അദ്ദേഹത്തിൻെറമേൽ അഴിച്ചുവിടുന്നു, സ്വന്തം വീട്ടിൽനിന്നും നാട്ടിൽനിന്നും അയാളെ ബഹിഷ്ക്കരിക്കുന്നു. എന്നാൽ ശാരീരികവും മാനസികവുമായ ഇത്തരം അക്രമമദ്ദനങ്ങളനുഭവിച്ചിട്ടും അയാൾ തൻെറ വാദത്തിൽതന്നെ അടിയുറച്ചു നിലകൊള്ളുകയാണ്. വല്ലതും ഭയന്നോ, ആശിച്ചോ തൻെറ വാദത്തിൽ അണുവളവും മാററംവരുത്താൻ അദ്ദേഹം തയാറാകുന്നില്ല. എത്ര ഭയാനകമായ അത്യാപത്തും തൻെറ വാദത്തെ ബലഹീനമാക്കുവാൻ പര്യാപ്തമാകുന്നില്ല. തൻെറ വാദത്തിൻെറ സത്യാവസ്ഥയിൽ തനിക്ക് അചഞ്ചലവും പരിപൂണ്ണവുമായ വിശ്വാസമുണ്ടെന്നു തൻെറ ഓരോ വാക്കും സാക്ഷ്യംവഹിക്കുന്നു.

പിന്നീട് അയാൾക്കുശേഷം മറെറാരാൾവരുന്നു; അദ്ദേഹവും അതേ വാക്ക് അതേ വാദത്തോടൊപ്പം ജനങ്ങളുടെ മുമ്പിൽ സമപ്പിക്കുന്നു. അനന്തരം മൂന്നാമൻ, നാലാമൻ, അഞ്ചാമൻ അങ്ങിനെ തുടച്ചയായി ആളുകൾ വന്നുകൊണ്ടിരിക്കുന്നു. അവരോരോരുത്തരും തൻെറ മുൻഗാമി പറഞ്ഞ അതേ വാദംതന്നെയാണാവത്തിക്കുന്നത്. ഇങ്ങിനെ വരുന്നവരുടെ സംഖ്യ നൂററിക്കണക്കല്ല, ആ

യിരക്കണക്കല്ല, ലക്ഷക്കണക്കായിത്തന്നെ വൎദ്ധിക്കുന്നു. അവരെല്ലാംതന്നെ ഒരേവാക്ക് ഒരേ വാദത്തോടുകൂടി ഉന്നയിക്കുകയാണ്. അവർ ആഗതരായ സ്ഥലകാലപരിതഃസ്ഥിതികൾ ഭിന്നമായിരുന്നിട്ടും അവരുടെ വാക്കിൽ ഒട്ടും ഭിന്നിപ്പുണ്ടാകുന്നില്ല. അവരെല്ലാം പറയുന്നു, സാധാരണ ജനങ്ങളുടെ പക്കലില്ലാത്ത ഒരു വിജ്ഞാനമാൎഗ്ഗം ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്നു. അവർ ഭ്രാന്തരെന്നു തീരുമാനിക്കപ്പെടുന്നു, നിഷ്ഠുരവും മൃഗീയവുമായ പലവിധ അക്രമ മൎദ്ദനങ്ങൾക്ക് അവർ ഇരയാക്കപ്പെടുന്നു, തങ്ങളുടെ വാദത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ ജനങ്ങളവരെ നാനാവിധേന നിൎബ്ബന്ധിക്കുന്നു. എന്നിട്ടും അവരെല്ലാം തങ്ങളുടെ വാദത്തിൽ ഉറച്ചു നിലകൊള്ളുകയാണ്. അവരെ ഒരിഞ്ചുപോലും തെററിക്കുവാൻ ലോകത്തിലെ യാതൊരു ശക്തിക്കും സാധ്യമാകുന്നില്ല. ഈ ധൈൎയ്യസ്ഥൈൎയ്യത്തിന്നും ദൃഢനിശ്ചയത്തിന്നും പുറമെ വിശിഷ്ടമായ പല പ്രത്യേക ഗുണങ്ങളും അവരിൽ പ്രത്യക്ഷപ്പെട്ടുകാണുന്നുണ്ട്. അവരാരും വ്യാജരോ വഞ്ചകരോ ദുരാചാരികളോ അക്രമികളോ കള്ളന്മാരോ കൊള്ളക്കാരോ നിഷിദ്ധ ഭക്ഷണഭുക്കുകളോ അല്ല. അവരുടെ ബദ്ധവൈരികൾപോലും ഈ പരമാൎത്ഥങ്ങൾ തലകുലുക്കി സമ്മതിക്കുന്നുണ്ട്. അവരുടെയെല്ലാം സ്വഭാവം അങ്ങേഅററം പരിശുദ്ധവും പരിപാവനവുമാണ്. അവരുടെ ചൎയ്യകൾ ഉന്നതവും കളങ്കരഹിതവുമാണ്. ഉൽകൃഷ്ടമായ സൽസ്വഭാവത്തിൽ അവരെ കവച്ചുവെക്കുന്ന ആരും അവരുടെ സമകാലികരിലില്ല. ഭ്രാന്തിന്റെ യാതൊരു ലക്ഷണവും അവരിൽ കാണപ്പെടുന്നില്ല. എന്നല്ല; സ്വഭാവസംസ്കരണം, ആത്മീയപരിശുദ്ധി, ലൗകിക ഏടവാടുകളുടെ പരിഷ്കരണം ആദിയായ വിഷയങ്ങളിൽ അവർ ഉന്നയിക്കുന്ന ശിക്ഷണശീ

ലനങ്ങൾക്കും, നിർദ്ദേശിക്കുന്ന നിയമങ്ങൾക്കും തുല്യമായി വല്ലതും നിർമ്മിക്കുന്നതുപോകട്ടെ, ആ നിയമനിർദ്ദേശങ്ങളുടെ യുക്തിരഹസ്യങ്ങൾ ഗ്രഹിക്കുവാൻ തന്നെ വിശ്വവിഖ്യാതരായ അഗാധജ്ഞാനികൾക്കും ബുദ്ധിമാന്മാൎക്കും തങ്ങളുടെ ആയുഷ്ക്കാലമത്രയും വിനിയോഗിക്കേണ്ടതായി വരുന്നു!

ഒരുവശത്ത് വിഭിന്നാഭിപ്രായക്കാരായ നിഷേധികളാണെങ്കിൽ മറുവശത്ത് ഏകാഭിപ്രായക്കാരായ വാദികളാണ്. രണ്ടു വിഭാഗത്തിന്റെയും പ്രശ്നം നിഷ്കളങ്കനും പക്ഷപാതരഹിതനുമായ ബുദ്ധിയുടെ കോടതിയിൽ സമൎപ്പിക്കപ്പെടുന്നു. സ്വന്തം നിലപാട് ശരിക്കും മനസ്സിലാക്കിക്കൊണ്ട് ഓരോ കക്ഷിയുടെയും അവസ്ഥ സൂക്ഷ്മം പരിശോധിക്കുകയും ഇരുഭാഗത്തെയും അന്യോന്യം താരതമ്യപ്പെടുത്തി ആരുടെ വാദമാണ് മുൻഗണനക്കൎഹമായിട്ടുള്ളതെന്നു വിധികല്പിക്കുകയും ചെയ്യുകയെന്നതാണ് ജഡ്ജിയെന്ന നിലക്കുള്ള ബുദ്ധിയുടെ കൎത്തവ്യം.

ജഡ്ജിയാകുന്ന ബുദ്ധിയുടെ സ്വന്തം നിലപാട് ഇതാണ്: സാക്ഷാൽ സംഭവം നേരിട്ടറിയത്തക്ക യാതൊരു മാൎഗ്ഗവും അതിന്റെ പക്കലില്ല. യാഥാൎത്ഥ്യത്തെക്കുറിച്ച് സ്വന്തംനിലക്കതിന്നറിവില്ല. ഇരുഭാഗക്കാരുടെയും വാദമൊഴികളും തെളിവുകളും അവരിലോരോരുത്തരുടെയും വ്യക്തിപരമായ സ്ഥിതിഗതികളും പുറമെനിന്നുള്ള ലക്ഷണചിഹ്നങ്ങളും മാത്രമാണതിന്റെ മുമ്പിലുള്ളത്. അവയിൽമാത്രം ഗവേഷണപരീക്ഷണങ്ങൾ നടത്തിയിട്ടുവേണം, ആരാണ് സത്യവാദിയായിരിക്കുവാൻ കൂടുതൽ ന്യായമുള്ളതെന്നു ബുദ്ധിക്ക് വിധികല്പിക്കുവാൻ. 'മിക്കവാറു'മെന്നല്ലാതെ കണിശമായൊരു വിധി പറയുവാൻ അതിന്നു തീരെ സാധ്യവുമല്ല; കാ

രണം, അതിന്നു ലഭിക്കുന്ന തെളിവുകളുടെ വെളിച്ചത്തിൽ വാസ്തവസംഭവം ഇന്നതാണെന്നുറപ്പിച്ചുകൊണ്ടു പറയുവാൻ അതിന്നു കഴിവില്ല. രണ്ടിലൊരു കക്ഷിക്കു മുൻഗണന നൽകുവാനല്ലാതെ, ഒരു കക്ഷിയെ പൂണ്ണമായനുകൂലിക്കുവാനോ മറുകക്ഷിയെ പറേറ കളവാക്കുവാനോ അതിന്നു തീരെ സാദ്ധ്യമല്ല.

**നിഷേധികളുടെ നില ഇതാണ്:**

1. യാഥാത്ഥ്യത്തെ സംബന്ധിച്ചു അവരുടെ അഭിപ്രായങ്ങരം വിഭിന്നങ്ങളാണ്. ഒരു ബിന്ദുവിൽ പോലും അവക്കിടയിൽ യോജിപ്പില്ല. എന്നല്ല ഒരേ വിഭാഗത്തിൽപെട്ട വ്യക്തികളിൽപോലും പലപ്പോഴും അഭിപ്രായവ്യത്യാസം കാണപ്പെടുന്നുണ്ട്.

2. മററുള്ളവരുടെ പക്കലില്ലാത്ത യാതൊരു വിജ്ഞാനമാഗ്ഗവും തങ്ങളുടെ പക്കലില്ലെന്നു അവർ തന്നെ സമ്മതിക്കുന്നുണ്ട്. മററുള്ളവരുടെ അനുമാനങ്ങളെ അപേക്ഷിച്ചു തങ്ങളുടെ അനുമാനമാണ് കൂടുതൽ സ്വീകാര്യയോഗ്യമെന്നതിൽ കവിഞ്ഞു അവരിലാക്കും മറെറാരു വാദവുമില്ല. തങ്ങളുടെ അനുമാനം കേവലം അനുമാനം മാത്രമാണെന്നു അവരെല്ലാം സമ്മതിക്കുന്നുണ്ട്.

3. സ്വന്തം അനുമാനങ്ങളെ ആധാരമാക്കിയുള്ള അവരുടെ ആദശം അചഞ്ചലമായ ദൃഢവിശ്വാസത്തിൻെറ പരിധിവരെ എത്തിയിട്ടില്ല. അവരുടെ അഭിപ്രായങ്ങരം മാറിക്കൊണ്ടിരിക്കുന്നതിന്നു ധാരാളം ഉദാഹരണങ്ങരം ലഭിക്കുന്നുണ്ട്. അവരിലൊരാരം ഇന്നലെ വരെ ശക്തിപൂവ്വം വാദിച്ചിരുന്ന ആദശത്തെ ഇന്നു സ്വയം ഖണ്ഡിക്കുകയും മറെറാരാദശത്തിന്നുവേണ്ടി വീറോടെ വാദിക്കുകയും ചെയ്യുന്നതായി ധാരാളം കണ്ടിട്ടുണ്ട്. വയസ്സ്, ബുദ്ധി, അറിവ്, അനുഭവം എന്നിവ

യിലുണ്ടാവുന്ന പുരോഗതിയോടൊപ്പം അവരുടെ ആദർശങ്ങളും നിഷ്പ്രയാസം മാറിക്കൊണ്ടിരിക്കുന്നു.

4. വാദികൾ തങ്ങളുടെ സത്യാവസ്ഥ തെളിയിക്കുവാൻ ഖണ്ഡിതവും അനിഷേധ്യവുമായ തെളിവുകൾ കൊണ്ടുവന്നില്ലെന്നതൊഴിച്ച് അവരെ എതിർക്കുവാൻ നിഷേധികളുടെപക്കൽ മറെറാരു ന്യായമില്ല. 'ബൾബുകളും പങ്കകളും മററും ബന്ധപ്പെട്ട് കിടക്കുന്നുവെന്ന് വാദികൾ പറയുന്ന ആ സൂക്ഷ്മവയറുകൾ ഞങ്ങൾക്കവർ കാണിച്ചുതന്നിട്ടില്ല; എലക്ട്രിക്കിൻെറ അസ്തിത്വത്തെ അനുഭവത്തിൽ പ്രത്യക്ഷമായി അവർ തെളിയിച്ചിട്ടില്ല. പവർഹൗസോ അതിലെ യന്ത്രശകലങ്ങളോ ഞങ്ങൾക്കവർ കാണിച്ചുതന്നിട്ടില്ല; അവിടത്തെ പ്രവർത്തകന്മാരും എഞ്ചിനീയറുമായി നേരിൽ ഞങ്ങളെ പരിചയപ്പെടുത്തിയിട്ടുമില്ല; പിന്നെ ഇതൊക്കെ പരമാർത്ഥമെന്നു ഞങ്ങളെങ്ങിനെ വിശ്വസിക്കും?' എന്നൊക്കെയാണ് നിഷേധികൾക്ക് പറയുവാനുള്ളത്.

### വാദികളുടെ നില ഇതാണ്:

(1) അവരെല്ലാം ഏകാഭിപ്രായക്കാരാണ്. വാദത്തിൻെറ എല്ലാ മൗലികതത്വങ്ങളിലും അവർക്കിടയിൽ പരിപൂർണ്ണ യോജിപ്പുണ്ട്.

(2) സാധാരണക്കാരുടെ പക്കലില്ലാത്ത ഒരു വിജ്ഞാനമാർഗ്ഗം തങ്ങളുടെ പക്കലുണ്ടെന്നു അവരെല്ലാം ഏകകണ്ഠമായി വാദിക്കുന്നു.

(3) ഊഹത്തേയോ അനുമാനത്തേയോ ആസ്പദിച്ചാണ് തങ്ങളിങ്ങിനെ വാദിക്കുന്നതെന്നു അവരിൽ ഒരു വ്യക്തിപോലും പറഞ്ഞിട്ടില്ല. മറിച്ച്, എഞ്ചിനീയറുമായി ഞങ്ങൾക്ക് പ്രത്യേക ബന്ധമുണ്ടെന്നും അയാ

ളുടെ ജോലിക്കാരുമായി ഞങ്ങൾ അടുത്തിടപെടാറുണ്ടെന്നും യന്ത്രശാല അയാൾ ഞങ്ങൾക്ക് കാണിച്ചുതന്നിട്ടുണ്ടെന്നും ഞങ്ങൾ വല്ലതും പറയുന്നുണ്ടെങ്കിൽ അത് ഊഹത്തിന്റെയോ അനുമാനത്തിന്റെയോ അടിസ്ഥാനത്തിലല്ല, ശരിയായ ജ്ഞാനത്തേയും ദൃഢവിശ്വാസത്തേയും ആധാരമാക്കി മാത്രമാണെന്നും അവരെല്ലാം ഏകസ്വരത്തിൽ പ്രഖ്യാപിക്കുന്നുണ്ട്.

(4) അവരിലാരെങ്കിലും തങ്ങളുടെ വാദത്തിൽ അണുവോളം മാററമോ തിരുത്തമോ വരുത്തിയെന്നതിന്നു ഒററ ഉദാഹരണംപോലും അവരുടെ ചരിത്രത്തിൽ ലഭിക്കയില്ല. അവരിലോരോ വ്യക്തിയും അയാളുടെ വാദത്തിന്റെ ആരംഭംമുതൽ അന്ത്യശ്വാസംവരെ ഒരേ ഒരു വാക്കാണ് പറഞ്ഞുകൊണ്ടിരുന്നത്.

(5) അവരുടെ സ്വഭാവചര്യകൾ അങ്ങേയററം പരിശുദ്ധവും കളങ്കരഹിതവുമാണ്. വഞ്ചന, കളവ്, കുതന്ത്രം തുടങ്ങിയവ അവരെ തീണ്ടുകപോലും ചെയ്തിട്ടില്ല. മററെല്ലാ ജീവിത ഏടവാടുകളിലും സത്യസന്ധരും വിശ്വസ്തരും പരിശുദ്ധരുമായ അവർ ഈയൊരു പ്രത്യേകവിഷയത്തിൽ മാത്രം ഒന്നായി കളവുപറയുന്നവരാകാൻ യാതൊരു കാരണവുമില്ല.

(6) ഈ വാദമുന്നയിക്കുന്നതുകൊണ്ട് അവരുടെ ഉദ്ദേശ്യം ഭൗതികമായ വല്ല സ്വകാര്യ താല്പര്യവുമാണെന്നതിന്നു യാതൊരു തെളിവുമില്ല. എന്നല്ല, ഈ വാദത്തിന്റെപേരിൽ അവരിൽ മിക്കപേരും ഭയാനകമായ യാതനകളും അവർണ്ണനീയമായ കഷ്ടാരിഷ്ടതകളും അനുഭവിച്ചിട്ടുള്ളവരാണെന്നു തെളിയുന്നുമുണ്ട്. അവർ അക്രമമർദ്ദനങ്ങൾ സഹിച്ചു; ജയിൽ വാസം വരിച്ചു; അടിയും ഇടിയും ഏററും അനുഭവിച്ചു; സ്വഗൃഹത്തിൽനിന്നും

സ്വരാജ്യത്തുനിന്നും ബഹിഷ്കൃതരായി; ചിലർ ഈർച്ച്ച വാൾകൊണ്ട് ഈർന്നു പിളക്കപ്പെട്ടുകകൂടി ചെയ്തു. ഏതാനുംപേരൊഴിച്ച് മററാക്കുംതന്നെ സുഖസമാധാനത്തോടെ ജീവിതം നയിക്കാൻപോലും ഭാഗ്യം സിദ്ധിച്ചില്ല. അതിനാൽ സ്വാർത്ഥതാല്പര്യത്തിൻെറ അപരാധം അവരുടെമേൽ ആരോപിക്കുക തീരെ സാധ്യമല്ല. മറിച്ച്, ഇത്രയും പ്രതികൂലമായ പരിതഃസ്ഥിതിയിൽ പോലും തങ്ങളുടെവാദത്തിൽ അചഞ്ചലരായി അടിയുറച്ച് നിലകൊണ്ടുവെങ്കിൽ അത് തെളിയിക്കുന്നത് അവക്ക് അവരുടെ സത്യാവസ്ഥയിൽ പതറാത്ത വിശ്വാസമുണ്ടായിരുന്നുവെന്നാണ്. അതുകൊണ്ടുതന്നെയാണ് സ്വജീവൻ ബലിയപ്പിച്ചും അവർ തങ്ങളുടെ വാദത്തിൽ ഉറച്ചുനിന്നത്.

(7) അവർ ഭ്രാന്തന്മാരോ, ബുദ്ധിമാന്ദ്യം സംഭവിച്ചവരോ ആണെന്നതിന്നു യാതൊരുതെളിവുമില്ല. ജീവിതത്തിൻെറ സകല ഏടവാടുകളിലും അവരെല്ലാം അങ്ങേഅററത്തെ സമത്ഥരും വിവേകികളും ബുദ്ധിമാന്മാരുമായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. അവരുടെ കഠിന ശത്രുക്കൾപോലും ആ പരമാത്ഥം സമ്മതിക്കുന്നുണ്ട്. എന്നിരിക്കെ ഇയ്യൊരു പ്രത്യേകവിഷയത്തിൽ മാത്രം അവക്കെല്ലാം ഭ്രാന്ത് പിടിപെട്ടുപോയെന്നു എങ്ങിനെ സംശയിക്കും? അവരെ സംബന്ധിച്ചിടത്തോളം ഇത് അങ്ങേഅററം ഗൗരവതരമായ ഒന്നായിരുന്നു. ഇതവരുടെ ജീവന്മരണപ്രശ്നമായിരുന്നു. ഇതിന്നുവേണ്ടി അവർ മുഴുവൻ ലോകത്തോടും എതിരിട്ടുന്നു; നൂററാണ്ടുകളോളം ലോകത്തോട് അവർ പൊരുതിനിലകൊള്ളുന്നു. അവരുടെ യുക്തിയുക്തമായ ശിക്ഷണങ്ങളുടെ-അവ യുക്തിയുക്തമാണെന്നു നിഷേധികളിൽതന്നെ പലരുംസ

മ്മതിക്കുന്നുണ്ട്. അടിസ്ഥാനതത്വവും അതുതന്നെയാണു.

(8) എഞ്ചിനീയറേയോ അയാളുടെ ജോലിക്കാരേയോ അയാളുടെ രഹസ്യയന്ത്രശാലയേയോ ഞങ്ങൾ കാണിച്ചുതരാമെന്നു അവർതന്നെയും ജനങ്ങളോട് പറയുന്നില്ല. ഞങ്ങളുടെ വാദം പ്രത്യക്ഷത്തിൽ അനുഭവഗോചരമായി കാണിക്കാമെന്നും അവൎക്ക് വാദമില്ല. അതെല്ലാം "ഗൈബ്" (അദൃശ്യം) ആണെന്നാണ് അവർതന്നെയും പറയുന്നത്. ഞങ്ങളെ വിശ്വസിക്കുകയും ഞങ്ങൾ പറയുന്നത് സമ്മതിക്കുകയും ചെയ്യേണമെന്നേ അവർ വാദിക്കുന്നുള്ളു.

ഇരു കക്ഷികളുടേയും നിലപാടും വാദമുഖങ്ങളും പരിശോധിച്ചശേഷം ഇപ്പോൾ ബുദ്ധിയുടെ കോടതി വിധി പുറപ്പെടുവിക്കുകയാണ്.

അത് പറയുന്നു: പ്രത്യക്ഷത്തിൽകണ്ട പ്രതിഭാസങ്ങളുടെ ആന്തരകാരണങ്ങൾ കണ്ടുപിടിക്കുവാൻ ഇരുകക്ഷിയും പരിശ്രമിക്കുകയും ഓരോകക്ഷിയും തങ്ങളുടെ അഭിപ്രായങ്ങൾ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. പ്രഥമദൃഷ്ടിയിൽ രണ്ടുവിഭാഗത്തിൻെറ ആദൎശങ്ങളും ചിലവിധത്തിൽ ഒരേ നിലക്കുള്ളതാണ്. ഒന്നാമതായി, ആരുടെ അഭിപ്രായവും യുക്തിവിരുദ്ധമല്ല. എന്നുവെച്ചാൽ യുക്തിയുടെ നിയമമനുസരിച്ച് ഒരാദൎശത്തെക്കുറിച്ചും അത് ശരിയാവുക അസാദ്ധ്യമെന്നു പറഞ്ഞുകൂടാ. രണ്ടാമതായി അവയിലൊരഭിപ്രായവും ശരിയാണെന്നു അനുഭവം വഴിക്കോ ദൃക്സാക്ഷ്യം കൊണ്ടോ തെളിയിക്കുക സാദ്ധ്യമല്ല. തങ്ങളുടെ ആദൎശം എല്ലാവരും സ്വീകരിക്കാൻ നിർബ്ബന്ധിതരാകത്തക്കവണ്ണം ശാസ്ത്രീയമായ തെളിവ് നല്കുവാൻ ഒന്നാംവിഭാഗത്തിന്നോ രണ്ടാം വിഭാഗത്തിന്നോ സാദ്ധ്യമല്ല; അങ്ങിനെ ഒരു

കക്ഷിയും വാദിക്കുന്നുമില്ല. എന്നാൽ കൂടുതൽ സൂക്ഷ്മമായ നിരീക്ഷണപരീക്ഷണങ്ങൾക്കുശേഷം രണ്ടാമത്തെ കക്ഷിയുടെ അഭിപ്രായത്തിന്നു മുൻഗണന നല്കാവുന്ന ചില സംഗതികൾ പുറത്തുവരുന്നുണ്ട്:

(1) ബുദ്ധിമാന്മാരും സത്സ്വഭാവികളും ഉത്തമന്മാരും സത്യസന്ധന്മാരുമായ ഇത്രയധികം ജനങ്ങൾ യോജിച്ചുകൊണ്ട് ഇത്ര ശക്തിയോടും വീറോടും ദൃഢവിശ്വാസത്തോടുംകൂടി മറെറാരാദൎശത്തേയും അനുകൂലിച്ചിട്ടില്ല.

(2) ഇത്തരം പരിശുദ്ധന്മാരായ അസംഖ്യം സജ്ജനങ്ങൾ വിവിധ കാലങ്ങളിലും സ്ഥലങ്ങളിലുമായി, തങ്ങളുടെ പക്കൽ അസാധാരണമായ വിജ്ഞാനമാൎഗ്ഗമുണ്ടെന്ന വാദത്തിൽ യോജിക്കുകയും ആ മാൎഗ്ഗേണ, പുറത്തു പ്രകടമായി കാണുന്ന സംഗതികളുടെ ആന്തര കാരണങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നുവെന്ന സംഗതി അവരുടെ വാദം സ്വീകരിക്കുവാൻ പ്രേരണ നൽകുന്നുണ്ട്; തങ്ങൾക്ക് കിട്ടിയ അറിവുകളെക്കുറിച്ചുള്ള അവരുടെ പ്രസ്താവനകൾ തമ്മിൽ തീരെ ഭിന്നിപ്പ് കാണുന്നില്ലെങ്കിൽ, അവർ നല്കുന്ന അറിവുകൾ ബുദ്ധിവിരുദ്ധമല്ലെങ്കിൽ, സാധാരണക്കാരിൽ കാണപ്പെടാത്ത ചില പ്രത്യേക കഴിവുകൾ ചില പ്രത്യേക വ്യക്തികൾക്കുണ്ടാകുന്നത് യുക്തിനിയമപ്രകാരം അസംഭവ്യമാകുന്നില്ലെങ്കിൽ പിന്നെ അവരെ കളവാക്കുവാൻ യാതൊരു കാരണവും കാണുന്നില്ല.

(3) ബാഹ്യ പ്രകടനങ്ങളുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുമ്പോഴും രണ്ടാം കക്ഷിയുടെ അഭിപ്രായം

ശരിയാകുവാനാണ് കൂടുതൽ ന്യായം കാണുന്നത്. കാരണം, ബൾബുകളും പങ്കകളും വാഹനങ്ങളും യന്ത്രശാലകളും മററും സ്വയമങ്ങു പ്രകാശിക്കുന്നതും ചലിക്കുന്നതുമല്ല; അങ്ങിനെയാണെങ്കിൽ പ്രകാശിക്കലും ചലിക്കലും അവയുടെ അധികാരത്തിൽ പെട്ടതാകുമായിരുന്നു; വാസ്തവം അതല്ലതാനും. അവ പ്രകാശിക്കുന്നതും ചലിക്കുന്നതും അവയുടെ ധാതുക്കളുടെ സംയോജനഫലമായിട്ടുമല്ല. കാരണം, അവ ചലിക്കുകയോ പ്രകാശിക്കുകയോ ചെയ്യാതിരിക്കുമ്പോഴും ആ സംയോജനം നിലവിലുണ്ട്. അവ വിവിധ ശക്തികൾക്കധീനമാണെന്ന വാദവും ശരിയായി തോന്നുന്നില്ല. കാരണം, ബൾബുകൾ പ്രകാശിക്കാതിരിക്കുമ്പോൾ പങ്കകളുടെ കറക്കവും മിക്കപ്പോഴും നിന്നുപോകുന്നു, വാഹനങ്ങളുടെ ഗതാഗതവും നിലച്ചു പോകാറുണ്ട്; യന്ത്രശാലകൾ ചലിക്കാറുമില്ല. അതിനാൽ, ബാഹ്യ പ്രതിഭാസങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് ഒന്നാംവിഭാഗമുന്നയിക്കുന്ന ആദർശങ്ങളെല്ലാം ബുദ്ധിക്കും അനുമാനത്തിനും കൂടുതൽ വിദൂരമായിട്ടാണ് കാണുന്നത്. ആ ബാഹ്യ പ്രതിഭാസങ്ങളിലെല്ലാം ഒരേ ശക്തി മാത്രമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും, ആ ശക്തിയെ ഒരു നിശ്ചിത വ്യവസ്ഥയനുസരിച്ച് വിവിധ തരത്തിൽ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന, വിവേകിയും യുക്തിമാനുമായ. ഒരുവൻെറ കയ്യിലാണ് അത് നിക്ഷിപ്തമായിരിക്കുന്നതെന്നുമുള്ള വാദമാണ് കൂടുതൽ ന്യായമായി തോന്നുന്നത്.

ഇനി, 'ഇതൊന്നും ഞങ്ങൾക്ക് മനസ്സിലാകുന്നില്ലെന്നും മനസ്സിലാകാത്ത ഒന്നു സമ്മതിക്കുവാനോ നിഷേധിക്കുവാനോ ഞങ്ങൾക്ക് സാധ്യമല്ലെ'ന്നുമുള്ള സംശയാലുക്കളുടെ വാദമാണെങ്കിൽ, ബുദ്ധിയാകുന്ന ജഡ്ജി

അതും ശരിയാണെന്നു കരുതുന്നില്ല. എന്തുകൊണ്ടെന്നാൽ, ഒരു സംഗതി ശ്രോതാക്കൾക്ക് മനസ്സിലാവുകയെന്നത് അതിന്റെ സത്യാവസ്ഥക്കുള്ള നിബന്ധനയൊന്നുമല്ല. അത് സത്യമെന്നു സമ്മതിക്കുവാൻ വിശ്വാസയോഗ്യവും നിരന്തരവുമായ സാക്ഷ്യങ്ങൾ മതിയാകുന്നതാണ്. പാശ്ചാത്യദേശത്ത് ആളുകൾ ഇരുമ്പുവണ്ടികളിലിരുന്നു വായുമണ്ഡലത്തിൽ പറക്കുന്നത് ഞങ്ങൾ കണ്ടുവെന്നും, ലണ്ടനിലിരുന്നു, അമേരിക്കയിൽ പാടുന്ന ഗാനം ഞങ്ങൾ കേട്ടുവെന്നും വിശ്വാസയോഗ്യരായ ചിലർ പറഞ്ഞാൽ നമുക്ക് നോക്കാനുള്ളത്, ഇവർ വ്യാജന്മാരോ വിദൂഷകരോ മറ്റോ ആണോ, ഇങ്ങിനെ പറയുന്നതിൽ ഇവൎക്ക് വല്ല സ്വാൎത്ഥതാല്പൎയ്യവുമുണ്ടോ, ഇവൎക്ക് വല്ല ബുദ്ധിമാന്ദ്യവും സംഭവിച്ചിട്ടുണ്ടോ എന്നു മാത്രമാണ്. ഇവർ വ്യാജരോ വിദൂഷകരോ ഭ്രാന്തരോ ഒന്നുമല്ലെന്നും ഇവരുടെ പ്രസ്താവനയുമായി യാതൊരു സ്വാൎത്ഥതാല്പൎയ്യവും ബന്ധിച്ചു കിടക്കുന്നില്ലെന്നും വ്യക്തമായിതെളിഞ്ഞാൽ, യാതൊരഭിപ്രായവ്യത്യാസവും കൂടാതെ സത്യസന്ധരും ബുദ്ധിമതികളുമായ അനേകം സജ്ജനങ്ങൾ സഗൗരവം അങ്ങിനെ പ്രസ്താവിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുകയും ചെയ്താൽ നിസ്സംശയം നാമത് വിശ്വസിക്കുന്നു. ലോഹ വാഹനങ്ങൾ ആകാശത്ത് പറക്കുന്നതും യാതൊരു ദൃശ്യബന്ധവും കൂടാതെ ഒരു സ്ഥലത്തെ പാട്ട് അനേകായിരം മൈൽ ദൂരം കേൾക്കുന്നതും എങ്ങിനെയെന്നു ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിലും നാമതു വിശ്വസിക്കുകതന്നെ ചെയ്യുന്നു.

ഈ വിഷയകമായി ബുദ്ധിയുടെ വിധി ഇതാണ്. പക്ഷെ, "ഈമാൻ" എന്നറിയപ്പെടുന്ന അചഞ്ചലമായ ദൃഢവിശ്വാസത്തിന്റെ അവസ്ഥ ഇതുകൊണ്ട്

മാത്രം സംജാതമാകുന്നതല്ല. അതിന്നു മനഃസാക്ഷിയുടെ ആവശ്യംകൂടിയുണ്ടു്; മനസ്സംതൃപ്തിയും അത്യാവശ്യമാണു്; നിഷേധത്തിന്റെയും സന്ദേഹത്തിന്റേയും മുഴുവൻ കരിനിഴലും നിശ്ശേഷം തുടച്ചുനീക്കുവാനും, ജനങ്ങളുടെ അനുമാനാഭിപ്രായങ്ങൾ തെററാണെന്നും വിജ്ഞാനത്തിന്റേയും സൂക്ഷ്മദൃഷ്ടിയുടേയും അടിസ്ഥാനത്തിൽ-അനുമാനത്തെ ആസ്പദിച്ചല്ല-സജ്ജനങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണു് ശരിയെന്നും ഉച്ചത്തിൽ പ്രഖ്യാപിക്കുവാനുമുപയുക്തമായ ഒരാന്തരവിളിയും അതിന്നാവശ്യം ആവശ്യമാണു്!

# സങ്കുചിത വീക്ഷണം

"ഒന്നു രണ്ട് വയസ്സ് പ്രായമായ അഴകുള്ള ഒരു ശിശു പനിയും അസഹ്യമായ വേദനയും നിമിത്തം നരകിക്കുകയാണ്. കഠിനഹൃദയനായ ഒരു വ്യക്തിക്കു പോലും അതനുഭവിക്കുന്ന യാതനകളും വേദനകളും കണ്ടുകൊണ്ടിരിക്കുക സാധ്യമല്ല. വേദനയകറ്റുവാനായി ചിലപ്പോഠം അത് മാതാപിതാക്കളെ നോക്കുന്നു; എത്ര കൈപ്പേറിയ മരുന്നു കുടിക്കുവാനും ഡാക്ടരുടെ മുമ്പിൽ വാ പിളക്കുന്നു. ഈ വിഷമാവസ്ഥയിൽ ഒരു രാപ്പകൽ കഴിച്ചുകൂട്ടി അവസാനം തൻെറ മാതാപിതാക്കളെ എന്നെന്നേക്കുമായി വിട്ടുപിരിയുന്നു. ഈ കഷ്ടാരിഷ്ടതകളും മരണവേദനയും കണ്ടുനില്ക്കുന്നവരുടെ ഹൃദയത്തിൽ ഒരു ചോദ്യമുദിക്കുന്നുണ്ട്: സ്നേഹാനുകമ്പയുടെയും കാരുണ്യത്തിൻെറയും ഉറവിടമായ അല്ലാഹു നിരപരാധികളായ ഇത്തരം പിഞ്ചുപൈതങ്ങളെ ഇത്ര കഠിനമായ യാതനകഠംക്ക് വിധേയരാക്കുന്നത് എന്തിനാണ്? "അടിമകളെ അക്രമിക്കുന്നവനല്ല് ഞാൻ" എന്നാണല്ലോ അവൻതന്നെ അറിയിക്കുന്നത്!"

ഒരു മാന്യൻ അയച്ച കത്തിലെ ഉള്ളടക്കമാണിത്. അദ്ദേഹത്തിൻെറ ഹൃദയത്തിലുദിച്ച ഇതേ ചോദ്യം, രോഗം, മരണം തുടങ്ങിയ അത്യാഹിതങ്ങൾക്ക് ദൃക്സാക്ഷികളാകുന്ന എല്ലവരുടെയും ഹൃദയത്തിൽ വിവിധ രൂപങ്ങളിലായി ഉദയം ചെയ്യാറുണ്ട്. മഹാരോഗങ്ങൾ പിടിപെട്ട് നിസ്സഹായാവസ്ഥയിലായി ആയിരക്കണക്കിനാളുകൾ മരിക്കുന്നു; ഭൂകമ്പത്താൽ അനവധി വീടുകൾ തകൻ് തരിപ്പണമാകുന്നു; ജലപ്രളയത്തിൽപെട്ട് കണക്കററ ജനം ആപത്തുകൾക്ക് വിധേയരാകുന്നു; വിവിധതരത്തിലുള്ള ഭയങ്കരരോഗങ്ങളിൽപെട്ട മനുഷ്യർ ദയനീയമാംവണ്ണം നരകിക്കുന്നു—ഇത്തരം വിഷമാവസ്ഥകളോരോന്നും കാണുമ്പോൾ മനുഷ്യഹൃദയത്തിൽ ഒരു ചോദ്യം സ്വയമേവ ഉത്ഭവിക്കുന്നു: ദയാലുവും കരുണാനിധിയുമായ അല്ലാഹ്, തൻെറ കരുണാകടാക്ഷത്തിലും ലോകസംരക്ഷണത്തിലും അഭിമാനം കൊള്ളുന്ന അല്ലാഹ്, താൻ അക്രമിയല്ലെന്നു സ്വയം സഖ്യാപിക്കുന്ന അല്ലാഹ് തൻെറ അടിമകളുടെമേൽ ഇത്തരം കഠിന വിപത്തുകൾ എന്തിനാണിറക്കുന്നത്? അവൻ സ്വയം സൃഷ്ടിക്കുകയും, വേദനകളെയും യാതനകളെയും കുറിച്ച് ബോധം നല്കുകയും ചെയ്ത അതേ സൃഷ്ടികളെ എന്തിനാണ് ഇത്തരം കഷ്ടപ്പാടുകൾക്ക് വിധേയരാക്കുന്നത്? ചിലർ ഈ വിഷയത്തിൽ കുറച്ചു കൂടി മുന്നോട്ട കടന്നു, ദൈവകോപത്തിൻെറ ഇത്തരം അടയാളങ്ങൾ, ദയാലുവും കരുണാനിധിയുമെന്ന അല്ലാഹുവിൻെറ ഗുണത്തിന്നു നിരക്കാത്തതാണെന്നുപോലും ധരിച്ചുവശാകുന്നു. ദൈവമെന്നത് അന്ധമായൊരു ശക്തി(Blind force)യാണെന്നും .മററുള്ളവരുടെ സുഖദുഃഖങ്ങളെക്കുറിച്ച് അതിന്നു യാതൊരറിവുമില്ലെന്നും ബോധമോ വിവേകമോ ഒന്നുമില്ലാതെ നിർമ്മാണ-സംഹാര

പ്രക്രിയയിൽ അത് ചുമ്മാ ഏല്പ്പെട്ടിരിക്കയാണെന്നും അവർ തെററിദ്ധരിക്കുന്നു.

സ്വതന്ത്രാസ്തിത്വങ്ങളുള്ള പ്രത്യേകം പ്രത്യേകം ഭാഗങ്ങളുൾക്കൊള്ളുന്നതല്ല പ്രപഞ്ചമെന്നും എല്ലാ ഭാഗങ്ങളും പരസ്പരം തികച്ചും ബന്ധിക്കപ്പെട്ടുകിടക്കുന്ന ഒരു സമാഹാരമാണതെന്നുമുള്ള നിഗമനത്തിൽ, പ്രാപഞ്ചിക വ്യവസ്ഥയെക്കുറിച്ചും ആകാശഭൂമികളാകുന്ന മഹാസാമ്രാജ്യത്തെക്കുറിച്ചും അവഗാഢമായി ചിന്തിച്ചിട്ടുള്ളവരെല്ലാം എത്തിച്ചേൎന്നിട്ടുണ്ട്. മനുഷ്യൻെറ ഒരു തലമുടി അവൻെറ കയ്യിലെ ഓരോ രോമകൂപവുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ, ഭൂമിയിലെ ഒരണു ഇതരഗോളങ്ങളിലെ ഓരോ അണുവുമായും അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. എന്നുവെച്ചാൽ അഖിലപ്രപഞ്ചം ഏകശരീരംപോലെയാണ്. അതിലെ വിവിധഭാഗങ്ങൾ തമ്മിലുള്ള ബന്ധം, ഒരു ശരീരത്തിലെ അവയവങ്ങൾ തമ്മിലുള്ള ബന്ധമാണ്. മാത്രമല്ല, പ്രപഞ്ചഘടകങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുപോലെതന്നെ അതിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ തമ്മിലും അഭേദ്യ ബന്ധമുണ്ട്. ചെറുതാവട്ടെ, വലുതാവട്ടെ, ലോകത്തിലെ യാതൊരു സംഭവവും ഒററപ്പെട്ട ഒരു പ്രത്യേകസംഭവമല്ല. മറിച്ച്, അഖില പ്രപഞ്ച സംഭവശൃംഖലയുടെ ഒരു കണ്ണിമാത്രമാണത്; ലോകസ്രഷ്ടാവ് അതിഗംഭീരവും നിസ്സീമവുമായ തൻെറ മഹാസാമ്രാജ്യത്തെ വ്യവസ്ഥാപിതമായി നടത്തിക്കൊണ്ടിരിക്കുന്നതിന്നു നിദാനമായ അതേ പൊതുനന്മയ്ക്കു് വിധേയമായിട്ടുതന്നെയാണ് അതു പ്രത്യക്ഷത്തിൽ വരുന്നതു്. ഇവിടെ ഒരു സംഗതി പ്രത്യേകം ചിന്താൎഹമായിരിക്കേണ്ടതുണ്ട്; അതായത്,

അഖിലപ്രപഞ്ചത്തെ ഒന്നായി വീക്ഷിക്കുന്നതിനുപക രം, ഒരണുവിനു സൂക്ഷ്മമായുള്ളത്രപോലും ബന്ധമില്ലാത്ത അതിനിസ്സാരമായ ഒരു പ്രപഞ്ചാംശത്തിൽമാത്രം ദൃഷ്ടിപരിമിതമായിരിക്കുന്ന ഒരു വ്യക്തി, ലോക സംഭവങ്ങളുടെ മുഴുശ്രുംഖലയ്ക്കുപകരം അതിരുംകണക്കുമില്ലാത്ത അതിന്റെ കണ്ണികളിൽ ഒന്നുരണ്ടെണ്ണം മാത്രം കൺമുമ്പിലിരിക്കുന്ന ഒരു വ്യക്തി, പ്രപഞ്ചത്തിലെ അത്തരം നിസ്സാരവശങ്ങളെയും സംഭവങ്ങളുടെ ചില കണ്ണികളേയുംകൂടി കേവലം ഉപരിപ്ലവമായിട്ടല്ലാതെ വീക്ഷിക്കുവാൻ കഴിവില്ലാത്തവനും അവയുടെ ആന്തരയാഥാത്ഥ്യങ്ങളോളം ചെന്നെത്തുവാനുള്ള യാതൊരുപകരണവും കൈവശമില്ലാത്തവനുമായ ഒരു വ്യക്തി, തനി ശാഖോപരമായ ഒരു സംഭവം കണ്ട് അതിന്റെ യുക്തിയേയും ഫലത്തേയുംകുറിച്ച് അഭിപ്രായം രൂപീകരിക്കുവാൻ എങ്ങിനെ അഹ്നാകും? അങ്ങിനെ വല്ല അഭിപ്രായവും രൂപീകരിക്കുവാൻ ഒരാൾ മുതിരുകയാണെങ്കിൽ അതെങ്ങിനെ ശരിയാരിക്കും?

പ്രപഞ്ചവ്യവസ്ഥയും ദൈവത്തിന്റെ ദിവ്യതപരിധിയും വിട്ടേയ്ക്കുക; കാരണം, അതിനെക്കുറിച്ച് വിഭാവനം ചെയ്യുമ്പോൾതന്നെ നമ്മുടെ ഹൃദയം തളന്നുപോകുന്നു. അതിപരിമിതങ്ങളായ മനുഷ്യഭരണകൂടങ്ങളെ മാത്രം എടുത്തുനോക്കുക. മന്ത്രിപദത്തിലോ രാജസിംഹാസനത്തിലോ ഇരുന്നു ഭരണകൂടത്തെ നയിച്ചുകൊണ്ടിരിക്കുന്ന വ്യക്തി നമ്മെപ്പോലുള്ള ഒരു മനുഷ്യൻ തന്നെയാണ്; പ്രകൃത്യായുള്ള കഴിവുകളനുസരിച്ചു നമുക്ക് അയാളുമായി വലിയ അന്തരമൊന്നുമില്ല; അയാളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും കത്തവ്യങ്ങളുമൊക്കെ ഗ്രഹിക്കുവാനും നിവ്വഹിക്കുവാനുമുള്ള കഴിവും

യോഗ്യതയും നമുക്കുമുണ്ട്. പക്ഷെ, അയാൾ ഭരണപീഠത്തിലിരുന്നു മുഴവൻ ഭരണകൂടത്തിന്റെയും വ്യവസ്ഥ നോക്കിക്കൊണ്ടിരിക്കയാണ്; നാമാകട്ടെ, പ്രസ്തുത വ്യവസ്ഥയിൽനിന്നു ഒരു വിധത്തിൽ ബന്ധമില്ലാത്തവരായി അകന്നു നിലക്കൊള്ളുകയാണ്. ഈ ഒരു വ്യത്യാസം കാരണമായി നമുക്കും അയാൾക്കുമിടയ്ക്ക് എത്ര വമ്പിച്ച അന്തരമാണുണ്ടായിത്തീരുന്നത്? അയാളുടെ ഇടപാടുകളെ പ്രായോഗികമായി ശരിക്കും ഗ്രഹിക്കുവാൻ നമുക്ക് സാധിക്കുന്നില്ല; ശാഖാപരമായ ഒരു സംഭവം നമ്മുടെ മുമ്പിൽ വരികയാണെങ്കിൽ അതിന്റെ ആവശ്യകതയും ഉദ്ദേശ്യവും നമുക്ക് വേണ്ടത്ര മനസ്സിലാകുന്നില്ല; മനുഷ്യനും മനുഷ്യനും തമ്മിൽ നിലപാടി(*Position*)ൽ മാത്രം വ്യത്യാസമുണ്ടാകുമ്പോഴേയ്ക്കും ഇത്ര വലിയ മാററം സംഭവിക്കുന്നുവെങ്കിൽ, ദൈവത്തിനും മനുഷ്യനുമിടയ്ക്ക് എത്ര വമ്പിച്ച മാററമാണ് സംഭവിക്കുകയെന്നു സ്വയം ഗ്രഹിച്ചുകൊള്ളുക. മനുഷ്യനും ദൈവവുമായി നിലപാടിൽ മാത്രമല്ല, യാഥാർത്ഥ്യത്തിൽതന്നെ വമ്പിച്ച അന്തരമുണ്ട്. ദൈവം അഖില പ്രപഞ്ചത്തിലാണ് ഭരണം നടത്തുന്നത്. നാമാകട്ടെ അവന്റെ മഹാസാമ്രാജ്യത്തിലെ അങ്ങേഅററം അഗണ്യമായ ഒരു മൂലയിൽ സ്ഥിതിചെയ്യുകയാണ്. അവന്റെ അറിവും യുക്തിയും സാമർത്ഥ്യവും കഴിവും അഖില ലോകത്തും വ്യാപരിച്ചു കിടക്കുന്നു; നമ്മുടെ അറിവും കഴിവുമാകട്ടെ സ്വദേഹത്തിലെ ആന്തരയാഥാർത്ഥ്യങ്ങൾ വരെപോലും എത്തുന്നില്ല. അവൻ അതിരററ ശക്തിയുടെ ഉടമസ്ഥനാണ്; അതിന്റെ യാതൊരംശവും നമ്മുടെ പക്കലില്ല. ഇത്ര വമ്പിച്ച വ്യത്യാസത്തോടൊ

പ്പം അവൻെറ പ്രവൎത്തനത്തെ നാം വിമൎശിക്കുകയും അതിൻെറ യുക്തിയേയും ഉദ്ദേശ്യത്തേയും കുറിച്ച് സ്വയമഭിപ്രായം രൂപീകരിക്കുകയുമാണെങ്കിൽ അത്, ഒരു വങ്കൻ തൻെറ ചെററക്കുടിലിലിരുന്നു ഒരു മഹാസാമ്രാജ്യാധിപനെ യാതൊന്നുമറിയാതെ വിമൎശിക്കുന്നതിനെക്കാൾ അവിവേകവും വിഡ്ഢിത്തവുമായിരിക്കയില്ലേ?

ഇതിലും വ്യക്തമായ മററൊരുദാഹരണമെടുക്കാം: നിങ്ങളൊരു തോട്ടക്കാരനെന്നു വിചാരിക്കുക; വളരെ അധ്വാനിച്ചു വൃക്ഷലതാദികൾ നട്ടുപിടിപ്പിക്കയും ഭംഗിയിലും ചിട്ടയിലും അതിനെ വളൎത്തുന്നതിൽ മുഴുവൻ കഴിവും സാമൎത്ഥ്യവും വിനിയോഗിക്കയും ചെയ്തിട്ടുള്ള നിങ്ങൾക്ക് ആ തോട്ടത്തിലെ ഓരോ മരത്തോടും ചെടിയോടും വള്ളിയോടും അളവററ സ്നേഹമുണ്ടായിരിക്കുമെന്നതിൽ സംശയമില്ല. അവയെ സംരക്ഷിച്ചു വളൎത്തുന്നതിൽ നാനാവിധത്തിലും നിങ്ങൾക്ക് ശ്രദ്ധയുണ്ടായിരിക്കും; അവയെ അനാവശ്യമായി മുറിക്കുന്നതും പറിക്കുന്നതും ഒരിക്കലും നിങ്ങളിഷ്ടപ്പെടുകയില്ല; മററാരെങ്കിലും അവ മുറിച്ചിടുന്നത് നിങ്ങൾക്ക് തീരെ സഹിക്കാനാവുകയില്ല. സന്തോഷം, ദുഃഖം, വേദന, ആനന്ദം എന്നിവ സസ്യങ്ങൾക്കുണ്ടെന്നു ശാസ്ത്രത്തിൻെറ വെളിച്ചത്തിൽ നിങ്ങൾ അറിഞ്ഞുകഴിഞ്ഞിട്ടുള്ളതാണല്ലോ. വൃക്ഷലതാദികളുടെമേൽ കോടാലിയോ കത്തിയോ നടത്തുന്നപക്ഷം അവക്കും വേദനയും ദുഃഖവുമുണ്ടാകുമെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കും. അവയവങ്ങൾ ഛേദിക്കപ്പെടുന്നതിലും, സന്തതികൾ(ഫലങ്ങൾ) വിട്ടുപിരിയുന്നതിലും, അവക്കും വ്യസനമുണ്ടായിരിക്കും. എന്നാൽ

ഉദ്യാനത്തോട്ടുള്ള ഈ സ്നേഹവാത്സല്യത്തിനും ശാസ്ത്രീയമായ ഈ അറിവിനുമൊപ്പം തന്നെ, പൊതുവായ ആവശ്യവും നന്മയും വീക്ഷിച്ച്, നിങ്ങളതിൽ കോടാലിയും കത്തിയും കത്രിയുമുപയോഗിച്ച് കൊമ്പുകളും ചില്ലകളും മുറിച്ചുനീക്കുന്നു; തൈകൾ പറിച്ചൊടിക്കുന്നു; പുല്ലുമുറിച്ചു നിരപ്പാക്കുന്നു; പച്ചയും പഴുത്തതുമായ ഫലങ്ങൾ ആവശ്യാനുസൃതം പറിച്ചെടുക്കുന്നു; കൂമ്പിയതും വിരിഞ്ഞതുമായ പുഷ്പങ്ങൾ നുള്ളിയെടുക്കുന്നു; പാഴ്ച്ചെടികൾ പറിച്ചെറിയുന്നു; ഉണങ്ങിയ വൃക്ഷങ്ങൾ മുറിച്ചു മാററുന്നു.

വൃക്ഷലതാദികളുടെ വീക്ഷണത്തിൽ ഇതെല്ലാം കടുത്ത അക്രമമാണ്, അനീതിയാണ്. സംസാരിക്കാൻ കഴിവുണ്ടെങ്കിൽ അവ ഇങ്ങിനെ പറയുമായിരുന്നു: 'ഈ തോട്ടക്കാരൻ എത്രക്രൂരനും നിർദ്ദയനും ദ്രോഹിയുമാണ്! നമ്മുടെ അവയവങ്ങൾ ഛേദിക്കുന്നു; സന്താനങ്ങളെ നമ്മിൽനിന്നും വേർപെടുത്തുന്നു; ജീവിതസുഖം അനുഭവിച്ചിട്ടുപോലുമില്ലാത്ത ചെറുതൈകൾ മുറിച്ചെറിയുന്നു; ചെറിയ പഴക്കുലകൾ പറിച്ചെടുക്കുന്നു; വൃദ്ധരെന്നോ ശിശുക്കളെന്നോ യുവാക്കളെന്നോ അവനു നോട്ടമില്ല; പറിച്ചുകൊണ്ടുപോകണമെന്നേ ചിന്തയുള്ളു; ചിലപ്പോൾ ഈ അക്രമി ഒരു യന്ത്രവുമായി വന്നു നമ്മുടെ കുഡുംബത്തിൽപെട്ട ആയിരക്കണക്കായ വ്യക്തികളെ ഒററയടിക്ക് നശിപ്പിക്കുന്നു; ഇത്തരം വ്യക്തി ദയാലുവും കരുണാനിധിയുമാണെന്നു എങ്ങിനെ പറയും? ഇങ്ങിനെയുള്ള ഒരുവൻെറ ഹൃദയത്തിൽ സ്നേഹാനുകമ്പയാകുന്ന പരിശുദ്ധ വികാരങ്ങൾ ഉടലെടുക്കുക തീരെ സാധ്യമല്ല; അവൻ നമ്മെ ഇങ്ങിനെ മുറിക്കുകയും തറിക്കുകയും പറിച്ചെറിയുകയും ചെയ്യുന്നതിൽ

യാതൊരു യുക്തിയും നാം കാണുന്നില്ല. അന്ധവും അബോധവും കുടിലവുമായ ഒരസ്തിത്വമായിട്ടാണ് നാമവനെ മനസ്സിലാക്കുന്നത്; ജ്ഞാനമോ യുക്തിയോ ഉദ്ദേശ്യമോ ഒന്നുംകൂടാതെ ചിലപ്പോൾ അവൻ നമുക്കു വെള്ളംതരുന്നു; ചിലപ്പോൾ നമ്മുടെ മേൽ കത്രി നടത്തുന്നു; ചിലപ്പോൾ നമുക്ക് വളംനല്കുന്നു. ചിലപ്പോൾ കോടാലികൊണ്ട് നമ്മെ മുറിച്ചെറിയുന്നു; ചിലപ്പോൾ നമ്മെ മററുവള്ളവരിൽനിന്നു രക്ഷിക്കുന്നു, ചിലപ്പോൾ സ്വകരങ്ങൾകൊണ്ടുതന്നെ നമ്മെ പറിച്ചോടിക്കുന്നു; ചിലപ്പോൾ നമ്മുടെ രോഗങ്ങൾക്ക് ചികിത്സിക്കുന്നു, ചിലപ്പോൾ സ്വയം ഒരു യന്ത്രവുമായി വന്നു നമ്മെ കൂട്ടക്കൊല നടത്തുന്നു!'

നിങ്ങളുടെ ഉദ്യാനപാലനത്തെ വൃക്ഷങ്ങൾ ഇവ്വിധം നിരൂപണം നടത്തുകയാണെങ്കിൽ നിങ്ങളെന്താണ് മറുപടിപറയുക? ഒരേ ഒരുത്തരമേ നിങ്ങൾക്കുള്ളു; അതായത്, അവയുടെ വീക്ഷണം സങ്കുചിതമാണ്; അവ സ്വന്തം അസ്തിത്വവും അടുത്ത ചുററുപാടും മാത്രമാണ് വീക്ഷിക്കുന്നത്. പക്ഷെ, എനിക്ക് വിശാലമായി വീക്ഷിക്കേണ്ടതുണ്ട്; തോട്ടത്തിൻെറ പൊതു നന്മയും ആവശ്യവുമാണ് ഞാൻ കാണുന്നതു്; അവയ്ക്കു് സ്വന്തം ഫലങ്ങൾ, പുഷ്പങ്ങൾ, ഇലകൾ, ശാഖകൾ എന്നിവയിലാണ് താല്പര്യം; അധികം വന്നാൽ അടുത്തുള്ള ചെടികളും വൃക്ഷങ്ങളുമായി അവ സ്നേഹബന്ധം പുലർത്തിയെന്നും വരാം; എന്നാൽ, എൻെറ ദൃഷ്ടി മുഴുവൻ തോട്ടത്തിൻെറയും നന്മയിലാണ്; ഞാൻ സർവ്വത്തിൻെറയും പൊതു ഗുണത്തിനുവേണ്ടിയാണ് പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നത്; അവിവേകിയായ ഓരോ വൃക്ഷവും, വിഡ്ഢിയായ ഓരോ ചെടിയും മനസ്സിലാക്കുന്നതു, മുഴുവൻ തോട്ടവും, അതിനും അതിൻെറ

 45695

കുടുംബമിത്രാദികൾക്കും വേണ്ടിയാണ് നിർമ്മിച്ചിട്ടുള്ളതെന്നാണ്. എനിക്കവയിലോരോന്നിലും വല്ല താല്പര്യവുമുണ്ടെങ്കിൽ അത് എൻെറ തോട്ടത്തെ പൊതുവിൽ ഉദ്ദേശിച്ചുമാത്രമാണ്. തോട്ടത്തിൻെറ പൊതുനന്മയ്ക്ക് അനുയോജ്യവും ആവശ്യവുമെന്നു തോന്നുന്ന ചെടികളും വൃക്ഷലതാദികളും ഞാൻ സംരക്ഷിച്ച് വളർത്തുന്നു. എന്നാൽ, അവ മുറിക്കയും പറിച്ചുകളകയും മററും ചെയ്യണമെന്നാണ് തോട്ടത്തിൻെറ പൊതുനന്മ ആവശ്യപ്പെടുന്നതെങ്കിൽ ഉടൻ ഞാനത് നിർവ്വഹിക്കുന്നതാണ്. കാരണം, ഓരോ ചെടിയുടേയും വൃക്ഷത്തിൻെറയും വള്ളിയുടേയും വ്യക്തിപരമായ താല്പര്യത്തേക്കാൾ തോട്ടത്തിൻെറ പൊതുതാല്പര്യമാണ് എൻെറ അടുക്കൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നത്. വെറുപ്പും ശത്രുതയും കൊണ്ടാണ് ഞാനതു വെട്ടിമുറിക്കുന്നതെന്നു അവ തെററിദ്ധരിക്കുന്നു. വാസ്തവത്തിൽ അവയുടെ അജ്ഞതയും സങ്കുചിതമനഃസ്ഥിതിയുമാണത് കുറിക്കുന്നത്. തോട്ടത്തിൻെറ പൊതു വ്യവസ്ഥയും നന്മയും മനസ്സിലാക്കാനുള്ള കഴിവും യോഗ്യതയും അവയ്ക്കില്ല. സ്വന്തം ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള ബോധവും സ്വന്തം സുഖജീവിത താല്പര്യവും മാത്രമാണവക്കുള്ളത്. പ്രസ്തുത ബോധത്തിന്നും താല്പര്യത്തിന്നും വിഘ്നം നേരിടുമ്പോൾ, അക്ഷമരായി, എന്നെ അക്രമിയെന്നു അവ സംശയിക്കുകയാണ്. എന്നാൽ യാഥാർത്ഥ്യം അവയുടെ ധാരണക്ക് വിധേയമല്ല. ഇങ്ങിനെ തെററിദ്ധരിക്കുന്നതിനാൽ ഞാൻ യഥാർത്ഥത്തിൽ അക്രമിയാകുന്നില്ല, അവയ്ക്കുവേണ്ടി തോട്ടത്തിൻെറ വ്യവസ്ഥയിൽ മാററം വരുത്തുക സാധ്യവുമല്ല!’

ഈ ചെറിയ ഉദാഹരണത്തെ വിപുലീകരിക്കുന്നപക്ഷം നിങ്ങളുടെ മിക്ക ആക്ഷേപങ്ങളുടേയും ആ

വലാതികളുടേയും ഉത്തരം അതിൽനിന്നു നിഷ്പ്രയാസം ലഭിക്കുന്നതാണ്.

അതിമഹത്തായ ഈ യന്ത്രശാല സൃഷ്ടിച്ച് ചലിപ്പിച്ചുകൊണ്ടിരിക്കുന്നവൻ പരിപൂൎണ്ണ യുക്തിമാനും സൎവ്വജ്ഞനും സൎവ്വശക്തനുമായ ഒരസ്തിത്വമായിരിക്കണമെന്നു പ്രാപഞ്ചിക വ്യവസ്ഥയെക്കുറിച്ച് ചിന്തിക്കുന്നപക്ഷം നമുക്ക് മനസ്സിലാക്കാം. നമ്മിൽ അഭിലാഷങ്ങളങ്കുരിപ്പിച്ചവൻ നമ്മുടെ അഭിലാഷങ്ങളെസ്സംബന്ധിച്ച് അജ്ഞനായിരിക്കാവതല്ല; ബോധം സൃഷ്ടിച്ചവനു നമ്മുടെ ബോധത്തെക്കുറിച്ച് അറിവില്ലാതിരിക്കുക അസാദ്ധ്യമാണ്. ശിശുവിനെ സൃഷ്ടിച്ച് അതിൻെറ സംരക്ഷണാൎത്ഥം മാതാപിതാക്കളുടെ ഹൃദയത്തിൽ സ്നേഹകാരുണ്യം ജനിപ്പിച്ചിട്ടുള്ളവനു, രോഗവും മരണവേദനയുംമൂലം അതിന്നു എത്രമാത്രം ബുദ്ധിമുട്ടുണ്ടാകുമെന്നും അതിൻെറ മാതാപിതാക്കൾ എത്രത്തോളം വ്യസനിക്കുമെന്നും തീൎച്ചയായും അറിയാം. എന്നാൽ ഇതെല്ലാം അറിഞ്ഞിട്ടും, നമ്മെക്കാൾകൂടുതലറിഞ്ഞിട്ടും, അവൻ ശിശുവിനേയും മാതാപിതാക്കളേയും വേദനിപ്പിക്കുകതന്നെചെയ്തു; നമ്മുടെ ബോധത്തെക്കുറിച്ച് അറിയുന്നതോടൊപ്പം അതിനെ അവഗണിക്കുവാൻ ഒരുമ്പെട്ടു; നമ്മുടെ ആശകൾ അറിഞ്ഞിരിട്ടും അതു പൂൎത്തീകരിക്കുവാൻ സന്നദ്ധനായില്ല; എങ്കിൽ നാം മനസ്സിലാക്കേണ്ടതുണ്ട്, അങ്ങിനെ ചെയ്യേണ്ടത് തീൎച്ചയായും ഒരാവശ്യമായിരിക്കുമെന്നു; ആ സൎവ്വജ്ഞന്നറിയാം, അതിലും നല്ല മറെറാരു രൂപം അതിന്നില്ലെന്നു. അങ്ങിനെയുണ്ടായിരുന്നുവെങ്കിൽ ആ ഉത്തമമാൎഗ്ഗമേ അവൻ സ്വീകരിക്കുമായിരുന്നുള്ളു. കാരണം, അവൻ യുക്തിമാനാണ്; ഉത്തമമാൎഗ്ഗം സാദ്ധ്യമായിരുന്നിട്ടും അതു

വിട്ട് അധമമാൎഗ്ഗം സ്വീകരിക്കുമെന്നു യുക്തിമാനെ സംബന്ധിച്ച വിചാരിക്കുവാൻ ഒട്ടും നിവൃത്തിയില്ല. ആ യുക്തി എന്തെന്നു നമുക്ക് സ്വയം മനസ്സിലാക്കുക സാധ്യമല്ല; കാരണം, നമ്മുടെ ദൃഷ്ടി മുഴുലോക വ്യവസ്ഥ നോക്കിക്കാണത്തക്കവിധം വിശാലമല്ല. ലോക വ്യവസ്ഥയുടെ നന്മ എന്തിലാണെന്നോ അതിന്നു ഏതവസരത്തിൽ ഏത് മാൎഗ്ഗമാണാവശ്യമെന്നോ നമുക്കറിഞ്ഞുകൂടാ. പക്ഷെ പ്രപഞ്ചസ്രഷ്ടാവിൻെറ നിസ്സീമ യുക്തിയേയും പരിപൂൎണ്ണ ജ്ഞാനത്തേയും കുറിച്ചുള്ള യഥാൎത്ഥവിശ്വാസം മൊത്തത്തിലെങ്കിലും നമുക്കുണ്ടെങ്കിൽ, ഓരോ വിപത്തുകളാപതിക്കുമ്പോഴും നമുക്ക് മനസ്സിലാക്കാം, അവൻെറ യുക്തി അതായിരിക്കും തേടുന്നത്, അവൻെറ അറിവിൽ അതായിരിക്കും അനുയോജ്യം, നമ്മെ സംബന്ധിച്ചിടത്തോളം അവൻെറ വിധിക്ക് തലകുനിച്ച പൊരുത്തപ്പെടുകയല്ലാതെ ഗത്യന്തരമില്ലഎന്ന്!

കൂടുതൽ ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ മറെറാരു സംഗതികൂടി നമുക്ക് ഗ്രഹിക്കുവാൻ കഴിയുന്നുണ്ട്. അതായത്, പ്രപഞ്ചവ്യവസ്ഥ നടത്തിക്കൊണ്ടിരിക്കുന്ന സർവ്വശക്തൻെറ മുമ്പിൽ ലോകത്തിൻെറ പൊതുനന്മയാണുള്ളത്. അവൻെറ പ്രവൎത്തനങ്ങളിൽ തിന്മയോ നാശമോ ആയി കാണപ്പെടുന്നത് യഥാൎത്ഥത്തിൽ കേവലം ആപേക്ഷികമാണ്. അതായതു, വ്യക്തികളോടു ചേൎത്തിനോക്കുമ്പോൾ തിന്മകളെന്നു പറയാമെങ്കിലും യഥാൎത്ഥത്തിൽ അവയെല്ലാംതന്നെ പൊതുനന്മകൾവേണ്ടിയാണ്. അവ സംഭവിക്കുന്നത് പൊതുനന്മ സാധിക്കുന്നതിന്നു ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരുപാധിയായിരിയ്ക്കും. പ്രസ്തുത

തിന്മകൾ അനിവാര്യമല്ലായിരുന്നുവെങ്കിൽ, അവ കൂടാതെതന്നെ പൊതുനന്മ സാധ്യമായിരുന്നുവെങ്കിൽ യുക്തിമാനും സർവ്വജ്ഞനുമായ ദൈവം ഒരിക്കലും അത് സ്വീകരിക്കുമായിരുന്നില്ല.

നമ്മുടെ സകലവിധ ന്യൂനതകളോടും അജ്ഞതകളോടുമൊപ്പം നാം കഴിവനുസരിച്ച് ചിന്തിക്കുന്നപക്ഷം ഈ പ്രപഞ്ചത്തിന്നു ഇതിലും നല്ല ഒരു വ്യവസ്ഥ സാധ്യമല്ലെന്നു നമ്മുടെ ബുദ്ധിതന്നെയും വിധിക്കുന്നുണ്ട്. ശാഖാപരവും ആപേക്ഷികവുമായ ഇത്തരം തിന്മകളിൽനിന്നു തികച്ചും ഒഴിവായ മറെറാരു വ്യവസ്ഥയെ സങ്കല്പിക്കാൻപോലും നമുക്കു സാധ്യമല്ല. മറിച്ച്, ഈ തിന്മകൾ സംഭവിക്കാതിരിക്കുന്നപക്ഷം അതുതന്നെയും വാസ്തവത്തിൽ വലിയൊരു തിന്മയായിരിക്കും. കാരണം, ശാഖാപരമായ ഒരു നന്മയെച്ചൊല്ലി മഹത്തരങ്ങളായ എത്രയോ മൗലിക നന്മകൾ കരസ്ഥമാകുന്നതിനെ അതു തടസ്സപ്പെടുത്തുന്നതാണ്. ഉദാഹരണത്തിന്നു, മനുഷ്യൻ കൂടുതൽ വിലപിച്ചുകൊണ്ടിരിക്കുന്ന മരണത്തെത്തന്നെ എടുക്കാം. ഒരു വ്യക്തിയുടെ മരണം എത്രയോ പേക്കു ജീവിതപന്ഥാവ് തുറന്നുകൊടുക്കുന്നുണ്ട്. ഒരാൾക്കു കാലാകാലം ജീവിക്കുവാനുള്ള ലൈസൻസ് നൽകുന്നതിൻെറ അർത്ഥം, നിരവധി ആളുകളുടെ ജീവിതകവാടം ബന്ധിക്കപ്പെടുകയെന്നാണ്. ആ ഒരു വ്യക്തിക്കുള്ള നന്മയാണെങ്കിൽ, അവന്നു അതു നന്മയാണെങ്കിലും, പൊതുനന്മയെ സംബന്ധിച്ചേടത്തോളം, തിന്മയാണ്. നേരെമറിച്ച്, ആ പ്രത്യേകവ്യക്തിയുടെ മരണം അവനെ സംബന്ധിച്ചേടത്തോളം ശാഖാപരമായ ഒരു തിന്മയാണെങ്കിലും അതേ തിന്മ എത്രയോപേക്കു നന്മകൾ കരസ്ഥമാകുന്നതി

ന്നുള്ള മാർഗ്ഗമാണ്. ആ ഒരു വ്യക്തി മരിച്ചുപോകു ന്നതുകൊണ്ട് പൊതുനന്മക്കു യാതൊരു കോട്ടവും സം ഭവിക്കുന്നുമില്ല. കാരണം, അവൻെറ മരണംകൊണ്ടു ലോകവ്യവസ്ഥയിൽ യാതൊരു വിടവും വരാൻപോകു ന്നില്ല.

ഇതേ ഉദാഹരണംവെച്ചു, വ്യക്തികൾക്കു നേരിടുന്ന എല്ലാ ആപത്തുകളും ഒരു വിധത്തിൽ തി ന്മയും മററൊരു വിധത്തിൽ നന്മക്കുള്ള മാർഗ്ഗവുമാണെ ന്നും, അതു സംഭവിക്കേണ്ടതു പൊതുനന്മക്കാവശ്യമാ ണെന്നും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്. ചി ല സന്ദർഭങ്ങളിൽ നമുക്കു സ്വയം ചിന്തിച്ചു അവ എ ങ്ങിനെയാണ് നന്മയുടെ മാർഗ്ഗമാകുന്നതെന്നു കണ്ടുപി ടിക്കാവുന്നതാണ്. ചിലപ്പോൾ തിന്മയെന്നു നാം കണ ക്കാക്കിയതു വാസ്തവത്തിൽ നന്മയുടെ മാർഗ്ഗമായിരുന്നു വെന്ന് അനുഭവം നമുക്കു തെളിയിച്ചുതരുന്നു. എന്നാൽ ഒരു തിന്മയിലെ നന്മയുടെവശം എന്തെന്നു നമുക്കു മന സ്സിലായില്ലെന്നു വന്നാലും, അല്ലാഹു പ്രവർത്തിക്കുന്നതെ ല്ലാം നന്മയാണെന്നും കാരണംമനസ്സിലായാലും ഇല്ലെങ്കിലും, അവൻെറ വിധിക്കുമുമ്പിൽ തലകുനിക്കു ന്നതിലാണ് നമ്മുടെ ക്ഷേമവനന്മകളെന്നുമുള്ള പരമാ ർത്ഥം പൊതുവിൽ നാം വിശ്വസിച്ചിരിക്കേണ്ടതാണ്.

# മരണാനന്തര ജീവിതം

മരണാനന്തരം മറെറാരു ജീവിതം ഉണ്ടോ? ഉണ്ടെങ്കിൽ എങ്ങിനെയുള്ളത്? ഈ ചോദ്യം യഥാൎത്ഥത്തിൽ നമ്മുടെ അറിവിന്ന് പ്രാപ്യമായ പരിധിയിൽനിന്നും വളരെ വിദൂരമാണ്. മരണാനന്തരം എന്തുണ്ട്, എന്തില്ല എന്നു മരണാതിൎത്തിക്കപ്പുറം എത്തിനോക്കാവുന്ന കണ്ണ് നമുക്കില്ല; അവിടത്തെ വല്ല ശബ്ദവും കേൾക്കത്തക്ക കാതും നമുക്കില്ല; മരണാനന്തരം വല്ലതും ഉണ്ടോ ഇല്ലേ എന്നു നിരീക്ഷിച്ചറിയാനുതകുന്ന ഉപകരണവും നമ്മുടെ പക്കലില്ല. അതിനാൽ, സയൻസിനെ സംബന്ധിച്ചിടത്തോളം പ്രസ്തുത ചോദ്യം അതിൻെറ പരിധിയിൽനിന്ന് തികച്ചും പുറത്താണ്. സയൻസിൻെറ പേരിൽ, മരണാനന്തരം യാതൊരു ജീവിതവും ഇല്ലെന്നു പറയുന്നവൻ, കേവലം അശാസ്ത്രീയവും യുക്തിവിരുദ്ധവുമായ ഒരു വാദമാണ് വാസ്തവത്തിൽ പുറപ്പെടുവിക്കുന്നത്. മരണാനന്തരം ഒരു ജീവിതം ഉണ്ടെന്നോ ഇല്ലെന്നോ സയൻസിൻെറ വെളിച്ചത്തിൽ പറയുക സാധ്യമല്ല. തിട്ടമായ വല്ല വിജ്ഞാന മാൎഗ്ഗവും ലഭിക്കാത്ത കാലത്തോളം, മരണാനന്തരജീവിതത്തെ നിഷേധിക്കുകയോ സ

ന്മതിക്കുകയോ ചെയ്യാതിരിക്കുകയെന്ന നയമേ, ചുരു ങ്ങിയപക്ഷം, തനിശാസ്ത്രീയ നയമായിരിക്കയുള്ളു.

എന്നാൽ കൎമ്മ ജീവിതത്തിൽ ഈ ശാസ്ത്രീയ നയം പാലിക്കുക സാദ്ധ്യമാണോ? ഒരു പക്ഷെ സാദ്ധ്യമല്ല—എന്നല്ല, തീൎച്ചയായും സാദ്ധ്യമല്ല—ഒരു വസ്തുവിൻെറ യാഥാൎത്ഥ്യം അറിയാനുള്ള മാൎഗ്ഗങ്ങൾ നമ്മുടെ പക്കലില്ലാതെ വരുമ്പോൾ, അതുണ്ടെന്നോ ഇല്ലെന്നോ വാദിക്കുന്നതിൽനിന്നു നാം ഒഴിഞ്ഞു നില്ക്കുകയെന്നത് യുക്തിപരമായി നോക്കുമ്പോൾ തീൎച്ചയായും സാദ്ധ്യമാണ്. എന്നാൽ അതേ വസ്തുവിന്നു നമ്മുടെ കൎമ്മ ജീവിതവുമായി ബന്ധമുണ്ടായിരിക്കുമ്പോൾ അതിൻെറ നിഷേധത്തിലോ സ്ഥാപനത്തിലോ—രണ്ടിലൊന്നിൽ—നമ്മുടെ കൎമ്മനയം കെട്ടിപ്പെടുക്കുകയല്ലാതെ ഗത്യന്തരമില്ല. ഉദാഹരണമായി, അപരിചിതനായ ഒരു വ്യക്തിയുമായി നമുക്ക് യാതൊരിടപാടും നടത്തേണ്ടതായിട്ടില്ലാതിരിക്കുന്ന കാലത്തോളം അവൻെറ വിശ്വസ്തതയെസ്സംബന്ധിച്ച് അനുകൂലമായോ പ്രതികൂലമായോ യാതൊരു തീരുമാനവും കല്പിക്കാതിരിക്കുക നമുക്ക് സാദ്ധ്യമായേക്കും. എന്നാൽ അതേ വ്യക്തിയുമായി നമുക്കിടപെടേണ്ടതായ് വരുമ്പോൾ, വിശ്വസ്തനെന്നോ, വിശ്വാസയോഗ്യനല്ലെന്നോ ധരിച്ചുകൊണ്ടു അവനുമായിടപെടുവാൻ നാം നിൎബ്ബന്ധിതരാകുന്നു. വിശ്വസ്തനെന്നോ, അല്ലെന്നോ തെളിയാതിരിക്കുന്ന കാലത്തോളം നമുക്കവനുമായി സംശയത്തോടുകൂടി ഇടപെടാമെന്നത് ശരിതന്നെ; പക്ഷെ, അവൻെറ വിശ്വസ്തതയിൽ സംശയിച്ചുകൊണ്ടു് നാം നടത്തുന്ന ഇടപാടും വിശ്വസ്തതയെ നിഷേധിച്ചുകൊണ്ടു് നടത്തുന്ന ഇടപാ

ട്ടം ഫലത്തിൽ തുല്യമായിരിക്കുമെന്നു വ്യക്തമാണ്. അതിനാൽ, നിഷേധത്തിനും സമ്മതത്തിന്നുമിടക്കുള്ള സംശയാവസ്ഥ ഹൃദയത്തിൽ മാത്രമേ നിലനില്ക്കുകയുള്ളൂ; കർമ്മനയം സംശയത്തിൽ കെട്ടിപ്പടുക്കുക ഒരുവിധത്തിലും സാധ്യമല്ല; അതിന്നു സമ്മതമോ നിഷേധമോ, രണ്ടിലൊന്നു, ഏതു് നിലക്കും അനിവാര്യമാണ്.

മരണാനന്തര ജീവിതപ്രശ്നം കേവലം ഒരു ശാസ്ത്രീയ പ്രശ്നമല്ല. നമ്മുടെ കർമ്മജീവിതവുമായതിന്നു അഭേദ്യബന്ധമുണ്ടെന്ന സംഗതി അല്പം ചിന്തിക്കുന്നപക്ഷം മനസ്സിലാക്കാവുന്നതാണ്. നമ്മുടെ ധാർമ്മികസദാചാരനയം മുഴുവനും തന്നെ വാസ്തവത്തിൽ ഇതേ പ്രശ്നത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ഐഹിക ജീവിതം മാത്രമാണ് ജീവിതമെന്നും ഇതിന്നപ്പുറം മറ്റൊരു ജീവിതമില്ലെന്നുമാണ് ഞാൻ വിശ്വസിക്കുന്നതെങ്കിൽ എൻെറ ധാർമ്മികനയം ഒരു വിധത്തിലായിരിക്കും; മറിച്ചു, ഐഹികജീവിതത്തിന്നുശേഷം മറ്റൊരു ജീവിതമുണ്ടെന്നും ഐഹികജീവിതത്തിലെ സകല പ്രവർത്തനങ്ങളെക്കുറിച്ചും എനിക്കവിടെ കണക്കു് ബോധിപ്പിക്കേണ്ടതുണ്ടെന്നും അവിടത്തെ നല്ലതോ തിയ്യതോ ആയ പരിണാമം ഇവിടത്തെ കർമ്മങ്ങളെ ആശ്രയിച്ചു നിലകൊള്ളുന്നുവെന്നുമാണ് ഞാൻ വിശ്വസിക്കുന്നതെങ്കിൽ ധാർമ്മിക നയം ആദ്യത്തേതിൽനിന്നു തികച്ചും വ്യത്യസ്തമായ മറ്റൊരു വിധത്തിലായിരിക്കും. ഒരുദാഹരണംകൊണ്ടു് ഇതു് മനസ്സിലാക്കാം. തനിക്കു ബോംബെവരെ മാത്രമേ പോകേണ്ടതുള്ളുവെന്നും അവിടെ എത്തിക്കഴിഞ്ഞാൽ തൻെറ യാത്ര എന്നെന്നേക്കുമായി അവസാനിക്കുമെ

ന്നു മാത്രമല്ല വല്ല വിധത്തിലും തന്നോടു ചോദ്യം ചെയ്യാവുന്ന പോലീസ്, കോടതി തുടങ്ങിയ എല്ലാ ശക്തികളുടെയും പിടിയിൽനിന്നു താൻ മുക്തി നേടുമെന്നും വിചാരിച്ചു ഒരാൾ യാത്ര ചെയ്യുന്നു; മറെറാരു വ്യക്തിയാകട്ടെ, ബോംബെ വരെയുള്ള യാത്ര വാസ്തവത്തിൽ തൻെറ യാത്രയുടെ ആദ്യഘട്ടം മാത്രമാണെന്നും തനിക്കവിടെനിന്നും സമുദ്രം താണ്ടി മറെറാരു നാട്ടിൽ പോകേണ്ടതുണ്ടെന്നും ഇന്ത്യ ഭരിച്ചുകൊണ്ടിരിക്കുന്ന രാജാവ് തന്നെയാണവിടെയും രാജാവെന്നും താൻ ഇന്ത്യയിൽവെച്ചു ചെയ്ത മുഴുവൻ പ്രവർത്തനങ്ങളുടെയും രഹസ്യറിക്കോർഡ് രാജാവിൻെറ പക്കലുണ്ടെന്നും അവിടെവെച്ചു രാജാവു റിക്കോർഡുകൾ പരിശോധിച്ചു, പ്രവർത്തനങ്ങൾക്കനു യോജ്യമായ രക്ഷാശിക്ഷകൾ നൽകുമെന്നും ധരിച്ചുകൊണ്ടാണ് യാത്ര ചെയ്യുന്നത്. ഈ രണ്ടു വ്യക്തികളുടെയും കർമ്മരീതികൾ എന്തുമാത്രം ഭിന്നമായിരിക്കുമെന്നു നിങ്ങൾക്കു സ്വയം അനുമാനിക്കാവുന്നതാണ്. ഒന്നാമത്തെ വ്യക്തി ബോംബെ വരെക്കുള്ള യാത്രാസജ്ജീകരണങ്ങളേ ചെയ്കയുള്ളു; രണ്ടാമനാകട്ടെ, അവിടുന്നങ്ങോട്ടുള്ള നീണ്ട ഘട്ടങ്ങൾക്കു വേണ്ടിയും ഒരുക്കങ്ങൾ ചെയ്യുന്നതാണ്. ലാഭചേതങ്ങൾ വല്ലതുമുണ്ടെങ്കിൽ ബോംബെഎത്തുന്നതുവരെ മാത്രമാണെന്നും അവിടുന്നങ്ങോട്ടു ഒന്നും ഇല്ലെന്നും ഒന്നാമൻ മനസ്സിലാക്കും; രണ്ടാമനാകട്ടെ സാക്ഷാൽ ലാഭനഷ്ടങ്ങൾ യാത്രയുടെ ആദ്യഘട്ടത്തിലല്ല, അന്ത്യഘട്ടത്തിലാണെന്നത്രെ മനസ്സിലാക്കുക; ബോംബെവരെക്കുള്ള യാത്രയിൽ പ്രത്യക്ഷപ്പെടാവുന്ന കർമ്മഫലങ്ങൾ മാത്രമേ ഒന്നാമൻ വീക്ഷിക്കയുള്ളു; രണ്ടാമൻെറ ദൃഷ്ടിയാകട്ടെ സമുദ്രത്തിന്നപ്പുറം,

മറേറ നാട്ടിൽ പ്രവേശിച്ച ശേഷം വെളിപ്പെടുന്ന അന്ത്യഫലങ്ങളിലാണ് പതിഞ്ഞിരിക്കുക. ഈ രണ്ടു വ്യക്തികളുടെയും കർമ്മനയത്തിലുണ്ടായ അന്തരം, യാത്രയുടെ സ്വഭാവത്തെസംബന്ധിച്ച അവർ രൂപീകരിച്ച അഭിപ്രായങ്ങളുടെ നേരിട്ടുള്ള ഫലമാണെന്നതു വ്യക്തമത്രെ. നമ്മുടെ ധാർമ്മികജീവിതത്തിൻെറ സ്ഥിതിയും ഇതുതന്നെയാണ്. മരണാനന്തരജീവിതത്തെക്കുറിച്ചുള്ള നമ്മുടെ ആദർശം നമ്മുടെ സദാചാരജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. മരണാനന്തരജീവിതത്തിൻെറ നിഷേധമോ സമ്മതമോ ആണ്, കർമ്മരംഗത്തു നമ്മുടെ ഓരോ കാൽവെപ്പിൻെറയും ഭാഗധേയം നിർണ്ണയിക്കുന്നത്. ഇഹലോകജീവിതത്തെ ആദ്യവും അന്ത്യവുമായി കണക്കാക്കിക്കൊണ്ടു നാം പ്രവർത്തനരംഗത്തിറങ്ങുമ്പോൾ നമ്മുടെ കാലടികൾ ഒരു ഭാഗത്തേക്കു ചലിച്ചുതുടങ്ങും; മരണാനന്തരജീവിതത്തെയും അവിടത്തെ അന്ത്യഫലത്തേയും വീക്ഷിച്ചുപ്രവർത്തനമാരംഭിക്കുമ്പോൾ തികച്ചും വ്യത്യസ്തമായ മറെറാരു ഭാഗത്തായിരിക്കും നമ്മുടെ കാലടികൾ നീങ്ങിത്തുടങ്ങുക.

ഇതിൽ നിന്നും വ്യക്തമായി, മരണാനന്തര ജീവിതപ്രശ്നം കേവലം ചിന്താപരമോ തത്വശാസ്ത്രപരമോ ആയ ഒന്നല്ല, കർമ്മജീവിതത്തിൻെറ പ്രശ്നമാണെന്നു്. വാസ്തവം ഇതാണെങ്കിൽ, ഈ വിഷയത്തിൽ സംശയസ്ഥാനത്ത് നിലകൊള്ളുക നമ്മെസംബന്ധിച്ചേടത്തോളം ഒരുവിധത്തിലും സാദ്ധ്യമല്ല. സംശയത്തോടുകൂടി ജീവിതത്തിൽ നാം കൈക്കൊള്ളുന്ന നയം, നിഷേധത്തോടൊപ്പം കൈക്കൊള്ളുന്ന നയത്തിനു തുല്യമായിരിക്കും. അതിനാൽ മരണാനന്തരം വല്ല

ജീവിതവുമുണ്ടോ ഇല്ലേ എന്നു നിണ്ണയിക്കുവാൻ ഏതു നിലക്കും നാം നിബ്ബന്ധിതരാണ്. ഇക്കാര്യത്തിൽ സയൻസ് നമ്മെ സഹായിക്കുന്നില്ലെങ്കിൽ നമുക്കു ബുദ്ധിപരമായ തെളിവുകളുടെ സഹായം തേടേണ്ടിയിരിക്കുന്നു.

എന്നാൽ ബുദ്ധിപരമായ തെളിവുശേഖരണത്തിന്നു നമ്മുടെ പക്കലുള്ള കോപ്പുകളെന്തൊക്കെയാണ്? നമ്മുടെ മുമ്പിലിരിക്കുന്നത്, ഒന്നു മനുഷ്യൻ തന്നെ; മറെറാന്നു ഈ പ്രാപഞ്ചികവ്യവസ്ഥയും. മനുഷ്യനെ പ്രാപഞ്ചിക വ്യവസ്ഥകളുള്ളിൽവെച്ചു നമുക്കൊന്നു പരിശോധിക്കാം, അവനിൽ സ്ഥിതിചെയ്യുന്ന സവ്വത്തിൻെറയും മുഴുവൻ ആവശ്യങ്ങളും താല്പര്യങ്ങളും ഈ വ്യവസ്ഥയിൽ പൂത്തിയാകുന്നുണ്ടോ, അഥവാ മറെറാരുതരം വ്യവസ്ഥ ആവശ്യമായിവരത്തക്കവിധം വല്ലതും പൂത്തിയാവാതെ അവനിൽ ബാക്കിനിൽപുണ്ടോ എന്നു.

നോക്കുക; നിരവധി ഖനിജങ്ങൾ, ലവണങ്ങൾ, വെള്ളം, വാതകം എന്നിവകളുടെ സമാഹാരമായ ഒരു ശരീരം മനുഷ്യനുണ്ട്. മണ്ണ്, കല്ല്, ലോഹങ്ങൾ, ഉപ്പ്, വായു, വെള്ളം തുടങ്ങിയ വസ്തുക്കൾ പ്രപഞ്ചത്തിലും സ്ഥിതിചെയ്യുന്നു. ഈ വസ്തുക്കളുടെ പ്രവത്തനത്തിന്നാവശ്യമായ നിയമങ്ങളത്രയും പ്രപഞ്ചത്തിൽ നടപ്പിലുണ്ട്. ബാഹ്യലോകത്ത് പവ്വതം, സമുദ്രം, വായു എന്നിവക്ക് അവയുടേതായ പ്രവത്തനപൂത്തീകരണത്തിന്നു പ്രസ്തുത നിയമങ്ങൾ അവസരം നൽകുന്നതു പോലെ, മനുഷ്യ ശരീരത്തിലെ ഖനിജം, വായു, ജലം എന്നീ അംശങ്ങൾക്കും അവയുടേതായ പ്രവത്തനങ്ങൾക്ക് പൂണ്ണാവസരമുണ്ട്.

പിന്നെ, മനുഷ്യൻ ചുററുപാടിലെ വസ്തുക്കളിൽനിന്നു ആഹാരമെടുത്തു വളരുന്ന ഒരസ്തിത്വമാണ്. ഇതേ ഇനത്തിൽപെട്ട മരങ്ങളും ചെടികളും മററും പ്രപഞ്ചത്തിലുണ്ട്. വളരുന്ന ശരീരങ്ങൾക്കാവശ്യമായ നിയമങ്ങൾ അവിടേയും കാണപ്പെടുന്നു.

കൂടാതെ, മനുഷ്യൻ സ്വേച്ഛം ചലിക്കുന്ന ഒരു സചേതനവസ്തുവാണ്. സ്വപരിശ്രമംകൊണ്ട് ആഹാരം ശേഖരിക്കുന്നു; തൻെറ ശരീരത്തെ താൻതന്നെ കാത്തുരക്ഷിക്കുന്നു; സ്വവംശനിലനില്പിന്നായി താൻതന്നെ ഏർപ്പാടുചെയ്യുന്നു. ഈ ഇനത്തിൽപെട്ട ജീവികളും പ്രപഞ്ചത്തിൽ നിരവധിയുണ്ട്. കരയിലും വെള്ളത്തിലും വായുവിലും അസംഖ്യം ജീവജാലങ്ങളുണ്ട്. ചലിക്കുന്നസചേതനവസ്തുക്കളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ നിയമങ്ങൾ അവിടെയും പൂർണ്ണമായി പ്രവത്തിക്കുന്നു.

മനുഷ്യന്നു സവ്വോപരി മറെറാരസ്തിത്വംകൂടിയുണ്ട്. അതിന്നു നാം ധാമ്മികാസ്തിത്വമെന്നു പറയുന്നു. മനുഷ്യനിൽ നന്മതിന്മാബോധമുണ്ട്; നന്മതിന്മാവിവേചനശക്തിയുണ്ട്; നല്ലതും ചീത്തയും ചെയ്വാനുള്ള ശക്തിയുണ്ട്; നന്മക്ക് നല്ലതും തിന്മക്ക്തിയ്യതുമായ ഫലംവെളിപ്പെടണമെന്നു അവൻെറ പ്രകൃതി ആവശ്യപ്പെടുന്നു. നീതി, അനീതി, സത്യം, അസത്യം, ദയ, നിർദ്ദയത്വം, കൃതജ്ഞത, കൃതഘ്നത, ഔദാര്യം, ലുബ്ധ്, വിശ്വസ്തത, വഞ്ചന തുടങ്ങിയ വിവിധ ഗുണങ്ങളെ അവൻ വേർതിരിച്ചു മനസ്സിലാക്കുന്നു. പ്രസ്തുത ഗുണങ്ങൾ അവൻെറ കമ്മജീവിതത്തിൽ കാണപ്പെടുന്നു. ഇതെല്ലാം കേവലം ഭാവനാവസ്തുക്കളല്ല, ഇവയുടെ പ്രത്യാഘാതങ്ങൾ മനുഷ്യനാഗരികതയിൽ പ്ര

തിഫലിക്കുന്നുണ്ടു്. അതിനാൽ, മനുഷ്യപ്രകൃതി ശക്തി പൂർവ്വം ആവശ്യപ്പെടുന്നു, മനുഷ്യ പ്രവർത്തനങ്ങളുടെ പ്രാകൃതികഫലങ്ങളെന്നപോലെ ധാർമ്മികഫലങ്ങളും പ്രത്യക്ഷീഭവിക്കണമെന്നു്.

എന്നാൽ, പ്രാപഞ്ചിക വ്യവസ്ഥയിൽ അവഗാഢമായൊന്നു ചിന്തിച്ചു നോക്കുക, മനുഷ്യപ്രവർത്തനങ്ങളുടെ ധാർമ്മികഫലങ്ങൾ ഇവിടെ പൂർണ്ണമായും പ്രത്യക്ഷപ്പെടുക സാദ്ധ്യമാണോ? അതിന്നിവിടെ സാദ്ധ്യതയില്ലെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. കാരണം അതിനുള്ള ഏർപ്പാടുതന്നെ ഇവിടെ ചെയ്യപ്പെട്ടിട്ടില്ല. നമ്മുടെ അറിവിൽപെട്ടിടത്തോളം, ധാർമ്മികാസ്തിത്വമുള്ള ഒരു സൃഷ്ടി, മനുഷ്യനൊഴികെ, ഇവിടെ കാണപ്പെടുന്നില്ല. പ്രാപഞ്ചിക വ്യവസ്ഥയഖിലം പ്രകൃതിനിയമമനുസരിച്ചാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. ധാർമ്മികനിയമങ്ങൾക്ക് എവിടെയും ആധിപത്യമുള്ളതായി കാണുന്നില്ല. ഇവിടെ പണത്തിന്നു ഘനവും വിലയുമുണ്ട്; സത്യത്തിന്ന് ഘനമോ വിലയോ ഇല്ല. ഇവിടെ മാങ്ങയണ്ടിയിൽനിന്നു എപ്പോഴും മാവുതന്നെ മുളക്കുന്നു; എന്നാൽ സത്യത്തിന്റെ വിത്ത് വിതക്കുന്നവരുടെമേൽ ചിലപ്പോൾ പുഷ്പവർഷമാണുണ്ടാവുന്നതെങ്കിൽ ചിലപ്പോൾ-അല്ല, പലപ്പോഴും-ശകാരശരങ്ങളും അക്രമമർദ്ദനങ്ങളുമാണ് വർഷിക്കപ്പെടുന്നത്; ഇവിടെ ഭൗതിക പദാർത്ഥങ്ങൾക്ക് നിശ്ചിത നിയമങ്ങൾക്കൊത്ത് നിശ്ചിത ഫലങ്ങൾ വെളിപ്പെടുന്നു; എന്നാൽ ധാർമ്മിക മൂല്യങ്ങൾക്ക് നിശ്ചിത ഫലങ്ങൾതന്നെ എപ്പോഴും വെളിപ്പെടത്തക്ക നിർണ്ണിതനിയമങ്ങളില്ല. പ്രകൃതിനിയമങ്ങളുടെ ആധിപത്യംനിമിത്തം ധാർമ്മിക ഫലങ്ങൾ പലപ്പോഴും വെളിപ്പെടുകതന്നെയില്ല; വെളി

പ്പെട്ടാൽതന്നെ പ്രകൃതി നിയമങ്ങരം അനുവദിക്കുന്ന ത്രമാത്രം. എന്നല്ല, ഒരു പ്രവൎത്തനത്തിന്നു ഒരു പ്രത്യേകഫലം വെളിപ്പെട്ടുവാൻ ധൎമ്മം ആവശ്യപ്പെട്ടുകയും, പക്ഷെ, പ്രകൃതി നിയമങ്ങളുടെ കൈകടത്തൽ കാരണം തികച്ചും വ്യത്യസ്തമായ മററൊരു ഫലം പ്രത്യക്ഷത്തിൽ വരികയും ചെയ്യുയെന്നതും ധാരാളം സംഭവിക്കുന്നുണ്ട്. മാനുഷിക പ്രവൎത്തനങ്ങളുടെ ധാൎമ്മിക ഫലങ്ങരം ഒരു നിശ്ചിത വ്യവസ്ഥയനുസരിച്ചു പ്രത്യക്ഷീഭവിക്കുവാൻ, മനുഷ്യൻ തൻെറ നാഗരിക രാഷ്ട്രീയ വ്യവസ്ഥകരം വഴി കുറേയെല്ലാം ശ്രമിച്ചിട്ടുണ്ടെങ്കിലും അത് അങ്ങേയററം പരിമിതവും അപൂൎണ്ണവുമാണ്. ഒരു വശത്ത് പ്രകൃതിനിയമങ്ങരം അതിനെ പരിമിതവും അപൂൎണ്ണവുമാക്കുന്നുവെങ്കിൽ, മറുവശത്ത് മനുഷ്യൻെറതന്നെ നിരവധി ന്യൂനതകളും ബലഹീനതകളും അതിൻെറ അപൂൎണ്ണതയെയും അപ്രായോഗികതയെയും പൂൎവ്വോപരി വൎദ്ധിപ്പിക്കുകയും ചെയ്യുന്നു.

ചില ഉദാഹരണങ്ങരംകൊണ്ടു് എൻെറ ഉദ്ദേശ്യം വ്യക്തമാക്കാം: ഒരാരം അപരനോടുള്ള ശത്രുത കാരണം അയാളുടെ വീടിന്നു തീകൊളുത്തിയാൽ അതു കത്തിനശിക്കുന്നു. ഇതവൻെറ പ്രവൃത്തിയുടെ പ്രാകൃതിക ഫലമാണ്. ഈ കട്ടംകൈ ചെയ്തവൻ ഒരു കുഡുംബത്തിന്നു എത്രമാത്രം നാശനഷ്ടങ്ങളേല്പിച്ചുവോ അത്രയും ശിക്ഷ അനുഭവിക്കുകയെന്നതാണ് ഇതിൻെറ ധാൎമ്മിക ഫലം. എന്നാൽ ഈ ധാൎമ്മികഫലം പ്രത്യക്ഷപ്പെടേണമെങ്കിൽ എന്തെല്ലാം ഉപാധികരം ഒത്തുക്കൂടണം? തീ കൊളുത്തിയവനാരെന്നു കണ്ടുപിടിക്കണം; പോലീസിന്നു അവനെ പിടികിട്ടണം; കുററം തെളിയണം; വീട് അഗ്നിക്കിരയായതി

നാൽ ആ കുഡുംബത്തിനും അവരുടെ ഭാവി തലമുറകളും എന്തെന്ത് നാശനഷ്ടങ്ങൾ സംഭവിച്ചുവെന്നു കൃത്യമായും തിട്ടമായും കണക്കാക്കുവാൻ കോടതിക്ക് കഴിയണം; എന്നിട്ട് നീതിപൂർവ്വം കുററവാളിക്ക് തക്ക ശിക്ഷ നല്കുകയും വേണം. ഈ ഉപാധികളിലൊന്നെങ്കിലും പൂർത്തിയാവാത്തപക്ഷം ഒന്നുകിൽ ധാർമ്മികഫലം തീരെ പ്രത്യക്ഷപ്പെടുകതന്നെയില്ല; അല്ലെങ്കിൽ ചെറിയൊരംശം മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളു. എതിരാളിയേയും കുടുംബത്തേയും മുടിച്ചുകളഞ്ഞ് അവനിവിടെ സുഖാനന്ദത്തോടെ ജീവിക്കുകയെന്നതും സംഭവ്യമാണ്.

ഇതിലും വിപുലമായ മറെറാരുദാഹരണം എടുക്കാം: ഏതാനും വ്യക്തികൾ സമുദായത്തിൽ സ്വാധീനം നേടുന്നു; സമുദായം അവരുടെ ചൊല്പടിക്ക് ചലിച്ചു തുടങ്ങുന്നു. ഈ സന്ദർഭം ഉപയോഗപ്പെടുത്തി അവർ സമുദായത്തിൽ വർഗ്ഗീയപക്ഷപാതവും സാമ്രാജ്യത്വവികാരവും സൃഷ്ടിച്ചുവിടുന്നു; അയൽ രാഷ്ട്രങ്ങളോട് സമരം നടത്തുന്നു; ലക്ഷോപലക്ഷം വ്യക്തികളെ കൊന്നൊടുക്കുന്നു; രാജ്യത്തോടുരാജ്യം തകർത്തുതരിപ്പണമാക്കുന്നു; കോടിക്കണക്കായ മനുഷ്യരെ ഹീനരും പതിതരുമായി ജീവിക്കുവാൻ നിർബ്ബന്ധരാക്കുന്നു. ഈ കഠിനകൃത്യങ്ങൾ മനുഷ്യചരിത്രത്തിൽ ഭയങ്കരപ്രത്യാഘാതങ്ങളുളവാക്കുന്നു. ഭാവിതലമുറ നൂററാണ്ടുകളോളം തൽകെടുതികളനുഭവിക്കുന്നു. ഈ കൊടുംപാതകത്തിനുത്തരവാദികളായ ചുരുക്കം വ്യക്തികൾക്ക് അവരുടെ കുററത്തിന്നനുയോജ്യവും നീതിപൂർവ്വവുമായ ശിക്ഷ ഐഹിക ജീവിതത്തിൽ തന്നെ ലഭിക്കുക സാധ്യമാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അവ

രിൽ ഓരോരുത്തരെയും അരിഞ്ഞ് കഷ്ണങ്ങളാക്കിയെന്നു വെക്കുക; ജീവനോടെ തിയ്യിലിട്ട് ദഹിപ്പിച്ചെന്നു വിചാരിക്കുക; അല്ല, മനുഷ്യകഴിവിൽപെട്ട വിധത്തിലെല്ലാം ശിക്ഷിച്ചുവെന്നുതന്നെ സങ്കല്പിക്കുക; എന്നാൽതന്നേയും, കോടാനുകോടി മനുഷ്യക്കും അവരുടെ കണക്കററ ഭാവിതലമുറകൾക്കും ആ അക്രമികളേല്പിച്ച നാശനഷ്ടങ്ങൾക്കത്തു തുല്യശിക്ഷയായിരിക്കയില്ലെന്ന് തികച്ചും വ്യക്തമാണ്. ഈ പ്രാപഞ്ചിക വ്യവസ്ഥയിൽ നടക്കുന്ന പ്രകൃതിനിയമമനുസരിച്ച്, അവരുടെ കുററങ്ങൾക്ക തക്ക ശിക്ഷലഭിക്കുക തീരെ സാധ്യവുമല്ല.

ഇനി മറുവശത്ത് സജ്ജനങ്ങളെ നോക്കുക: അവർ മനുഷ്യരാശിക്ക് സത്യവും നേർമ്മാഗ്ഗവും പഠിപ്പിച്ചു; സന്മാഗ്ഗദീപം കാണിച്ചുകൊടുത്തു. മനുഷ്യ തലമുറകൾ നിരവധി നൂററാണ്ടുകളായി അതിൻെറ സൽഫലങ്ങളാസ്വാദിക്കുന്നു; ഇനിയും അനേകകാലം ആസ്വാദിക്കുകയും ചെയ്യും. ഒന്നു ചിന്തിച്ചുനോക്കുക, ഈ സജ്ജനങ്ങളുടെ മഹൽസേവനങ്ങൾക്കുള്ള പൂണ്ണ പ്രതിഫലം ഈ ലോകത്തുവെച്ച് ലഭിക്കുക സാധ്യമാണോ? ഒരാളുടെ പ്രവത്തനഫലം അയാളുടെ മരണത്തോടുകൂടി അവസാനിക്കുന്നില്ലെങ്കിൽ, ആയിരമായിരം സംവത്സരങ്ങളോളം നിരവധി മനുഷ്യ തലമുറകളിൽ അതു വ്യാപിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ അതിന്നെല്ലാമുള്ള പൂണ്ണപ്രതിഫലം ഇന്നത്തെ പ്രകൃതിനിയമങ്ങളുടെ ചട്ടക്കൂട്ടിൽ അയാൾക്കാസ്വാദിക്കാമെന്നു നിങ്ങൾക്കെങ്ങിനെ ചിന്തിക്കുവാൻ കഴിയും?

മുൻപ്രസ്താവിച്ചപോലെ, ഒന്നാമതായി, മാനുഷിക പ്രവത്തനങ്ങളുടെ ധാർമ്മികഫലങ്ങൾ പൂണ്ണമായും പ്രത്യക്ഷപ്പെടാനുള്ള പഴുതുതന്നെ ഇന്നത്തെ പ്ര

കൃതിനിയമങ്ങൾക്കെത്തില്ല. രണ്ടാമതായി, മനുഷ്യന്റെ അല്പകാലജീവിത പ്രവൎത്തനങ്ങളുടെ പ്രത്യാഘാതം അതിവിപുലവും ദൂരവ്യാപകവുമാണ്. കോടാനുകോടി വൎഷത്തെ ജീവിതംകൊണ്ടുമാത്രമേ ഓരോ പ്രവൎത്തനത്തിന്റെയും പൂൎണ്ണഫലം അനുഭവിക്കാനാവൂ. ഇന്നത്തെ പ്രകൃതി നിയമമനുസരിച്ചാണെങ്കിൽ, അത്ര നീണ്ട ഒരു ജീവിതം മനുഷ്യനു ലഭ്യമല്ല. ഇതിൽനിന്നും ഒരു സംഗതി വ്യക്തമാകുന്നു: മനുഷ്യാസ്തിത്വത്തിലെ ഭൗതികാംശങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പ്രകൃതി ലോകവും (Physical World) പ്രകൃതിനിയമങ്ങളും ധാരാളം മതിയെങ്കിലും അവനിലെ ധാൎമ്മികവും സദാചാരപരവുമായ അംശങ്ങൾക്ക് ഈ ലോകം തീരേ പൎയ്യാപ്തമല്ല; അതിന്നു മറെറാരു ലോകവ്യവസ്ഥ കൂടിയേകഴിയൂ; അതിലെ ഭരണനിയമം (*Governing Law*) ധാൎമ്മികനിയമമായിരിക്കണം; പ്രകൃതിനിയമം അതിന്നു കീഴിൽ സഹായകമെന്ന നിലക്കുമാത്രം വൎത്തിക്കണം; അതിൽ ജീവിതം അപരിമേയവും നിസ്സീമവുമായിരിക്കണം; ഇഹലോകത്തു പ്രത്യക്ഷപ്പെടാതിരുന്നതോ വിരുദ്ധമായി പ്രത്യക്ഷപ്പെട്ടതോ ആയ എല്ലാ ധാർമ്മികഫലങ്ങളും അവിടെ ശരിയായും പൂൎണ്ണമായും പ്രത്യക്ഷപ്പെടണം; അവിടെ വെള്ളിക്കും സ്വൎണ്ണത്തിന്നുമല്ല, സത്യനന്മകൾക്കായിരിക്കണം ഘനവും തൂക്കവും വിലയും; ധാർമ്മികമായി കത്തിനശിക്കാൻ അൎഹമായതിനെ മാത്രമേ അവിടെ അഗ്നി കത്തിക്കാവൂ; അവിടെ സുഖാനന്ദങ്ങൾ സദ്വൃത്തന്നും, ദുഃഖയാതനകൾ ദുർവൃത്തന്നും മാത്രം ലഭിക്കണം; ബുദ്ധി ആഗ്രഹിക്കുന്നു, പ്രകൃതി ആവശ്യപ്പെടുന്നു, അങ്ങിനെയൊരു ലോകം വരണമെന്നു; തീൎച്ചയായും വരണമെന്ന്.

ബുദ്ധിപരമായ തെളിവുകളെ സംബന്ധിച്ചിട ത്തോളം, അവ നമ്മെ "വേണ്ടതാണ്" എന്ന അതിത്തിവരെകൊണ്ടു ചെന്നുവിടുന്നു. അങ്ങിനെ ഒരു ലോകം വാസ്തവത്തിലുണ്ടോ എന്ന പ്രശ്നമാണെങ്കിൽ, അതിനെക്കുറിച്ച് വിധി കല്പിക്കുവാൻ നമ്മുടെ ബുദ്ധിയും ശാസ്ത്രവും രണ്ടും അശക്തങ്ങളാണ്. ഇവിടെയാണ് ഖുർആൻ നമ്മുടെ സഹായത്തിനെത്തുന്നത്. അതു നമ്മോട് പറയുന്നു: നിങ്ങളുടെ ബുദ്ധിയും നിങ്ങളുടെ പ്രകൃതിയും ഏതൊന്നാവശ്യപ്പെടുന്നുവോ അതു വാസ്തവത്തിൽ സംഭവിക്കുകതന്നെ ചെയ്യും; പ്രകൃതി നിയമങ്ങളിൽ അധിഷ്ഠിതമായ ഇന്നത്തെ ലോകവ്യവസ്ഥ ഒരിക്കൽ നശിക്കുന്നതും മറെറാരു വ്യവസ്ഥ രൂപമെടുക്കുന്നതുമാണ്; അതിൽ ആകാശഭൂമിയും മറെറല്ലാ വസ്തുക്കളും ഇന്നത്തേതിൽ നിന്നു വ്യത്യസ്തമായ മറെറാരു നിലയിലായിരിക്കും; അനന്തരം, ലോകാരംഭം മുതൽ അന്ത്യനാറംവരെയുണ്ടായ മുഴുവൻ മനുഷ്യരേയും അല്ലാഹു വീണ്ടും സൃഷ്ടിക്കുന്നതും, ഒരേ സമയത്ത് തൻെറ സന്നിധിയിൽ ഹാജരാക്കുന്നതുമാണ്; ഓരോ വ്യക്തിയുടേയും, ജനതയുടേയും, മുഴുവൻ മനുഷ്യവംശത്തിൻേയും ജീവിത റിക്കാർഡ് യാതൊരുവിധ ഏററക്കുറവും കൂടാതെ സുരക്ഷിതമായി അവിടെ സ്ഥിതിചെയ്യുന്നുണ്ടായിരിക്കും; ഓരോ വ്യക്തിയുടേയും കർമ്മങ്ങറംക്ക് ഇഹലോകത്തുണ്ടായ പ്രത്യാഘാതങ്ങളുടെ പൂർണ്ണറിപ്പോർട്ടും അവിടെ ഉണ്ടായിരിക്കും; പ്രസ്തുത പ്രത്യാഘാതങ്ങറം പ്രതിഫലിച്ച മുഴുവൻ മനുഷ്യ തലമുറകളും സാക്ഷിക്കൂട്ടിൽ ഹാജരാക്കപ്പെടും; മാനുഷിക വാക്കുകളുടെയും പ്രവത്തനങ്ങളുടെയും ചിഹ്നം പതിഞ്ഞിട്ടുള്ള ഓരോ അണുവും അതിൻെറ കഥ പറയും; എന്നല്ല, മനുഷ്യ

ന്റെ കൈകാലുകൾ, കണ്ണ്, ചെവി, തുടങ്ങിയ ഓരോ അവയവങ്ങളും സാക്ഷിനില്ക്കും; അവയെ മനുഷ്യൻ എങ്ങിനെ ഉപയോഗിച്ചുവെന്ന് പറയും; അനന്തരം, സർവ്വോന്നതനായ വിധികർത്താവ് പൂർണ്ണനീതിയോടെ വിധിപറയും, ആർ, എത്തരം രക്ഷാശിക്ഷകൾക്കർഹരാണെന്നു. പ്രസ്തുത, രക്ഷയും ശിക്ഷയും അതി വിപുലവും വ്യാപകവുമായിരിക്കും. നിലവിലുള്ള ലോകവ്യവസ്ഥയുടെ പരിമിതതോതുകൾവെച്ച് അത് കണക്കാക്കുകതന്നെ സാധ്യമല്ല. അവിടുത്തെ സ്ഥലകാലമാനദണ്ഡം. ഇവിടുത്തേതിൽനിന്നു വ്യത്യസ്തമായിരിക്കും; വിലകളും തോതുകളും ഭിന്നമായിരിക്കും; അവിടുത്തെ പ്രകൃതിനിയമം മറെറാരു വിധത്തിലായിരിക്കും. മനുഷ്യന്റെ ഏതേത് സൽക്കർമ്മഫലങ്ങളും പ്രത്യാഘാതങ്ങളും ഇഹലോകത്ത് സഹസ്രസംവത്സരങ്ങളോളം നീണ്ടുനില്ക്കുന്നുണ്ടോ അതിനെല്ലാമുള്ള പൂർണ്ണഫലം അവിടെവെച്ചു ആസ്വദിക്കുവാൻ കഴിയും. മരണമോ രോഗമോ വാർദ്ധക്യമോ ഒന്നും തന്നെ അവിടുത്തെ സുഖാനന്ദങ്ങളെ മുറിച്ചുകളയുന്നതല്ല. അതുപോലെ, മനുഷ്യന്റെ ഏതേതു ദുഷ്കർമ്മഫലങ്ങൾ ഇഹലോകത്ത് ആയിരമായിരം സംവത്സരങ്ങളോളം അസംഖ്യം മനുഷ്യതലമുറകളിൽ വ്യാപിച്ചുകൊണ്ടിരുന്നുവോ അതിന്നെല്ലാമുള്ള തക്ക ശിക്ഷയും അവിടെവെച്ചനുഭവിക്കേണ്ടിവരും. മരണമോ ബോധക്ഷയമോ ഒന്നുംതന്നെ പ്രസ്തുത ശിക്ഷയിൽനിന്നു മോചിപ്പിക്കുകയില്ല!

ഇങ്ങനെയുള്ള ഒരു ജീവിതവും ഇത്തരമൊരു ലോകവും അസംഭവ്യമെന്നു വിചാരിക്കുന്നവരുടെ ഹൃദയസങ്കുചിതത്വത്തിൽ എനിക്കനുകമ്പയാണ് തോന്നു

ന്നത്. നമ്മുടെ ഇന്നത്തെ ലോകവ്യവസ്ഥ, ഇന്നത്തെ പ്രകൃതിനിയമങ്ങളോടുകൂടി നിലകൊള്ളുക സാധ്യമെങ്കിൽ, മറെറാരു ലോകവ്യവസ്ഥ മറെറാരു നിയമത്തോടുകൂടി നിലവിൽവരുന്നത് അസംഭവ്യമാകാൻ കാരണമെന്ത്? എന്നാൽ, അങ്ങിനെയൊരു ലോകം തീർച്ചയായും ഉണ്ടാകുമെന്നു ഖണ്ഡിതമായി സ്ഥാപിക്കുക യുക്തിയുടെയോ ശാസ്ത്രത്തിൻെറയോ പരിധിയിൽപെട്ടതല്ല. അതിന്നു “ഈമാൻബിൽഗൈബ്” (അദൃശ്യവിശ്വാസം)തന്നെ വേണം!

## മുഹമ്മദ് നബിയുടെ പ്രവാചകത്വം ബുദ്ധിയുടെ വെളിച്ചത്തിൽ!

കുറച്ചുസമയത്തേക്ക് ബാഹ്യചക്ഷുസ്സുകളടച്ച് ഭാവനാദൃഷ്ടികൾ തുറക്കുക. 1400 വർഷങ്ങൾ പുറകോട്ട് തിരിഞ്ഞു, അന്നത്തെ ലോകസ്ഥിതികൾ ഒന്നു വീക്ഷിക്കുക. എന്തൊരു ലോകമായിരുന്നു അത്? മനുഷ്യനും മനുഷ്യനുമിടക്ക് ആശയവിനിമയോപാധികൾ എത്ര കുറവായിരുന്നു; സമുദായങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള സമ്പർക്ക മാർഗ്ഗങ്ങൾ എത്ര പരിമിതമായിരുന്നു; മനുഷ്യൻെറ അറിവ് എത്ര തുഛമായിരുന്നു; ചിന്തയും ആദർശവും എത്ര കുടുസ്സായിരുന്നു; ഊഹാപോഹങ്ങളും കിരാതത്വവും അവൻെറമേൽ എത്രമാത്രം ആധിപത്യം ചെലുത്തിയിരുന്നു; അജ്ഞാനാന്ധകാരത്തിൽ ജ്ഞാനപ്രകാശം എത്ര നിഷ്പ്രഭമായിരുന്നു; ഇരുട്ടിനെ തള്ളിമാററി വെളിച്ചം എത്ര വിഷമിച്ചാണ് വ്യാപിച്ചുകൊണ്ടിരുന്നത്. അന്നു ലോകത്ത് കമ്പിയോ ടെലിഫോണോ റേഡിയോവോ ഉണ്ടായിരുന്നില്ല. തീവണ്ടിയും വിമാനവും ഉണ്ടായിരുന്നില്ല. പ്രസ്സും പ്രസിദ്ധീകരണാലയങ്ങളും ഉണ്ടായിരുന്നി

ല്ല. സ്ക്കൂളുകളുടെയും കോളേജുകളുടെയും ആധിക്യമുണ്ടായിരുന്നില്ല. പത്രമാസികകഠം പ്രസാധനം ചെയ്യപ്പെട്ടിരുന്നില്ല. ഗ്രന്ഥങ്ങഠം ധാരാളക്കണക്കിൽ എഴുതുകയും പ്രസിദ്ധീകരിക്കയും ചെയ്തിരുന്നില്ല. അക്കാലത്തെ ഒരു പണ്ഡിതൻെറപോലും അറിവുകഠം, ചില നിലക്ക്, ആധുനികകാലത്തെ ഒരു സാധാരണക്കാരനെ അപേക്ഷിച്ചു കുറവായിരുന്നു. അന്നത്തെ ഒരുയൎന്ന സമുദായാംഗംപോലും ഇന്നത്തെ തൊഴിലാളിയേക്കാഠം അപരിഷ്കൃതനായിരുന്നു. അന്നത്തെ ഏററവും വലിയൊരു പരിഷ്കൃതാശയൻ ഇന്നത്തെ യാഥാസ്ഥിതികരിൽ യാഥാസ്ഥിതികനായിരുന്നു. ഇന്നു പണ്ഡിതപാമരവ്യത്യാസമെന്യെ ഏവൎക്കും നിഷ്പ്രയാസം അറിയാവുന്നവിഷയങ്ങഠം അന്നു നിരവധി വഷത്തെ കഠിനാദ്ധ്വാനവും വിചക്ഷണനിരീക്ഷണവും കൊണ്ടുപോലും അറിയുക പ്രയാസമായിരുന്നു. ഇന്നു, പ്രകാശംപോലെ അന്തരീക്ഷത്തിൽ വ്യാപരിച്ചുകിടക്കുന്നതും ഓരോ ശിശുവും ബോധംവരുന്നതോടെ സ്വയം കരസ്ഥമാക്കുന്നതുമായ അറിവുകഠം സമ്പാദിക്കുവാൻ അന്നു നൂറുക്കണക്കായ നാഴിക യാത്ര ചെയ്യുകയും ആയുഷ്ക്കാലമത്രയും ഗവേഷണം നടത്തുകയും വേണ്ടിയിരുന്നു. ഇന്നു ഊഹാപോഹങ്ങളും കള്ളക്കഥകളുമായി അവഗണിക്കപ്പെടുന്ന സംഗതികഠം അന്നു 'യാഥാത്മ്യ'ങ്ങളായിരുന്നു. ഇന്നു അപരിഷ്കൃതമെന്നും മൃഗീയമെന്നും പറയുന്ന പ്രവൎത്തനങ്ങഠം അന്നു സൎവ്വസാധാരണമായിരുന്നു. ഇന്നു മനുഷ്യഹൃദയം വെറുക്കുന്ന കാര്യങ്ങഠം അന്നത്തെ ധാൎമ്മിക നീതിയിൽ അനുവദനീയമായിരുന്നുവെന്നു മാത്രമല്ല, ഭിന്നമായ ഒരു മാൎഗ്ഗമുണ്ടാവാമെന്നു ചിന്തിക്കുകപോലും സാധ്യമായിരുന്നില്ല. അന്നു മനുഷ്യൻെറ

'അത്ഭുതഭ്രമം' അങ്ങേയററം അതിർകവിഞ്ഞുപോയിരുന്നു: ഒരുവസ്തു അഭൗമികവും പ്രകൃത്യതീതവും അസാധാരണവുമാകാതിരിക്കുന്ന കാലത്തോളം അതിൽ വല്ല സത്യമോ മഹത്വമോ സമ്മതിച്ചുകൊടുക്കാൻ തന്നെ അവർ തയാറുണ്ടായിരുന്നില്ല. എന്നല്ല, മനുഷ്യൻതന്നെത്തന്നെ ഹീനനും നിന്ദ്യനുമായാണ് കണക്കാക്കിയിരുന്നത്; മനുഷ്യൻ ദൈവസാമീപ്യം സിദ്ധിച്ചവനാവുക, ദൈവസാമീപ്യസിദ്ധൻ മനുഷ്യനാവുക ഇതൊന്നും അവക്ക് ചിന്തിയ്ക്കുക സാധ്യമായിരുന്നില്ല.

ഈ തമോയുഗത്തിൽ ഇരുളിൻെറ കരാളത സർവ്വോപരി ആധിപത്യം വാണിരുന്ന ഒരു പ്രദേശമുണ്ടായിരുന്നു. അക്കാലത്തെ നാഗരികമാനദണ്ഡമനുസരിച്ചു; നാഗരികത സിദ്ധിച്ച ദേശങ്ങൾക്കിടയിൽ അറേബ്യ ഒററപ്പെട്ടു കിടയ്ക്കുകയായിരുന്നു. ഇറാൻ, റോം, ഈജിപ്ത് തുടങ്ങിയ അയൽ രാജ്യങ്ങളിൽ വിജ്ഞാനകലകളുടെയും സംസ്ക്കാര നാഗരികതകളുടെയും വെളിച്ചം അല്പാല്പം ദൃശ്യമായിരുന്നെങ്കിലും അനന്തമായ മണലരണ്യങ്ങൾ അറേബ്യയെ ആ പ്രദേശങ്ങളിൽ നിന്നെല്ലാം ഒററപ്പെടുത്തിയിരുന്നു. അറേബ്യൻ വ്യാപാരികൾ മാസങ്ങളോളം ഒട്ടകപ്പുറത്ത് യാത്രചെയ്ത് ആ രാജ്യങ്ങളിൽപോയി ചരക്കുകൾ വിക്രയം നടത്തി തിരിച്ചുപ്പോരുക മാത്രമാണ് ചെയ്തിരുന്നത്. വിജ്ഞാനസംസ്കാരങ്ങളുടെ വെളിച്ചം അവരുടെ കൂടെ പോന്നിരുന്നില്ല. അവരുടെ നാട്ടിൽ ഒരു സ്കൂളോ, ഗ്രന്ഥാലയമോ ഉണ്ടായിരുന്നില്ല. ജനങ്ങളിൽ വിദ്യാഭ്യാസവാസനയോ കലാശാസ്ത്രതല്പരതയോ ഉണ്ടായിരുന്നില്ല. എഴുതാനും വായിക്കാനും അറിയുന്നവ

അംഗുലിപരിമിതരായിരുന്നു. അവൎക്കാണെങ്കിൽ അന്നത്തെ ശാസ്ത്രകലകൾ അറിയാൻതക്ക പാണ്ഡിത്യവുമുണ്ടായിരുന്നില്ല. ഉയൎച്ചയുടെ ഉച്ചിയിലെത്തിയ കെട്ടുറപ്പുള്ള ഒരു ഭാഷ അവൎക്ക് സ്വാധീനമായിരുന്നുവെന്നു തീൎച്ചതന്നെ; ഉന്നതമായ ആശയാദൎശങ്ങൾ പ്രകാശിപ്പിക്കുവാനുള്ള അസാമാന്യ കഴിവും വികാസവും ആ ഭാഷയ്ക്കുണ്ടായിരുന്നുതാനും. ഉത്തമ സാഹിത്യവാസനയും അവൎക്ക് സ്വായത്തമായിരുന്നു. എന്നാൽ നമുക്ക് ലഭിച്ചിട്ടുള്ള അവരുടെ സാഹിത്യശില്പങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്, അവരുടെ അറിവുകൾ എത്ര പരിമിതമായിരുന്നു; സംസ്കാരനാഗരികതയിൽ അവരുടെ നിലവാരം എന്തുമാത്രം അധഃസ്ഥിതമായിരുന്നു; ഊഹാപോഹങ്ങൾക്ക് അവരിൽ എത്രമാത്രം സ്വാധീനമുണ്ടായിരുന്നു; അവരുടെ ആചാരവിചാരങ്ങളിൽ എന്തുമാത്രം അജ്ഞതയും കാടത്തവും കലൎന്നിരുന്നു; അവരുടെ സദാചാര സങ്കല്പങ്ങൾ എത്രമേൽ മനുഷ്യത്വവിഹീനവും യുക്തിവിരുദ്ധവുമായിരുന്നു എന്ന്.

അറേബ്യായിൽ ഒരു വ്യവസ്ഥാപിത ഗവൎമ്മെൻറാ നിയമചട്ടമോ ഉണ്ടായിരുന്നില്ല. ഓരോ ഗോത്രവും തങ്ങളെസ്സംബന്ധിച്ച സൎവ്വതന്ത്രസ്വതന്ത്രരും കൈരാതിക നിയമാനുവൎത്തികളുമായിരുന്നു. കയ്യൂക്ക് ആരുടെ മേൽനടക്കുമോ അവരെയെല്ലാം നിൎദ്ദയംവധിക്കുകയും അവരുടെ ധനം പിടിച്ചടക്കുകയും ചെയ്തിരുന്നു. സ്വഗോത്രക്കാരനല്ലാത്തെ ഒരാളെ എന്തിനു കൊല്ലാതിരിക്കണം, ധനം എന്തിന് പിടിച്ചടക്കാതിരിക്കണം എന്നു ഒരു അറബിക്കാട്ടാളനു മനസ്സിലാക്കുക പ്രയാസമായിരുന്നു.

സദാചാരം, പരിഷ്ക്കാരം, സംസ്കാരം എന്നിവ
യെ സംബന്ധിച്ച അറബികളുടെ ധാരണകൾ അത്യ
ന്തം നിന്ദ്യവും അപഹാസ്യവുമായിരുന്നു. ശുദ്ധാശു
ദ്ധഭേദത്തേയും ന്യായാന്യായ വ്യത്യാസത്തേയും സൽ
സ്വഭാവ ദുസ്വഭാവവിവേചനത്തേയും സംബന്ധിച്ചിട
ത്തോളം അവർ പ്രായേണ അപരിചിതരായിരുന്നു. അ
വരുടെ ജീവിതം തീരെ മലീമസമായിരുന്നു. തനി കാട
ത്തമായിരുന്നു അവരുടെ മാർഗ്ഗം. വ്യഭിചാരം, ചൂതാട്ടം,
മദ്യപാനം, മോഷണം, കൊല, കൊള്ള, രക്തച്ചൊരി
ച്ചൽ ആദിയായവ അവരുടെ നിത്യത്തൊഴിലുകളായി
രുന്നു. ഒരുത്തൻ മറ്റൊരുത്തന്റെ മുമ്പിൽ അനായാ
സം നഗ്നനായി നില്ക്കുമായിരുന്നു. സ്ത്രീകൾപോലും
നഗ്നകളായി കഅബാപ്രദക്ഷിണം ചെയ്യുമായിരുന്നു.
വല്ലവരും തങ്ങളുടെ ജാമാതാവായത്തീരുമെന്ന മൂഢ
ധാരണയെ ആധാരമാക്കി സ്വപുത്രികളെ സ്വന്തംകൈ
കൊണ്ടു ജീവനോടെ കുഴിച്ചുമൂടുമായിരുന്നു. പിതാവി
ന്റെ മരണശേഷം പിതൃപത്നിമാരെ മൂത്തമകൻ വി
വാഹംചെയ്തിരുന്നു. ഭോജനം, വസ്ത്രധാരണം, ശുചീ
കരണം ആദിയായവയുടെ പ്രാഥമിക മര്യാദകൾപോ
ലും അവർക്കു നിശ്ചയമില്ലായിരുന്നു.

മതവിഷയകമായി അന്നത്തെ ലോകത്തെ ഗ്ര
സിച്ചിരുന്ന സകല മൗഢ്യങ്ങളിലും അന്ധവിശ്വാസങ്ങ
ളിലും അറബികളും പങ്കാളികളായിരുന്നു. വിഗ്രഹപൂജ,
പ്രേതപൂജ, നക്ഷത്രപൂജ എന്നുവേണ്ട, ഏകദൈവാരാ
ധനഒഴിച്ചു ലോകത്തുണ്ടായിരുന്ന സകല പൂജകളും അ
വരിൽ നടമാടിയിരുന്നു. പൂർവ്വപ്രവാചകന്മാരേയും അ
വരുടെ ശിക്ഷണശീലനങ്ങളേയും സംബന്ധിച്ച ശരി
യായ അറിവൊന്നും അവരുടെ വശമുണ്ടായിരുന്നില്ല.

ഇബ്റാഹീമും ഇസ്മാഈലും തങ്ങളുടെ പിതാക്കളാണെ ന്നുമാത്രം അവക്കറിയാം. എന്നാൽ ആ രണ്ടു മഹാ ന്മാരുടെ ദീനെന്തായിരുന്നെന്നോ, അവർ ആക്കാണ് ഇബാദത്ത് ചെയ്തിരുന്നതെന്നോ അറബികൾക്കറി ഞ്ഞുകൂടായിരുന്നു. ആദിൻേറയും സമൂദിൻേറയും കഥ കൾക്ക അവക്കിടയിൽ പ്രചുരപ്രചാരം സിദ്ധിച്ചിരു ന്നു. എന്നാൽ അറബിചരിത്രകാരന്മാർ ഉദ്ധരിച്ചിട്ടു ള്ള ആ റിപ്പോർട്ടുകൾ വായിച്ചാൽ സാലിഹിൻേറയും ഹൂദിൻേറയും ശിക്ഷണങ്ങളുടെ ഒരു ചിഹ്നംപോലും നമുക്കതിൽ കാണ്മാൻ കഴിയുന്നതല്ല. ജൂതക്രൈസ്തവ സമുദായങ്ങൾ മുഖേന ബനൂഇസ്രാഈൽ പ്രവാചകന്മാ രുടെ കഥകളും അവക്കെത്തിയിട്ടുണ്ടായിരുന്നു. എ ന്നാൽ അവ എങ്ങിനെയുള്ളതാണെന്നനുമാനിക്കുവാൻ നമ്മുടെ ഖുർആൻ വ്യാഖ്യാതാക്കൾ ഉദ്ധരിച്ചിട്ടുള്ള ഇസ്രായീലി ഇതിഹാസങ്ങളിൽ ഒന്നു കണ്ണോടിച്ചാൽ മതി. അറബികളും, തങ്ങളുടെ നബിമാരെപററി അറി യുന്ന ഇസ്രാഈൽസമുദായംതന്നേയും എന്തുതരം മനു ഷ്യരായിരുന്നുവെന്നും അവരുടെ പ്രവാചകത്വസങ്ക ല്പം എത്രമാത്രം അത്ഥശൂന്യമായിരുന്നുവെന്നും നിങ്ങൾ ക്ക മനസ്സിലാവും.

ഇങ്ങനെയുള്ള ഒരു ദശാസന്ധിയിൽ, ആ നാ ട്ടിൽ ഒരു വ്യക്തി ജനിക്കുന്നു, മാതാപിതാക്കളുടേയും പിതാമഹൻേറയുംതണൽ ശൈശവദശയിൽതന്നെ അദ്ദേഹത്തിൻെറ ശിരസ്സിൽനിന്നു നീങ്ങിപ്പോവുന്നു. അതിനാൽ ഒരു അറബിബാലനു സാധാരണഗതിയിൽ ലഭിക്കാവുന്ന നിസ്സാരപരിശീലനം പോലും അദ്ദേഹത്തി ന്നു ലഭിച്ചില്ല. വിവേകോദയത്തോടെ അപരിഷ്കൃത ച്ചെറുക്കന്മാരോടൊപ്പം അദ്ദേഹം ആടുമാടുകളെ മേയ്ക്കു

വാൻ തുടങ്ങുന്നു; യൗവ്വനത്തോടെ വത്തകവൃത്തിയിലേ
ർപ്പെടുന്നു; ഇരുത്തവും നിറത്തവും നടത്തവുമെല്ലാം നാം
മുമ്പു വിവരിച്ച അതേ അറബികളോടുകൂടി. വിദ്യാ
ഭ്യാസം പേരിനുപോലും സിദ്ധിച്ചിട്ടില്ല. എഴുതാനും
വായിയ്ക്കാനും അറിയില്ല. ഒരു പണ്ഡിതൻെറ സഹവാ
സത്തിനാണെങ്കിൽ പണ്ഡിതൻ തന്നെ അറബികളിലു
ണ്ടായിരുന്നില്ല. ചിലപ്പോഠം അദ്ദേഹത്തിനു അറേബ്യ
ക്ക് പുറത്തും കാൽകുത്താൻ ഭാഗ്യം സിദ്ധിച്ചിട്ടുണ്ടെ
ന്നത് ശരിതന്നെ. എന്നാൽ പ്രസ്തുത യാത്ര സിറിയാ
പ്രദേശംവരെ മാത്രമായിരുന്നു. അതു അന്നത്തെ അ
റബി സാത്ഥവാഹസംഘങ്ങഠം നടത്തിയിരുന്നതുപോ
ലുള്ള ഒരു കച്ചവടയാത്ര മാത്രവുമായിരുന്നു. ഇനി പ്രസ്തുത
യാത്രാവേളിൽ അദ്ദേഹം വല്ലവിജ്ഞാന-സംസ്കാര
ചിഹ്നങ്ങളും കണ്ടെന്നു സങ്കല്പിക്കുക, അല്ലെങ്കിൽ ചി
ല വിദ്വജ്ജനങ്ങളുമായി കൂടിക്കാഴ്ചകഠം നടത്തിയെന്നു
വയ്ക്കുക; എന്നാൽതന്നെ ഇമ്മാതിരി ഒററപ്പെട്ട സന്ദശ്
നങ്ങളും താല്ക്കാലിക കൂടിക്കാഴ്ചകളുംകൊണ്ട് ഒരു മനു
ഷ്യൻെറ ജീവിതചര്യ രൂപപ്പെടുകയില്ലെന്നു വ്യക്തമാ
ണ്. അതേ, ചുററുപാടിൽനിന്നു തികച്ചും സ്വാതന്ത്ര്യ
വും, തീരെ വ്യതിരിക്തവും പരിതഃസ്ഥിതിയുമായി
യാതൊരു പൊരുത്തവുമില്ലാത്തതുമായ ഒരു സ്വാധീന
ശക്തി അദ്ദേഹത്തിൽചെലുത്താൻ ആ കൂടിക്കാഴ്ചകഠം
ക്കു കഴിയുമായിരുന്നില്ല. അക്ഷരജ്ഞാനമില്ലാത്ത ഒരു
ഗ്രാമീണനു ഒരു രാജ്യത്തിൻെറ മാത്രമല്ല, മുഴുലോക
ത്തിൻെറയും, ഒരു യുഗത്തിൻെറ മാത്രല്ല, എല്ലാ യുഗ
ങ്ങളുടേയും നേതൃസ്ഥാനം അലങ്കരിക്കാൻ കഴിയുമാ
റുള്ള വിജ്ഞാനവും പക്വതയും പാകതയും അവകൊ
ണ്ടുണ്ടാവുക ഒരിക്കലും സാധ്യമായിരുന്നില്ല. പുറത്തുള്ള

ആളുകളിൽനിന്നു അദ്ദേഹം വല്ല വിജ്ഞാനവും കരസ്ഥമാക്കിയാൽതന്നെ അക്കാലത്ത് യാതൊരുത്തനും നേടാത്തതും ലോകത്തെവിടേയും ഇല്ലാത്തതും മതം, സദാചാരം, സംസ്കാരം, നാഗരികത എന്നിവയെസ്സംബന്ധിച്ചതുമായ ധാരണകളും തത്വങ്ങളും അദ്ദേഹത്തിനു എവിടെനിന്നു ലഭിക്കാനാണ്? അദ്ദേഹം കാട്ടിത്തന്ന മനുഷ്യചരിതമാതൃക അക്കാലത്ത് ഒരിടത്തും ദൃശ്യമായിരുന്നില്ല. അതിനാൽ അവ നേടിയെടുക്കാൻ അന്നത്തെ പരിതസ്ഥിതിയിൽ യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ലെന്നത് വളരെ തീർച്ചയാണ്.

അറേബ്യയുടെ മാത്രമല്ല, മുഴു ലോകത്തിൻെറയും പുറമെപാട് മുമ്പിൽവെച്ച് ഒന്നു ചിന്തിച്ചുനോക്കുക: താൻ ജനിച്ചുവളൎന്നു, ശൈശവ-യൗവ്വനദശകൾ തരണം ചെയ്തു, കൂടിയാടിനടന്ന ഒരു ജനതയുടെ ആചാരവിചാരങ്ങളുമായി പ്രസ്തുതവ്യക്തിക്ക് യാതൊരു പൊരുത്തവും കാണുന്നില്ല. അദ്ദേഹം അവരിൽനിന്നെല്ലാം തികച്ചും വ്യത്യസ്തനാണ്.

അദ്ദേഹം ഒരിക്കലും കളവ് പറയുന്നില്ല; അദ്ദേഹത്തിൻെറ സത്യസന്ധതക്ക് ജനത മുഴുവൻ സാക്ഷ്യം വഹിക്കുന്നു; അദ്ദേഹം ഇന്നപ്പോൾ കളവുപറഞ്ഞുവെന്ന് അദ്ദേഹത്തിൻെറ കഠിനശത്രു പോലും ആരോപിക്കുന്നില്ല; അദ്ദേഹം ആരോടും നീചവാക്ക് സംസാരിക്കുന്നില്ല; അസഭ്യമോ അശ്ലീലമോ ആയ ഒരു വാക്ക് അദ്ദേഹത്തിൻെറ നാവിൽനിന്നു ആരും ഒരിക്കലും കേട്ടിട്ടില്ല; ജനങ്ങളുമായി നാനാവിധ ഇടപാടുകൾ അദ്ദേഹം നടത്തുന്നുണ്ടെങ്കിലും ഒരു വഴക്കിന്നോ വക്കാണത്തിന്നോ ഒരിക്കലും ഇടവരുന്നില്ല; അദ്ദേഹത്തിൻെറ നാവിൽ രൂക്ഷതയല്ല, മാധുര്യമാണുള്ളത്; അതുതന്നെ

താനുമായി കണ്ടുമുട്ടുന്നവരെ അത്യാകൃഷ്ടരാക്കുന്ന വിധത്തിൽ. അദ്ദേഹം ആരോടും മര്യാദവിട്ട് പെരുമാറുന്നില്ല; ആരുടേയും അവകാശം അപഹരിക്കുന്നില്ല; കൊല്ലങ്ങളോളം കച്ചവടം നടത്തിയിട്ടും ഒരു പൈപോലും അന്യായമായി എടുക്കുന്നില്ല; എടപാടുകാരെല്ലാം അദ്ദേഹത്തിൻെറ സത്യസന്ധതയിൽ പൂർണ്ണമായി വിശ്വസിക്കുന്നു; എല്ലാവരും അദ്ദേഹത്തെ 'അൽഅമീൻ' (വിശ്വസ്ഥൻ) എന്നു വിളിക്കുന്നു; ശത്രുപോലും തൻെറ വിലപ്പെട്ട ധനം അദ്ദേഹത്തിൻെറ പക്കൽ സൂക്ഷിക്കാൻ കൊടുക്കുകയും അദ്ദേഹമത് സൂക്ഷിക്കുകയും ചെയ്യുന്നു; ലജ്ജയില്ലാത്തവർക്കിടയിൽ അദ്ദേഹം എത്രയും ലജ്ജാശീലനായി കാണപ്പെടുന്നു; ബോധം വന്നശേഷം ആരുമൊരിക്കലും അദ്ദേഹത്തെ നഗ്നനായി കണ്ടിട്ടില്ല. ദുസ്സ്വഭാവികൾക്കിടയിൽ അദ്ദേഹം അതീവ സത്സ്വഭാവിയാണ്. ഒരിക്കലുമൊരു ദുർവൃത്തിയിൽ അകപ്പെടുന്നില്ല; മദ്യപാനത്തേയും ചൂതാട്ടത്തേയും സമീപിക്കുക പോലും ചെയ്യുന്നില്ല; സംസ്കാരഹീനർക്കിടയിൽ അദ്ദേഹം സമുന്നതനായ സംസ്കാരസമ്പന്നനാണ്. അവിവേകത്തെയും കൊള്ളരുതായ്മയേയും കഠിനമായിവെറുക്കുന്നു; അദ്ദേഹത്തിൻെറ സകല പ്രവർത്തനങ്ങളിലും വെടിപ്പും വൃത്തിയും കാണപ്പെടുന്നു; ശിലാഹൃദയന്മാർക്കിടയിൽ അദ്ദേഹം എത്രയും സൗമനസ്കനാണ്; എല്ലാവരുടെയും ദുഃഖത്തിലും വേദനയിലും പങ്ക്കൊള്ളുന്നു; അനാഥകളേയും വിധവകളേയും സഹായിക്കുന്നു; വഴിപോക്കന്മാരെ സല്ക്കരിക്കുന്നു; ആർക്കും അദ്ദേഹത്തിൽനിന്നു ദുഃഖമേൽക്കുന്നില്ല; മററുള്ളവർക്കുവേണ്ടി സ്വയം ദുഃഖമനുഭവിക്കുന്നു; കാട്ടാളർക്കിടയിൽഅദ്ദേഹം നിസ്തുലനായ സമാധാനതല്പരനാണ്; സമുദായത്തിൽ കലഹകലാപങ്ങളും രക്തച്ചൊരിച്ചിലുകളും നടമാടുന്നത്കണ്ട്

തൻെറ ഹൃദയം വെന്തുനീറുന്നു. സ്വഗോത്രക്കാരുടെ ശണ്ഠകളിൽനിന്നു തികച്ചും ഒഴിഞ്ഞുനില്ക്കുകയും സമാധാനത്തിന്നുവേണ്ടിയുള്ള പരിശ്രമങ്ങളിൽ മുൻകയ്യെടുക്കുകയും ചെയ്യുന്നു; ബിംബാരാധകൎക്കിടയിൽ അദ്ദേഹം വളരെ ശുദ്ധപ്രകൃതിയും നിൎമ്മലബുദ്ധിയുമായി കാണപ്പെടുന്നു; ആകാശഭൂമികളിൽ യാതൊരു വസ്തുവും പൂജിക്കപ്പെടുവാൻ അൎഹമായി അദ്ദേഹത്തിന്നു തോന്നുന്നില്ല; യാതൊരു സൃഷ്ടിയുടെ മുമ്പിലും അദ്ദേഹത്തിൻെറ ശിരസ്സ് കുനിയുന്നില്ല; ബിംബങ്ങൾക്കുനേൎന്ന ഭക്ഷണപദാൎത്ഥങ്ങൾപോലും അദ്ദേഹം സ്വീകരിക്കുന്നില്ല; ബഹുദൈവവിശ്വാസത്തേയും സൃഷ്ടിപൂജയേയും അദ്ദേഹത്തിൻെറ ഹൃദയം സ്വയം വെറുക്കുന്നു.

കാളരാത്രിയുടെ കരാളതയിൽ പ്രകാശപൂരിതമായ വിളക്കുപോലെ, ചരൽ കൂമ്പാരത്തിൽ മിന്നിത്തിളങ്ങുന്ന രത്നംപോലെ അദ്ദേഹം പ്രസ്തുത ചുററുപാടിൽ വേറിട്ട് കാണപ്പെടുന്നു.

ഏതാണ്ട് നാല്പതുവൎഷത്തോളം ഇങ്ങിനെ പവിത്രവും നിൎമ്മലവും കുലീനവുമായ ജീവിതം നയിച്ചശേഷം അദ്ദേഹത്തിൽ പുതിയൊരു പരിവൎത്തനം ആരംഭിക്കുന്നു. നനാഭാഗത്തും വ്യാപിച്ചുകിടക്കുന്ന അന്ധകാരപടലത്താൽ അദ്ദേഹം അസ്വസ്ഥനും വ്യാകുലചിത്തനുമായിത്തീരുന്നു; തന്നെ വലയംചെയ്യുന്ന അജ്ഞത, ദുസ്വഭാവം, ദുരാചാരം, ദുൎന്നീതി, ശിൎക്ക്, ബിംബാരാധന എന്നീ അപകടക്കടലിൽനിന്നു അദ്ദേഹം കരപററാനാഗ്രഹിക്കുന്നു; ആ ചുററുപാടിൽ തൻെറ പ്രകൃതിക്ക് പൊരുത്തപ്പെടുന്ന യാതൊന്നും അദ്ദേഹം കാണുന്നില്ല. തന്നിമിത്തം സകലരിൽനിന്നും ഒററപ്പെട്ട്, ജനശൂന്യമായ പൎവ്വതത്തിൽ പോയിരിക്കാൻ തുട

ങ്ങുന്നു. പ്രശാന്തഗംഭീരവും ഏകാന്തസുന്ദരവുമായ ഒരു വിജനലോകത്തുപോയി കുറേ നാളുകൾ കഴിച്ചുകൂട്ടുന്നു. നിരാഹാരവ്രതമനുഷ്ഠിച്ച് ആത്മാവിനെയും ഹൃദയത്തേയും കൂടുതൽ നിർമ്മലമാക്കുന്നു. ചിന്തിക്കുന്നു; ആലോചിക്കുന്നു; നാനാഭാഗത്തും വ്യാപിച്ചുകഴിഞ്ഞ അന്ധകാരത്തെ ദൂരീകരിക്കുവാനുള്ള വെളിച്ചമന്വേഷിക്കുന്നു. ദുഷിച്ചുനാറിയ ലോകത്തെ ഉടച്ചുവാർത്ത് ഒരു നവലോകം നിർമ്മിക്കുവാനുള്ള ശക്തി സമ്പാദിക്കാൻ ആശിക്കുകയും ചെയ്യുന്നു.

പെട്ടന്നാണ് അദ്ദേഹത്തിൻെറ സ്ഥിതിയിൽ ഒരു വമ്പിച്ചപരിവൎത്തനം പ്രകടമാവുന്നത്. അതുവരെ ഇല്ലാതിരുന്ന ഒരു പ്രകാശം അദ്ദേഹത്തിൻെറ ഹൃദയത്തിലതാ പെട്ടെന്നുദയംചെയ്യുന്നു. അതുവരെ അലഭ്യമായിരുന്ന ഒരു മഹച്ഛക്തി യാദൃഛികമായി അദ്ദേഹത്തിൻെറ ഉള്ളിലതാ നിറയുന്നു. അതോടെ പൎവ്വതഗുഹയുടെ ഏകാന്തതയിൽനിന്നു അദ്ദേഹം പുറത്തുവരുന്നു. സ്വസമുദായത്തിൻെറ അടുക്കൽചെന്നു ഉപദേശിക്കുന്നു: "നിങ്ങൾ കുമ്പിട്ട് പൂജിക്കുന്ന ഈ ബിംബങ്ങളെല്ലാം കേവലം നിരൎത്ഥകങ്ങളത്രെ. അവയെ കൈവെടിയുക. മനുഷ്യൻ, മരം, കല്ല്, പ്രേതം, നക്ഷത്രം ഇവയൊന്നും പ്രണാമാൎഹമല്ല. ആരാധനയ്ക്കും അടിമവൃത്തിക്കും അനുസരണത്തിനും യോഗ്യമല്ല. ഭൂമിയും ആകാശവും സൂൎയ്യചന്ദ്രനക്ഷത്രാദി ഗോളങ്ങളുമെല്ലാം ഏകദൈവത്തിൻെറ സൃഷ്ടികൾമാത്രം; അവനാണ് നിങ്ങളേയും അഖില ചരാചരങ്ങളേയും സൃഷ്ടിച്ചിട്ടുള്ളത്. ആഹാരംനല്കുന്നവനും ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും അവൻ മാത്രമാണ്. സൎവ്വത്തേയും ഉപേക്ഷിച്ചു അവന്നുമാത്രം അടിമപ്പെടുക. മററെ

ല്ലാം വെടിഞ്ഞു അവൻെറമാത്രം ആജ്ഞ സ്വീകരിക്കുക; അവൻെറ മുമ്പിൽമാത്രം തലകുനിയ്ക്കുക. നിങ്ങളിന്നു നടത്തിക്കൊണ്ടിരിരിക്കുന്ന കളവു, കൊല, കൊള്ള, കവച്ച്, അക്രമം, മദ്ദനം, നീചവൃത്തികൾ എല്ലാംതന്നെ മഹാപാപങ്ങളാണ്. അവ പരിത്യജിക്കുക. അതൊന്നും ദൈവം തീരെ ഇഷ്ടപ്പെടുന്നില്ല. സത്യം പറയുക; നീതി പാലിക്കുക; ആരേയും വധിക്കരുത്. ആരുടെയും ധനം അപഹരിക്കരുത്. അവകാശപ്പെട്ടതേന്തോ അതു വാങ്ങുക; ബാധ്യതപ്പെട്ടതേതോ അതുകൊടുക്കുക; നിങ്ങളെല്ലാം മനുഷ്യരാണ്. മനുഷ്യനും മനുഷ്യനും സമന്മാരാണ്. ആരും ഹീനത്വത്തിൻെറ കരിങ്കലയോടുകൂടി ജനിക്കുന്നില്ല; ആരും മഹത്വത്തിൻെറ വീരമുദ്രയോടുകൂടി ജാതരാവുന്നില്ല. ജാതിയിലും കുലത്തിലുമല്ല ശ്രേഷ്ഠത്വവും മഹത്വവും; ദൈവ ഭക്തിയിലും സദ്വൃത്തിയിലും പരിശുദ്ധിയിലുമാകുന്നു. ദൈവത്തെ ഭയപ്പെടുന്നവനാണ് ഉത്തമനും പരിശുദ്ധനും ഉൽകൃഷ്ടനുമായ മനുഷ്യൻ; അല്ലാത്തവൻ ഒന്നുമല്ല. മരണാനന്തരം നിങ്ങൾക്കെല്ലാം ദൈവസന്നിധിയിൽ ഹാജരാകേണ്ടതുണ്ട്. ഓരോ വ്യക്തിയും സ്വന്തം കമ്മങ്ങളെസംബന്ധിച്ച് ദൈവ സന്നിധിയിൽ ഉത്തരം പറയേണ്ടിവരും. എല്ലാം കാണുന്നവനും അറിയുന്നവനുമായ ദൈവത്തിൽനിന്നു യാതൊന്നും മറച്ചുവെക്കുക സാദ്ധ്യമല്ല. നിങ്ങളുടെ ജീവിത കൃത്യങ്ങൾ ഒന്നൊഴിയാതെ അവൻെറ സന്നിധിയിൽ സമപ്പിക്കപ്പെടുന്നതാണ്. ആ ജീവിത റിപ്പോട്ടിൻെറ അടിസ്ഥാനത്തിലായിരിക്കും നിങ്ങളുടെ പരിണാമത്തെക്കുറിച്ച് വിധികല്പിക്കപ്പെടുക. യഥാത്ഥ നീതിമാനായ ദൈവത്തിൻെറ അടുക്കൽ ശിപാൾശിയൊന്നും വിലപ്പോവുകയില്ല. കൈക്കൂലി നടക്കയില്ല. കുല

മഹിമ അവിടെ പരിഗണനനീയമല്ല. സത്യവിശ്വാസവും സല്ക്കർമ്മവും മാത്രമാണ് പരിഗണനനീയം. അതാരുടെ പക്കലുണ്ടോ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അല്ലാത്തവർ പരാജിതരായി നരകത്തിൽ ആപതിക്കും.”

ഇതായിരുന്നു അദ്ദേഹം ഗിരിഗുഹയിൽ നിന്നു കൊണ്ടുവന്ന സന്ദേശം!

മൂഢജനത അദ്ദേഹത്തിൻെറ ശത്രുവായി ഭവിക്കുന്നു; അദ്ദേഹത്തെ ചീത്തപറയുന്നു; കല്ലെറിയുന്നു; നാനാവിധേന നിർദ്ദയം മർദ്ദിക്കുന്നു. ഒന്നോ രണ്ടോ ദിവസമല്ല, പതിമൂന്നു സംവത്സരങ്ങളോളം. അവസാനം സ്വദേശത്തു നിന്നും അദ്ദേഹം ബഹിഷ്ക്കരിക്കപ്പെടുന്നു. എന്നാൽ നാടുകടത്തിയിട്ടും അവർ അടങ്ങിയിരിക്കുന്നില്ല. അഭയംപ്രാപിച്ച സ്ഥലത്തു വെച്ചും അദ്ദേഹത്തെ ഉപദ്രവിക്കുന്നു. അറബികളെ മുഴുവൻ അദ്ദേഹത്തിൻെറ നേരെ ഇളക്കിവിടുന്നു. തികഞ്ഞ എട്ടുവർഷം അദ്ദേഹത്തോട് സമരം നടത്തുന്നു. അദ്ദേഹമാകട്ടെ, ഈ അക്രമമർദ്ദനങ്ങളെല്ലാം സഹിക്കുന്നുവെങ്കിലും തൻെറ വാദത്തിൽ നിന്നു അണുവോളം പിന്മാറുന്നില്ല.

ജനത എന്തുകൊണ്ടദ്ദേഹത്തിൻെറ ശത്രുവായി? ധനപരമോ ഭൂപർമോ ആയ വല്ല വഴക്കുമുണ്ടായിരുന്നോ? അദ്ദേഹം അവരിൽ നിന്നു വല്ലതും ആവശ്യപ്പെട്ടിരുന്നോ? പ്രതിക്രിയാപരമായ വല്ല വാദവുമുണ്ടായിരുന്നോ? ഇല്ല; ഒന്നുമുണ്ടായിരുന്നില്ല. ഏകദൈവത്തിനുള്ള അടിമത്വത്തിൻേറയും പരിപാവന ജീവിതത്തിൻേറയും സൽകർമ്മത്തിൻേറയും

പാഠം അദ്ദേഹം പഠിപ്പിച്ചുവെന്നതാണ് ശത്രുതയ്ക്കു കാരണം! അദ്ദേഹം ബിംബാരാധനകളും ശിക്കിന്നും ദുഷ്ക്കർമ്മത്തിന്നുമെതിരിൽ എന്തിന്നു പ്രചാരവേല നടത്തുന്നു; പൂജാരിമാരുടേയും പുരോഹിതന്മാരുടേയും നേതൃത്വത്തിന്മേൽ എന്തിന്നു പ്രഹരമേല്പിക്കുന്നു; നേതാക്കളുടേയും നാട്ടുപ്രമാണിമാരുടേയും മേധാവിത്തമാകുന്ന ഇന്ദ്രജാലകൂടത്തെ എന്തിന്നു തല്ലിത്തകൎക്കുന്നു; മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഉച്ചനീചത്വങ്ങൾ എന്തിന്നവസാനിപ്പിക്കുന്നു; ഗോത്രപരവും ജാതീയവുമായ പക്ഷപാതങ്ങളെ എന്തിന്നു ദോഷത്വമായി ചിത്രീകരിക്കുന്നു; പുരാതനകാലം മുതൽ സമുദായത്തിൽ നടപ്പുള്ള ജീവിത വ്യവസ്ഥയെ എന്തിന്നു തരിപ്പണമാക്കുന്നു? ഇതൊക്കെയായിരുന്നു അദ്ദേഹം ചെയ്ത തെററ്. 'കുടുംബപാരമ്പര്യങ്ങൾക്കും സമുദായ ചട്ടങ്ങൾക്കും എതിരായതുകൊണ്ട് നീ ഈ വാദമെല്ലാം ഉപേക്ഷിക്കുക; അല്ലെങ്കിൽ നിന്നെ ജീവിക്കാനനുവദിക്കയില്ല' എന്നായിരുന്നു ജനത അദ്ദേഹത്തിന്നു നല്കിയ താക്കീത്.

ശരി, എന്നാൽ ഈ വിഷമതകളെല്ലാം സഹിച്ചതെന്തിനായിരുന്നു? അദ്ദേഹത്തിന്നു രാജത്വപദവി നല്കുവാൻ ജനത തയ്യാറായിരുന്നു. സമ്പത്തിൻെറ കൂമ്പാരം അദ്ദേഹത്തിൻെറ മുമ്പിൽ സമൎപ്പിക്കുവാനും അവർ ഒരുക്കമായിരുന്നു. തൻെറ പുത്തൻവാദത്തിൽ നിന്നു പിന്മാറിയാൽമാത്രം മതി. മററു നിബന്ധനയൊന്നും അവൎക്കുണ്ടായിരുന്നില്ല. പക്ഷെ അദ്ദേഹം അതെല്ലാം തിരസ്ക്കരിക്കുകയും പ്രബോധനത്തിൻെറ പേരിൽ കല്ലേറും മൎദ്ദനങ്ങളും സഹിക്കുകയുമാണ് ചെയ്തത്. ഇതിന്നു കാരണമെന്ത്? സമുദായം ദൈവ

ഭക്തരും സദ്വൃത്തരുമായിത്തീരുന്നതിൽ അദ്ദേഹത്തിന്നു വല്ല സ്വകാര്യതാല്പര്യവും ഉണ്ടായിരുന്നുവോ? ഭരണാധിപത്യവും നേതൃത്വവും സമ്പത്തും സുഖാഡംബരജീവിതവുമെല്ലാം അവഗണിക്കത്തക്ക വല്ല നേട്ടവും തൻെറ മുമ്പിലുണ്ടായിരുന്നുവോ? ശാരീരികവും മാനസികവുമായ കഠിനദ്രോഹങ്ങൾക്കിരയായിത്തീരുകയും നീണ്ട ഇരുപത്തൊന്നു വർഷങ്ങളോളം അതെല്ലാം സഹിക്കുകയും ചെയ്യാൻ പ്രേരിതനാകത്തക്ക വല്ല കാര്യലാഭവും അവിടെ ഉണ്ടായിരുന്നുവോ? ചിന്തിച്ചുനോക്കുക! ആത്മശുദ്ധി, ത്യാഗം, സമസൃഷ്ടിസ്നേഹം എന്നിവകളെ ഇതിലും ഉന്നതമായ ഒരു മാതൃക നിങ്ങൾക്കു വിഭാവനംചെയ്യുക സാദ്ധ്യമാണോ? ഒരു വ്യക്തി സ്വന്തം താല്പര്യത്തിനുവേണ്ടിയല്ല; പരക്ഷേമത്തിന്നുവേണ്ടി വിഷമങ്ങൾ സഹിക്കുക; ആരുടെ നന്മക്കും വിജയസൗഭാഗ്യത്തിനുമായി അയാൾ പരിശ്രമിക്കുന്നുവോ, ആ ആളുകൾതന്നെ അദ്ദേഹത്തെ കല്ലെറിയുകയും തെറിപറയുകയും വീട്ടിൽനിന്നും നാട്ടിൽനിന്നും ബഹിഷ്കരിക്കുകയും ചെയ്യുക; വിദേശത്തും സ്വൈരമായി ജീവിക്കാൻ അനുവദിക്കാതിരിക്കുക; ഇതെല്ലാമായിട്ടും അവക്കു നന്മയും ക്ഷേമവും നേരുന്നതിൽനിന്നു അയാൾ നിമിഷനേരം പിന്മാറാതിരിക്കുക—എത്ര ഉൽകൃഷ്ടമായൊരു നിലപാടാണിത്?

ഇനിയും ചിന്തിക്കുക. ഒരു അസത്യവാദി വല്ല അടിസ്ഥാനരഹിതവാദത്തിൻെറയും പേരിൽ ഇത്തരം വേദനകളും യാതനകളും സഹിക്കുമോ? കേവലം ഊഹത്തേയും അനുമാനത്തേയും അടിസ്ഥാനപ്പെടുത്തി വല്ലവാദവും പുറപ്പെടുവിക്കുന്ന ഒരു താക്കികനു അന്ത്യനിമിഷംവരെ അതിൽ ഉറച്ചുനില്ക്കുക സാ

ദ്ധ്യമാണോ? ആപത്തുകളുടേയും കഷ്ടനഷ്ടങ്ങളുടേയും ഗിരിനിരകഠം തൻെറമേൽ ഇടിഞ്ഞുവീഴുക, വിശാലമായ ഭൂലോകം തനിക്കു ഇടുങ്ങിപ്പോവുക, എല്ലാ രാജ്യങ്ങളും തനിക്കെതിരെ ഇളകിപ്പുറപ്പെടുക, വമ്പിച്ച സൈന്യവ്യൂഹങ്ങഠം തൻെറ നേരെ ആത്തിരമ്പി വരിക, ഇതെല്ലാമുണ്ടായിട്ടും തൻെറ വാദത്തിൽനിന്നു അണുവളവും വ്യതിചലിക്കാതെ ഉറച്ചുനില്ക്കുകയും ചെയ്ക—ഇതെങ്ങിനെ സംഭവ്യമാകും? ഈ സ്ഥൈര്യവും ഈ മനക്കരുത്തുംതന്നെ തികച്ചും സാക്ഷ്യം വഹിക്കുന്നുണ്ട്, തൻെറ വാദത്തിൻെറ സത്യാവസ്ഥയിൽ തനിക്കു പരിപൂണ്ണവും അചഞ്ചലവുമായ വിശ്വാസമുണ്ടെന്ന്. സംശയത്തിൻേറയും ഇടയിളക്കത്തിൻേറയും നേരിയ ലാഞ്ഛനപോലും ഹൃദയത്തിലുണ്ടായിരുന്നെങ്കിൽ ഇടതടവില്ലാത്ത ആപത്തുകളുടെ കൊടുങ്കാററുകഠംക്കു മുമ്പിൽ 21 കൊല്ലങ്ങളോളം അടിയുറച്ചുനില്ക്കുവാൻ അദ്ദേഹത്തിനു ഒരിക്കലും സാധ്യമാകുമായിരുന്നില്ല തന്നെ!

ഇതുവരെ നാം പ്രസ്താവിച്ചത് ആ വ്യക്തിയുടെ സ്ഥിതിയിൽവന്ന മാററത്തിൻെറ ഒരു വശം മാത്രമാണ്. മററെ വശമാകട്ടെ ഇതിനേക്കാഠം വിസ്മയജനകവും അമ്പരപ്പിക്കുന്നതുമാകുന്നു.

അദ്ദേഹം നാല്പതാമത്തെ വയസ്സുവരെ മററു സാധാരണ അറബികളെപ്പോലെ ഒരറബി മാത്രമായിരുന്നു. അക്കാലമത്രയും ആ വത്തകനെ ഒരു വാഗ്മിയെന്ന നിലക്കോ, പ്രഭാഷകനെന്ന നിലക്കോ ആരും അറിയുകയുണ്ടായിട്ടില്ല. തത്വജ്ഞാനത്തിൻെറയോ ധിഷണാപരതയുടെയോ ഒരു വാക്കുപോലും അദ്ദേഹം പറഞ്ഞതായി കേട്ടിട്ടില്ല. അദൃശ്യ

കാര്യങ്ങൾ, സദാചാരതത്വശാസ്ത്രം, നിയമം, ഭരണതന്ത്രം, സമ്പദ്വ്യവസ്ഥ, നാഗരികപ്രശ്നങ്ങൾ ആദിയായവയെപ്പററി അദ്ദേഹം വല്ലപ്പോഴെങ്കിലും ചച്ച്ചെയ്തതായി ആരും കണ്ടിട്ടില്ല. ഒരു സേനാധിപതി എന്നതുപോകട്ടെ, നല്ലൊരു ഭടനെന്ന നിലയിൽപോലും അദ്ദേഹം അറിയപ്പെട്ടിട്ടില്ല. ദൈവം, ദൈവദൂതന്മാർ, (മലക്കുകൾ) ആകാശഗ്രന്ഥങ്ങൾ, പൂവ്വപ്രവാചകന്മാർ, പുരാതനജനവിഭാഗങ്ങൾ, പുനരുത്ഥാനം, മരണാനന്തരജീവിതം, സ്വഗ്ഗം, നരകം—ഇവയെസംബന്ധിച്ച ഒരു വാക്കുപോലും അദ്ദേഹത്തിൻെറ നാവിൽനിന്നു പുറത്തുവന്നതായി കേട്ടിട്ടില്ല. അദ്ദേഹം ഉൽകൃഷ്ട സ്വഭാവഗുണത്തോടും ഉത്തമ ചര്യയോടും കൂടിയ സംസ്ക്കാരസമ്പന്നനായിരുന്നുവെന്നത് ശരിതന്നെ; എന്നിരുന്നാലും നാല്പതുവയസ്സാകുന്നതുവരെ ആ വ്യക്തിത്വത്തിൽ അസാധാരണമായ യാതൊന്നും ദൃശ്യമായിരുന്നില്ല. തനിക്കു എന്തോഒരു ഭാവിയുണ്ടെന്നു പ്രതീക്ഷിക്കപ്പെടുന്ന തരത്തിലുള്ള യാതൊരു സംഭവവും അദ്ദേഹത്തിൽനിന്നു പ്രകടമായിരുന്നില്ല. ഒരു മൗനി, ഒരു ശാന്തശീലൻ, ഒരു സമാധാനപ്രിയൻ, നല്ലൊരു മാന്യൻ എന്നീ നിലകളിൽ മാത്രമേ അദ്ദേഹം അറിയപ്പെട്ടിരുന്നുള്ളു. പക്ഷെ നാല്പതാമത്തെ വയസ്സിൽ, 'ഹിറാ' പവ്വതഗുഹയിൽനിന്നു ഒരു പുതിയ സന്ദേശവുമേന്തി വെളിക്കുവന്നതോടെ പെടുന്നനവെയതാ അദ്ദേഹത്തിൻെറ വ്യക്തിത്വം തന്നെ പാടെ മാററിപ്പോവുന്നു!

അറബിലോകത്തെയാകമാനം അമ്പരപ്പിക്കുമാറുള്ള അത്യാശ്ചര്യകരമായ ഒരു പ്രഭാഷണമാണ്, അനന്തരം അദ്ദേഹം ഓതിക്കേൾപ്പിച്ചത്. അതിൻെറ വശ്യ

ശക്തി അവൎണ്ണനീയമത്രെ. അതിൻെറ ശ്രവണമാധുരി തങ്ങളുടെ ഹൃദയത്തെ ഹഠാദാകൎഷിച്ചേക്കുമെന്നു് അതിൻെറ ബദ്ധവൈരികൾപോലും ശങ്കിച്ചിരുന്നു. ഭാഷാസൗന്ദൎയ്യംകൊണ്ടും അൎത്ഥഗാംഭീൎയ്യംകൊണ്ടും പ്രതിപാദനമിടുക്കുകൊണ്ടും തികച്ചും അദ്വിതീയമായിരുന്നു അതു്. സാഹിത്യരസത്തിൽ അതിന്നു തുല്യമായിഅതു മാത്രമേ ഉണ്ടായിരുന്നുള്ളു. കവിപുംഗവന്മാർ, കലാവല്ലഭന്മാർ, പ്രഭാഷണപടുക്കൾ, വാചാലചതുരന്മാർ എന്നിവരുൾക്കൊള്ളുന്ന അറേബ്യൻജനതയെ അതു വെല്ലുവിളിക്കുകയുണ്ടായി, പലവുരു വെല്ലുവിളിക്കുകയുണ്ടായി, സകലരും ഒത്തുശ്രമിച്ചിട്ടെങ്കിലും തത്തുല്യമായ ഒററ അദ്ധ്യായം രചിക്കുവാൻ. എന്നാൽ ആ വെല്ലുവിളിയെ നേരിടുവാൻ ആൎക്കുംതന്നെ കരളുറപ്പുണ്ടായില്ല. നിസ്തുലവും അമാനുഷികവുമായ ഇത്തരമൊരു ഭാഷണം മുമ്പൊരിക്കലും ആ ജനതയുടെ കാതുകൾ ശ്രവിക്കുകയുണ്ടായിട്ടില്ലതന്നെ!

അങ്ങിനെ ഒററയടിക്കു ആ വൎത്തകൻ ഒരു അദ്വിതീയ തത്വജ്ഞാനിയുടേയും നിസ്തുലസദാചാരനാഗരിഗപരിഷ്ക്കൎത്താവിൻേറയും പദവിയിലേക്കുയരുന്നു. മഹാനായ ഒരു ഭരണമീമാംസകൻ, അത്യുത്തമനായ ഒരു നിയമവിശാരദൻ, ഉന്നതനിലവാരത്തിലുള്ള ഒരു ന്യായാധിപൻ, അതുല്യനായ ഒരു സേനാനി എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രശോഭിക്കുന്നു. കേവലം നിരക്ഷരകുക്ഷിയും മണലാരണ്യവാസിയുമായ ആ മനുഷ്യൻ, മുമ്പൊരിക്കലും കേട്ടിട്ടില്ലാത്തതും പിന്നീടാൎക്കും പറയാനാവാത്തതുമായ യുക്തിതത്വങ്ങളും അനൎഘസിദ്ധാന്തങ്ങളും മൊഴിഞ്ഞുതുടങ്ങുന്നു. അഭൗമകാൎയ്യങ്ങളേയും മനുഷ്യൻെറ ജ്ഞാനേന്ദ്രിയങ്ങൾക്കതീതമായ വി

ഷയങ്ങളേയും സംബന്ധിച്ച വിധിനിർണ്ണായകമായ പ്രഭാഷണങ്ങൾ നടത്തുന്നു. അതിപുരാതനവും ചരിത്രാതീതവുമായ കാലംമുതല്ക്കുള്ള ജനവിഭാഗങ്ങളുടെ ചരിത്രസംഭവങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ടു സമുദായത്തിൻെറ ഉത്ഥാനപതനങ്ങളുടെ തത്വശാസ്ത്രത്തെപ്പററി പ്രസംഗിക്കുന്നു. പൂർവ്വപരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ നിരൂപണം ചെയ്തും, ലോകമതങ്ങളെ വിമർശിച്ചും, ജനതതികൾക്കിടയിലുള്ള ഭിന്നാഭിപ്രായങ്ങൾക്കു ന്യായമായ വിധികല്പിച്ചും, മററും അദ്ദേഹം പ്രൗഢഗംഭീരമായി സംസാരിക്കുന്നു. സദാചാരത്തിൻെറയും സംസ്കാരത്തിൻെറയും സത്സ്വഭാവത്തിൻെറയും പാഠം അഭ്യസിപ്പിക്കുന്നു.

അദ്ദേഹം രാഷ്ട്രഭരണത്തേയും ധനവിതരണത്തേയും സാമൂഹ്യ ഇടപാടുകളേയും രാഷ്ട്രാന്തരീയ ബന്ധങ്ങളേയും സംബന്ധിച്ച ഉത്തമനിയമങ്ങൾ നിർമ്മിച്ചു തുടങ്ങുന്നു. അവയുടെ ആന്തരതത്വങ്ങളും യുക്തികളും മനസ്സിലാക്കുവാൻ പണ്ഡിതശിരോമണികൾക്കും ധിഷണാപടുക്കൾക്കും തങ്ങളുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ, നിരവധികാലം നിരീക്ഷണപരീക്ഷണങ്ങൾ നടത്തേണ്ടിവരുന്നു. ലോകാനുഭവങ്ങളുടെ ചക്രവാളം വികസിക്കുംതോറും അവയുടെ ആന്തരതത്വങ്ങൾ അധികമധികം തെളിഞ്ഞുകൊണ്ടിരിക്കുകയാണ്.

നാളിതുവരെ ഒരു ഖഡ്ഗപ്രയോഗം നടത്തുകയോ, വല്ല വിധത്തിലുള്ള സൈനികപരിശീലനം നേടുകയോ, ഒററ യുദ്ധത്തിലൊഴിച്ചു–അതും കേവലമൊരു കാണിയെന്നനിലക്കു–മററു യുദ്ധങ്ങളിൽ പങ്കുകൊള്ളുകയോ ചെയ്തിട്ടില്ലാത്ത, വെറുമൊരു മൗനിയും ശാന്തശീലനുമായിക്കഴിഞ്ഞുകൂടിയിരുന്ന ആ മനുഷ്യൻ പെട്ടെന്നൊരു ധീരയോദ്ധാവായി മാറുന്നു; അതിഭയങ്കരമായ

പോരാട്ടങ്ങളിൽപോലും അടിപതറാതെ സ്വസ്ഥാനത്തു നിന്നു യുദ്ധവിദ്യകൾ പ്രദർശിപ്പിക്കുന്ന വീരശൂരസൈന്യാധിപനായിത്തീരുന്നു; ഒമ്പതു് സംവത്സരത്തിനുള്ളിൽ അറേബ്യാരാജ്യം മുഴക്കെ ജയിച്ചടക്കിയ ഒരുന്നത ജനറലായി, എന്നല്ല, നിരായുധരെന്നു പറയാവുന്ന അറബിസേനക്കു് ചുരുങ്ങിയ വർഷങ്ങൾക്കിടയിൽ വമ്പിച്ച രണ്ടു ആഗോളപട്ടാളശക്തികളെ മണ്ണുകപ്പിക്കുവാൻ സാധിക്കുമാർ, അവരിൽ സംഘടനാബോധവും സമരചൈതന്യവും ഉദ്ദീപിപ്പിച്ച ഒരു വിശ്വജേതാവായി രൂപാന്തരപ്പെടുന്നു!

നാല്പതു വയസ്സുവരെ രാഷ്ട്രീയാഭിരുചിയുടെ കണികപോലും പ്രകടിപ്പിക്കാതിരുന്ന, ഏകാന്തതയും പ്രശാന്തതയും ഇഷ്ടപ്പെട്ടിരുന്ന ആ മനുഷ്യൻ ഒരു മഹാ സമുദായോത്തേജകനും (Reformer) അതുല്യരാഷ്ട്രീയതന്ത്രജ്ഞനുമെന്നനിലയിൽ പെട്ടെന്നു പ്രത്യക്ഷനായി. 12 ലക്ഷം ചതുരശ്രനാഴിക വിസ്താരമുള്ള ഒരു മണലാരണ്യത്തിലെ, ദരിദ്രവാസനക്കാരും കിരാതരും പരുഷസ്വഭാവികളും അജ്ഞരും കലഹപ്രിയരുമായ അറബിഗോത്രങ്ങളെ വെറും 23 കൊല്ലക്കാലംകൊണ്ടു് ഒരു മതത്തിൻെറയും ഒരു സംസ്കാരത്തിൻെറയും ഒരു നിയമത്തിൻെറയും ഒരു ഭരണവ്യവസ്ഥയുടെയും ആജ്ഞാനുവർത്തികളാക്കിത്തീർത്തു. ടെലിഫോൺ, റേഡിയോ, റയിൽപാത, പ്രസ്സ്—ഇവയുടെയൊന്നും സഹായം കൂടാതെതന്നെ! അദ്ദേഹം അവരുടെ ആദർശങ്ങളിൽ പരിവർത്തനം വരുത്തി; സ്വഭാവങ്ങൾ പരിഷ്കരിച്ചു. സദാചാരമുറകൾക്കു് മാററം വരുത്തി. അവരുടെ സംസ്കാരശൂന്യതയെയും കാടത്തത്തെയും ദുർവാസനകളെയും ദുരാചാരങ്ങളെയും ദുശ്ശീലങ്ങളെയും അവ

സാനിപ്പിച്ചു. അവരെ ഉന്നതനിലവാരത്തിലുള്ള സംസ്കാരസമ്പന്നരും പരിഷ്കൃതചിത്തരും സദാചാരപ്രിയരും സത്സ്വഭാവികളുമായി രൂപാന്തരപ്പെടുത്തി. അവരുടെ ധിക്കാരത്തിനും അരാജകത്വമനോഭാവത്തിനും അറുതിവരുത്തി. അങ്ങേയററം നിയമംപാലിക്കുന്നവരും ആജ്ഞാനുസാരികളുമായി അവരെ പരിവൎത്തിപ്പിച്ചു. നൂററാണ്ടുകളായി ഒരു കൊള്ളാവുന്ന വ്യക്തിയെ ജനിപ്പിക്കാത്ത അത്രയും മലടിയായിപോയിരുന്ന അറേബ്യൻ മരുഭൂമിയെ ആയിരമായിരം മഹാന്മാരെയും ലോകനേതാക്കളെയും ജനിപ്പിച്ച വീരപ്രസൂവാക്കിത്തീൎത്തു. ഈ മഹാന്മാരും നേതാക്കളുമാകട്ടെ, മനുഷ്യൎക്ക് മതവും സംസ്ക്കാരവും സദാചാരവും പഠിപ്പിക്കേണ്ടതിന്നായി ലോകത്തിൻെറ നാനാദിക്കുകളിൽ പരക്കുകയും ചെയ്തു.

അക്രമം, ബലാല്ക്കാരം, ചതി, വഞ്ചന തുടങ്ങിയ വല്ല കുതന്ത്രവും പ്രയോഗിച്ചുകൊണ്ടല്ല ഇക്കാൎയ്യങ്ങൾ അദ്ദേഹം സാധിച്ചത്; പ്രത്യുത, അത്യാകൎഷകമായ ധാൎമ്മികഗുണവും ആത്മാക്കളെ വശീകരിക്കുന്ന മാന്യതയും മസ്തിഷ്ക്കങ്ങളെ സ്വാധീനിക്കുന്ന അദ്ധ്യാപനവുംകൊണ്ടാണ്. നല്ല പെരുമാററവും സൗശീല്യാദി ഗുണങ്ങളുംമുഖേന അദ്ദേഹം ശത്രുക്കളെ മിത്രങ്ങളാക്കി. ദയാദാക്ഷിണ്യങ്ങളാൽ ക്രൂരഹൃദയങ്ങളെ മൃദുലങ്ങളാക്കി. നീതിയും നെറിയുംകൊണ്ട് സമുദായത്തെ ഭരിച്ചു. സത്യവും ധൎമ്മവും മുടിയിഴ വിട്ടില്ല. യുദ്ധാവസ്ഥയിൽപോലും ചതിയും വഞ്ചനയും ഉടമ്പടിലംഘനവും ചെയ്തില്ല. മുഴുത്ത ശത്രുക്കളോടുപോലും അക്രമം പ്രവൎത്തിച്ചില്ല. തൻെറ രക്തത്തിനുവേണ്ടി ദാഹിച്ചിരുന്നവൎക്കും,തന്നെ

ശിലാവഷ്ത്തിന്നു നാട്ടക്കുറിയാക്കിയിരുന്നവക്കും, മാതൃഭൂമിയിൽനിന്നു ആട്ടിപ്പുറത്താക്കിയവക്കും തനിക്കെതിരായി അറബിലോകത്തെ അണിനിരത്തിയിരുന്നവക്കും, എന്തിനധികം, വൈരാഗ്യകാഠിന്യം നിമിത്തം തൻെറ വന്ദ്യപിതൃവ്യൻെറ കരൾ മുറിച്ചെടുത്ത് ചവച്ചുതുപ്പിയിരുന്ന ബദ്ധവൈരികൾക്കുപോലും, അവരുടെമേൽ താൻ വിജയം നേടിയപ്പോൾ, മാപ്പ് നല്കുകയാണ് ചെയ്തത്. സ്വാത്ഥത്തിൻെറപേരിൽ ആത്മശത്രുവോടുപോലും അദ്ദേഹം പ്രതികാരം ചെയ്തില്ല.

ആത്മസംയമനവും നിസ്വാത്ഥതയും അദ്ദേഹത്തിൽ എത്രമാത്രം പ്രസ്ഫുടമായിരുന്നെന്നോ? രാജ്യത്തിൻെറ സവ്വാധികാരിയായി വാണിരുന്ന അവസരത്തിൽപോലും അദ്ദേഹം ഒരു 'ഫക്കീർ'മാത്രമായിരുന്നു. പുല്ലുമേഞ്ഞ കുടിലിലാണ് താമസിച്ചിരുന്നതു്. താണതരം വസ്ത്രമാണ് ധരിച്ചിരുന്നത്. സാധുക്കൾ കഴിക്കുന്ന ആഹാരമാണ് ഭുജിച്ചിരുന്നത്. ചിലപ്പോൾ പട്ടിണിപ്പാടിൽ ദിവസങ്ങൾ കഴിച്ചിട്ടുണ്ടു്. അദ്ദേഹം രാത്രികാലമത്രയും നിന്നു ഈശ്വരപ്രാത്ഥന നടത്തിയിരുന്നു. പാവങ്ങളേയും ആതുരന്മാരേയും ശുശ്രൂഷിച്ചിരുന്നു. ഒരു തൊഴിലാളിയെപ്പോലെ വേലചെയ്യുന്നതിൽ അദ്ദേഹത്തിന്നു സങ്കോചമുണ്ടായിരുന്നില്ല. രാജകീയമായ സ്ഥാനവലുപ്പത്തിൻെറയോ, പ്രഭുത്വപരമായ ഔദ്ധത്യത്തിൻെറയോ വലിയആളുകളുടെ അഹങ്കാരത്തിൻെറയോ കണികപോലും അദ്ദേഹത്തിൽ മുളയെടുത്തിട്ടില്ല. സാധാരണനെപ്പോലെ ജനങ്ങളുമായി കൂടിക്കലൎന്നു ജീവിച്ചു. അവരുടെ ദുഃഖത്തിലും വേദനയിലും പങ്കുകൊണ്ടു. സാധാരണക്കാരുടെ ഇടയിൽതന്നെ അദ്ദേഹം

ഇരുന്നു. അപരിചിതനായ ഒരാൾക്ക് ജനങ്ങളുടെ നേതാവും നാട്ടിൻെറ രാജാവും ആരെന്നു മനസ്സിലാക്കാൻ വിഷമം തോന്നുമാർ, അത്രയും സാധാരണ മട്ടിലാണ് അദ്ദേഹം സദസ്സിലുപവിഷ്ടനായിരുന്നത്. ഏററവും താണപടിയിലുള്ള ഒരുത്തനോടുപോലും, തന്നെപ്പോലുള്ള ഒരു മനുഷ്യനെന്ന നിലക്കാണ് അദ്ദേഹം പെരുമാറിയിരുന്നത്. തൻെറ ആജീവനാന്ത സമരപരമ്പരയിൽ സ്വന്തത്തിനുവേണ്ടി വല്ലതും അദ്ദേഹം ചെയ്തതായി കാണില്ല. അദ്ദേഹം സന്താനങ്ങൾക്കായി യാതൊരു പൈതൃകസ്വത്തും അവശേഷിപ്പിച്ചില്ല. സകലസ്വവും സമുദായത്തിനുവേണ്ടിയാണ് ഉഴിഞ്ഞുവെച്ചത്. തനിക്കോ തൻെറ കുടുംബത്തിന്നോ യാതൊരു പ്രത്യേകാവകാശവും സ്ഥാപിച്ചില്ല. മാത്രമോ, സകാത്ത് വാങ്ങാനുള്ള അവകാശംപോലും സ്വകുടുംബത്തിന്നു നിഷേധിക്കുകയാണ് അദ്ദേഹം ചെയ്തത്. പിന്നീടേതെങ്കിലും കാലത്ത് അനുയായികൾ സകാത്ത് സംഖ്യ മുഴുവനും തൻെറ സന്താനങ്ങൾക്കേല്പിച്ചെങ്കിലോ എന്നുള്ള ഏക ശങ്കകൊണ്ട്!

ആ മഹാനുഭാവൻെറ ശ്രേഷ്ഠതകളുടെ പട്ടിക ഇതുകൊണ്ടും അവസാനിക്കുന്നില്ല. അദ്ദേഹത്തിൻെറ പദവി ശരിക്കും മനസ്സിലാവണമെങ്കിൽ ലോകചരിത്രത്തിലേക്ക് സമഗ്രമായൊന്നു തിരിഞ്ഞുനോക്കേണ്ടിയിരിക്കുന്നു. അപ്പോൾ കാണാം, പതിനാല് നൂററാണ്ടുകൾക്കുമുമ്പ്, ആ തമോയുഗത്തിൽ, അറേബ്യൻ മണലാരണ്യത്തിൽ ജനിച്ചുവളൎന്ന, ഗ്രാമവാസിയും നിരക്ഷരകുക്ഷിയുമായ ആ മനുഷ്യനാണ്, വാസ്തവത്തിൽ ആധുനികയുഗത്തിൻെറ ജനയിതാവും ലോകനേതാവുമെന്നു. തന്നെ നേതാവായി അംഗീകരിക്കുന്നവൎക്ക് മാ

ത്രമല്ല, മുഴുവൻ ലോകത്തിനും അദ്ദേഹം തന്നെയാണ് ലീഡർ. ഏതൊരു നേതാവിന്നെതിരായി ലോകമിന്നു അധിക്ഷേപം ചൊരിയുന്നുവോ, ആ നേതാവിൻെറ നേതൃത്വം തങ്ങളുടെ ആദർശങ്ങളിലും, ജീവിതസിദ്ധാന്തങ്ങളിലും, കർമ്മനിയമങ്ങളിലും, പോരാ ആധുനികയുഗത്തിൻെറ ആത്മാവിൽതന്നെ എത്രമാത്രം സ്വാധീനം ചെലുത്തീട്ടുണ്ടെന്നു അവർ അറിയുന്നില്ല.

ലോകത്തിലെ ധാരണകളുടെ ഗതിതന്നെ മാററിയത് പ്രസ്തുത വ്യക്തിയാണ്. ഊഹാപോഹങ്ങളിൽനിന്നും അത്ഭുതഭ്രമങ്ങളിൽനിന്നും പൗരോഹിത്യത്തിൽനിന്നും മനുഷ്യമനസ്സുകളെ അദ്ദേഹം, ബുദ്ധിപരതയുടെയും യാഥാർത്ഥ്യബോധത്തിൻെറയും ഭക്ത്യാത്മകമായ ഭൗതികതയുടേയും മാർഗ്ഗത്തിലേക്ക് തിരിച്ചുവിട്ടു. ദൃഷ്ടിഗോചരങ്ങളായ അമാനുഷിക സംഭവങ്ങളിൽ മാത്രം വിശ്വസിച്ചിരുന്ന ലോകത്തിന്നു ബുദ്ധിപരമായ അമാനുഷികതത്വത്തെ ഗ്രഹിക്കുവാനും അതിനെ സത്യത്തിൻെറ മാനദണ്ഡമായംഗീകരിക്കുവാനുമുള്ള വാസന സൃഷ്ടിച്ചുകൊടുത്തു. അസാധാരണ സംഭവങ്ങളിൽ ദൈവത്തിൻെറ ദൈവത്വചിഹ്നങ്ങൾ അന്വേഷിക്കുന്നവരുടെ കണ്ണുകൾ തുറപ്പിച്ചു. അവരെ പ്രകൃതിവിലാസങ്ങളിലൂടെ (Natural phenomena) ദൈവദൃഷ്ടാന്തങ്ങൾ നോക്കിക്കാണുന്ന സ്വഭാവികളാക്കിത്തീർത്തു. ആകാശക്കോട്ടകെട്ടുന്നവരെ മനോരാജ്യങ്ങളിൽ (Speculation) നിന്നു ചിന്തയുടെയും അന്വേഷണനിരീക്ഷണങ്ങളുടെയും ദൃക്സാക്ഷ്യങ്ങളുടെയും മാർഗ്ഗത്തിലേക്ക് തിരിച്ചുവിട്ടു. ബുദ്ധി, ബോധം, സഹജാവബോധം എന്നിവയുടെ സവിശേഷപരിധികൾ മനുഷ്യനു പഠിപ്പിച്ചു. ഭൗതികത്വവും ആദ്ധ്യാത്മികത്വവും തമ്മിൽ പൊരുത്തപ്പെട്ടു

ത്തി. ദീനിന്നു വിജ്ഞാനകമ്മങ്ങളോടും വിജ്ഞാനകമ്മങ്ങൾക്ക് ദീനിനോടുമുള്ള ബന്ധം സ്ഥാപിച്ചു. മതത്തിൻെറ ശക്തിയിൽനിന്നു ശാസ്ത്രീയാവേശവും ശാസ്ത്രീയാവേശത്തിൽനിന്നു ശരിയായ മതചൈതന്യവും ലോകത്ത് സംജാതമാക്കി. ശിക്കിൻെറയും, സൃഷ്ടിപൂജയുടെയും അടിത്തറകൾ ഇളക്കി. മുശ്രികുകളുടെയും വിഗ്രഹാരാധകന്മാരുടെയും മതങ്ങൾപോലും ഏകദൈവസിദ്ധാന്തത്തിൻെറ വണ്ണം സ്വീകരിക്കുവാൻ നിബ്ബന്ധിതമാകത്തക്കവിധം, തൗഹീദിനെ വിജ്ഞാനശക്തികൊണ്ടുറപ്പിച്ചു. സദാചാരമൂല്യങ്ങളെയും ആദ്ധ്യാത്മികമൂല്യങ്ങളെയും സംബന്ധിച്ച അടിസ്ഥാനധാരണകൾതന്നെ മാററി. സവ്വസംഗപരിത്യാഗത്തെയും, ആത്മഹനനത്തെയും തനി സദാചാരമായി ധരിച്ചുപോന്നവക്കും, ശരീരാവകാശപൂത്തീകരണവും ഐഹിക ഇടപാടുകളിൽ പങ്കെടുക്കലും ആത്മീയപുരോഗതിക്കും മോക്ഷത്തിന്നും വിരുദ്ധമാണെന്ന പക്ഷക്കാക്കും, നാഗരികതയിലും സാമൂഹ്യജീവിതത്തിലും ഐഹിക കമ്മങ്ങളിലുമാണ് ധാമ്മികപുരോഗതിയുടെയും ആത്മീയോല്ക്കഷത്തിൻെറയും മോക്ഷസിദ്ധിയുടെയും മാഗ്ഗം സ്ഥിതിചെയ്യുന്നതെന്നു കാട്ടിക്കൊടുത്തു. ഇതിനെല്ലാം പുറമെ മനുഷ്യന്ന അവൻെറ സാക്ഷാൽ വിലയും നിലയും തെയ്യപ്പെടുത്തിക്കൊടുത്തത് അദ്ദേഹമാണ്. ഭഗവാന്മാരേയും അവതാരപുരുഷന്മാരേയും ദൈവപുത്രന്മാരേയുംമല്ലാതെ മാഗ്ഗദശികളായി അംഗീകരിക്കാൻ തയാറില്ലാതിരുന്ന ആളുകൾക്ക്, മനുഷ്യന്നു, തങ്ങളെപ്പോലുള്ള മനുഷ്യന്നു പ്രപഞ്ചകത്താവിൻെറ ഖലീഫയും ആകാശരാജാവിൻെറ പ്രതിനിധിയുമായിത്തീരാൻ കഴിയുമെന്നു പഠിപ്പിച്ചത് അദ്ദേഹമാണ്.

ശക്തന്മാരെ ദൈവങ്ങളായി വരിച്ചിരുന്ന ജനങ്ങൾക്ക്, യഥാൎത്ഥ മനുഷ്യനെ കാട്ടിക്കൊടുത്തതു് അദ്ദേഹമാണ്. മനുഷ്യൻ മനുഷ്യൻമാത്രമാണ്. പരിശുദ്ധതയുടെയും ഭരണാധിപത്യത്തിൻെറയും യജമാനത്വത്തിൻെറയും ജന്മാവകാശവുമായി യാതൊരാളും വന്നിട്ടില്ല. അശുദ്ധിയുടെയും ഭരണീയതയുടെയും അടിമത്വത്തിൻെറയും മുദ്ര ആരുടെമേലും ജന്മനാ കുത്തപ്പെട്ടിട്ടില്ല എന്നെല്ലാം ഗ്രഹിപ്പിച്ചത് അദ്ദേഹമാണ്. ലോകത്ത് മാനുഷികൈക്യത്തിൻെറയും സമത്വത്തിൻെറയും ജനാധിപത്യത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും ആശയങ്ങൾ സൃഷ്ടിച്ചതും അദ്ദേഹത്തിൻെറ അദ്ധ്യാപനം തന്നെയാണ്.

നമുക്കിനി വിഭാവനങ്ങളിൽനിന്നു മുമ്പോട്ടു നീങ്ങാം. പ്രസ്തുത നിരക്ഷരകുക്ഷിയുടെ നേതൃത്വത്തിൻെറ കൎമ്മഫലങ്ങൾ ഇന്നത്തെ ലോകനിയമങ്ങളിലും പദ്ധതികളിലും ഇടപാടുകളിലുമെല്ലാം അധികമധികം പ്രതിഫലിച്ചതായി നിങ്ങൾക്ക് കാണാം. ഇതിൻെറ മാതൃകകൾ എണ്ണിക്കാണിക്കുക വിഷമമാണ്. സദാചാരം, സംസ്ക്കാരം, സത്സ്വഭാവം, ശുദ്ധി, ശുചീകരണം എന്നിവയുടെ എത്രയെത്ര തത്വങ്ങളാണ് അദ്ദേഹത്തിൻെറ ശിക്ഷണത്തിൽനിന്നു പുറപ്പെട്ട് ലോകമൊട്ടുക്കും വ്യാപിച്ചിട്ടുള്ളത്; അദ്ദേഹം രൂപീകരിച്ച സാമൂഹ്യനിയമങ്ങൾ ലോകത്തിന്നെത്രത്തോളമാണ് ഫലംചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതും;അദ്ദേഹം പഠിപ്പിച്ച സാമ്പത്തിക തത്വങ്ങളിൽനിന്നു ലോകത്തു എത്രയെത്ര പ്രസ്ഥാനങ്ങളാണ് ജന്മമെടുത്തിട്ടുള്ളതും ജന്മമെടുത്തുകൊണ്ടിരിക്കുന്നതും; അദ്ദേഹം അംഗീകരിച്ച ഭരണവ്യവസ്ഥമൂലം ലോകരാഷ്ട്രീയ സിദ്ധാന്തങ്ങളിൽ

എന്തെല്ലാം മാററങ്ങളാണ് പ്രകടമായിട്ടുള്ളതും, പ്രകടമായിക്കൊണ്ടിരിക്കുന്നതും. അദ്ദേഹം നിർമ്മിച്ച നീതിന്യായ ചട്ടങ്ങൾ ലോകത്തിൻെറ നീതിന്യായ വ്യവസ്ഥകളിലും നിയമ ചിന്തനങ്ങളിലും എത്രമാത്രമാണ് സ്വാധീനം ചെലുത്തിയിട്ടുള്ളത്; നിശ്ശബ്ദമായിട്ടെങ്കിലും ഇന്നും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതും! ലോകത്ത് യുദ്ധം, സന്ധി, അന്താരാഷ്ട്രീയ ബന്ധങ്ങൾ എന്നിവയുടെ സംസ്കാരം ഇദംപ്രഥമമായി പ്രായോഗികമാക്കിയിട്ടുള്ളത് വാസ്തവത്തിൽ അതേ നിരക്ഷരകുക്ഷിയാണ്. യുദ്ധത്തിനും ഒരു സംസ്കാരം ഉണ്ടാകാമോ എന്നും, വിവിധ സമുദായങ്ങൾക്കിടയിൽ പൊതുമനുഷ്യത്വാടിസ്ഥാനത്തിൽ വല്ല ഇടപാടുകളും സാദ്ധ്യമാണോ എന്നും, മുമ്പ് ലോകത്തിന്നറിഞ്ഞുകൂടായിരുന്നു.

മനുഷ്യ ചരിത്രരംഗത്ത് ഈ അത്ഭുത മനുഷ്യൻെറ അത്യുന്നത വ്യക്തിത്വം എത്രത്തോളം മുഴച്ചുകാണപ്പെടുന്നുണ്ടെന്നോ? ലോകാരംഭംമുതൽ ഇന്നോളമുള്ള മഹാന്മാരിൽവെച്ച് ഏററവും വലിയ ചരിത്രപുരുഷനായി ഗണിക്കപ്പെടുന്ന ഒരാൾപോലും അദ്ദേഹത്തിൻെറ മുമ്പിൽ സൂര്യൻെറ മുമ്പിൽവെച്ച മണ്ണെണ്ണവിളക്കിനു തുല്യമാണ്. ലോകമഹാന്മാരിൽ യാതൊരാൾക്കും തൻെറ മഹത്വശോഭയെ, മനുഷ്യജീവിതത്തിൻെറ ഒന്നുരണ്ട് വശങ്ങൾക്കപ്പുറം വ്യാപരിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ചിലർ സിദ്ധാന്തങ്ങളുടെ അധിപതികളാണെങ്കിലും, കർമ്മശക്തി ഇല്ലാത്തവരാണ്. ചിലർ കർമ്മത്തിൻെറ പ്രതീകങ്ങളാണെങ്കിൽ ചിന്താശക്തികൊണ്ട് ദുർബ്ബലരാണ്. ചിലരുടെ മാഹാത്മ്യം, രാഷ്ട്രീയ

തന്ത്രത്തിൽ പരിമിതമാകുന്നു. ചിലർ കേവലം സൈനികതന്ത്രത്തിന്റെ മൂർത്തീകരണമാണ്. മററു ചിലരുടെ ദൃഷ്ടി സാമൂഹ്യ ജീവിതത്തിന്റെ ഒരു വശത്തിൽ മാത്രം പതിഞ്ഞു; ഇതരവശങ്ങളെല്ലാം അവർ അവഗണിക്കുകയും ചെയ്തു. ചിലർ ധർമ്മത്തെയും ആത്മീയതയേയും മാത്രം കൈക്കൊണ്ടു. സമ്പത്തിനേയും ഭരണത്തേയും തള്ളിക്കളഞ്ഞു. ചിലരാകട്ടെ, സമ്പത്തിനേയും ഭരണത്തേയും മാത്രം കൈക്കൊണ്ട് ധർമ്മത്തേയും ആത്മീയതയേയും അവഗണിച്ചുകളഞ്ഞു. ആകയാൽ, ചരിത്രത്തിൽ നമുക്കു ഏകഗതിക്കാരായ മഹാന്മാരെ മാത്രമേ കാണാനുള്ളു. എല്ലാമാഹാത്മ്യങ്ങളും സമ്മേളിച്ചിട്ടുള്ള ഒരുവ്യക്തിത്വമുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റേതുമാത്രമാണ്. അദ്ദേഹം തത്വശാസ്ത്രജ്ഞനും യുക്തിമാനുമാണ്. തന്റെ തത്വശാസ്ത്രത്തെ കർമ്മജീവിതത്തിൽ നടപ്പിൽവരുത്തിയതും താൻതന്നെയാണ്. അദ്ദേഹം രാഷ്ട്രീയതന്ത്രജ്ഞനാണ്; സേനാനായകനാണ്; നിയമനിർമ്മാതാവാണ്; സദാചാര ഉപജ്ഞാതാവാണ്; ആദ്ധ്യാത്മിക-മതനേതാവുമാണ്. അദ്ദേഹത്തിന്റെ ദൃഷ്ടി മനുഷ്യജീവിതത്തിലാകമാനം പതിയുന്നുണ്ട്. ഏററവും ചെറിയ വിശദാംശങ്ങൾവരെ വ്യാപരിക്കുന്നുണ്ട്. അന്നപാനമുറകളും ശരീരശുചീകരണമാർഗ്ഗങ്ങളും മുതൽ അന്താരാഷ്ട്രീയ ബന്ധങ്ങൾവരേയുള്ള ഓരോ കാര്യത്തേസംബന്ധിച്ചും അദ്ദേഹം നിയമനിർദ്ദേശങ്ങൾ നല്കുന്നു. തന്റെ സിദ്ധാന്തത്തിനൊത്ത ഒരു സ്വതന്ത്രസംസ്കാരം (*Civilization*) പ്രയോഗത്തിൽ വരുത്തിക്കാണിക്കുന്നു. ജീവിതത്തിന്റെ വിവിധവശങ്ങളിൽ തികഞ്ഞ സന്തുലിതത്വം (*Equilibrium*) സ്ഥാപിക്കുന്നു. എവിടേയും ഏററക്കുറച്ചിലിന്റെ കണികപോലും കാണുന്നില്ല. ഈ

സാർവ്വത്രികതയും സമഗ്രതയും അദ്ദേഹത്തോടു കിടപിടിക്കുന്ന ഒരു വ്യക്തി നിങ്ങളുടെ ദൃഷ്ടിയിലാരുണ്ട്?

മികച്ച ലോകചരിത്രപുരുഷന്മാരിലാരും പ്രായേണ തൻെറ ചുററുപാടിൻെറ സൃഷ്ടിയാവാതിരുന്നിട്ടില്ല. എന്നാൽ, പ്രസ്തുത വ്യക്തിയുടെ സ്ഥിതി അത്യാശ്ചര്യകരമാണ്! അദ്ദേഹത്തെ സൃഷ്ടിച്ചതിൽ തൻെറ ചുററുപാടിന്നു ഒരു പങ്കുള്ളതായി കാണുന്നില്ല. അറബികളുടെ ചുററുപാട്, ഇത്തരമൊരു മനുഷ്യൻെറ ആവിർഭാവത്തെ ആവശ്യപ്പെട്ടിരുന്നുവെന്ന് സ്ഥാപിക്കാവുന്ന യാതൊരു ചരിത്രതെളിവുമില്ല. ഏറെക്കെണിഞ്ഞാൽ നിങ്ങൾക്ക് ഇത്രയേ പറയാനൊക്കു: അറബിഗോത്രങ്ങളുടെ ഛിദ്രവാസനയെ അവസാനിപ്പിച്ച് അവരെ ഒരു ജനതയാക്കുകയും രാജ്യങ്ങൾ ജയിച്ചടക്കി അവരുടെ സാമ്പത്തിക ക്ഷേമാഭിവൃദ്ധിക്കുള്ള കരുക്കളൊരുക്കുകയുംചെയ്യുന്ന ഒരു നേതാവിൻെറ ആവിർഭാവത്തെ അന്നത്തെ ചരിത്രപരമായ കാരണങ്ങൾ ആവശ്യപ്പെട്ടിരുന്നു. അതെ, അക്കാലത്തെ എല്ലാ അറേബ്യൻ സവിശേഷതകളുമുൾക്കൊള്ളുകയും അക്രമം, ക്രൂരത, ചോരചിന്തൽ, വഞ്ചന, എന്നല്ല, സാദ്ധ്യമായ എല്ലാ മാർഗ്ഗേണയും സ്വസമുദായത്തിന്നു സുസ്ഥിതി കൈവരുത്തിക്കൊടുക്കുകയും ഒരു രാഷ്ട്രം കെട്ടിപ്പടുത്ത് പിൻതലമുറക്കായി വിട്ടുപോവുകയും ചെയ്യുന്ന ഒരുനേഷനലിസ്റ്റ് ലീഡറുടെ ആവിർഭാവത്തെ ആവശ്യപ്പെട്ടിരുന്നു. ഇതല്ലാത്ത ചരിത്രപരമായ മററൊരാവശ്യത്തെയും നിങ്ങൾക്ക് തെളിയിക്കുക സാദ്ധ്യമല്ല. ഹെഗലിൻെറ ചരിത്രതത്വശാസ്ത്രത്തിൻെറയും കാറൽമാർക്സിൻെറ ഭൌതിക ചരിത്ര വ്യാഖ്യാനത്തിൻെറയും വീക്ഷണകോണിൽ കൂടി നോക്കുന്നതായാലും അന്നത്തെ ചുററുപാടിൽ ഒരു

സമുദായത്തിൻെറയും ഒരു രാഷ്ട്രത്തിൻെറയും ജനയിതാവ് ആവിർഭവിക്കേണ്ടിയിരുന്നുവെന്നോ, ആവിർഭവിക്കാമെന്നോ നിങ്ങൾക്ക് പരമാവധി സ്ഥാപിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ ആ പരിതഃസ്ഥിതിയിൽ ഇത്തരത്തിലുള്ള ഒരു മഹാവ്യക്തിയുടെ ആവിർഭാവത്തെ ഹെഗലിൻെറയും മാർക്സിൻെറയും തത്വശാസ്ത്രങ്ങൾക്ക് എങ്ങിനെ വ്യാഖ്യാനിക്കാനൊക്കും? ഈ വ്യക്തിയാകട്ടെ, ഉൽകൃഷ്ട ധാർമ്മികഗുണങ്ങൾ പഠിപ്പിച്ചു; മനുഷ്യത്വത്തെ സംസ്കരിക്കുകയും ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും ചെയ്തു; ജാഹിലിയ്യാകാലത്തെ ഊഹാപോഹങ്ങളെയും അന്ധവിശ്വാസങ്ങളെയും പക്ഷപാതങ്ങളെയും തുടച്ചുനീക്കി; അദ്ദേഹത്തിൻെറ ദൃഷ്ടി ജാതി-വർഗ്ഗ-ദേശാദി അതിർവരമ്പുകൾ ഭേദിച്ചു മുഴുവൻ മനുഷ്യത്വത്തിലേക്ക് വ്യാപരിച്ചു; സ്വസമുദായത്തിന്നു മാത്രമല്ല, അഖിലമനുഷ്യസമുദായത്തിന്നുംവേണ്ടി ധാർമ്മികവും ആദ്ധ്യാത്മികവും നാഗരികവും രാഷ്ട്രീയവുമായ ഒരു സുവ്യവസ്ഥിതി കെട്ടിപ്പടുത്തു. ധാർമ്മികാടിസ്ഥാനത്തിലുള്ള സാമ്പത്തികഇടപാടുകൾ, രാജ്യഭരണം, അന്താരാഷ്ട്രീയബന്ധങ്ങൾ—എല്ലാമെല്ലാം ഭാവനാലോകത്ത് മാത്രമല്ല, സംഭവലോകത്തുതന്നെ അധിഷ്ഠാപിച്ച് കാട്ടിക്കൊടുത്തു. ആദ്ധ്യാത്മികത്വവും ഭൗതികത്വവും തമ്മിൽ നീതിപൂർവ്വമായും സമതുലിതമായും കൂട്ടിയിണക്കി. ഇത് അന്നത്തെപ്പോലെ ഇന്നും യുക്തിയുടെയും ബുദ്ധിശക്തിയുടെയും മകുടോദാഹരണമായി പ്രശോഭിക്കുന്നു. ഇങ്ങനെയുള്ള ഒരു വ്യക്തിയെ സംബന്ധിച്ച് നിങ്ങൾക്ക് പറയാനൊക്കുമോ, അദ്ദേഹം അജ്ഞാനകാലത്തെ അറേബ്യൻ ചുററുപാടിൻെറ സൃഷ്ടിയാണെന്നു?

അദ്ദേഹം ചുററുപാടിൻെറ സൃഷ്ടിയല്ലെന്നു മാത്രമ

ല്ല, തന്റെ മഹൽകൃത്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോഴും സ്ഥലകാലപരിമിതിക്കതീതനുമായിട്ടാണ് നമുക്ക് മനസ്സിലാവുന്നത്. അദ്ദേഹത്തിന്റെ വിചിന്തനം കാലത്തിന്റെയും പരിതോവസ്ഥകളുടെയും ബന്ധങ്ങളെ ഭേദിച്ചുകളയുന്നു. ശതാബ്ദങ്ങളുടെയും സഹസ്രാബ്ദങ്ങളുടെയും മറകളെ കീറിപ്പൊളിച്ച് മുന്നേറുന്നു. അദ്ദേഹം എക്കാലത്തെയും എല്ലാ പരിതഃസ്ഥിതികളിലെയും മനുഷ്യനെ നോക്കി, എല്ലാ അവസ്ഥാന്തരങ്ങൾക്കും ഒരുപോലെ യോജിച്ച കർമ്മധാർമ്മിക നിർദ്ദേശങ്ങൾ നല്കുന്നു. ചരിത്രം കാലഹരണപ്പെടുത്തുകയും, എന്നാൽ തനതുകാലത്തെ നേതാവെന്ന നിലക്കുമാത്രം നാം അഭിനന്ദിക്കുകയും ചെയ്യുന്ന മഹാന്മാരുടെ കൂട്ടത്തിലല്ല അദ്ദേഹം; ചരിത്രത്തോടൊപ്പം മാർച്ച് ചെയ്യുന്ന ഒരദ്വിതീയ മനുഷ്യത്വനായകനാണ്. ഓരോ യുഗത്തിലും ആധുനികനായി നാം അദ്ദേഹത്തെ കാണുന്നു. നിങ്ങൾ ‘ചരിത്രം സൃഷ്ടിച്ചവർ’ (Makers of History) എന്ന ബഹുമതിപ്പട്ടം ആർക്കൊക്കെ ഔദാര്യപൂർവ്വം നല്കീട്ടുണ്ടോ അവരെല്ലാം യഥാർത്ഥത്തിൽ ‘ചരിത്രത്തിന്റെ സൃഷ്ടികൾ’ (Creatures of History) മാത്രമാകുന്നു. മാനവസമുദായചരിത്രത്തിൽ ഏകചരിത്രസ്രഷ്ടാവ് ഈ വ്യക്തിയേയുള്ളൂ. ലോകചരിത്രത്തിൽ വിപ്ലവം സൃഷ്ടിച്ചിട്ടുള്ള നേതാക്കളുടെ സ്ഥിതിഗതികളിലേക്ക് നിങ്ങളുടെ നിരീക്ഷണദൃഷ്ടി ഒന്നു തിരിയ്ക്കുക. ആ സന്ദർഭങ്ങളിലെല്ലാം വിപ്ലവകാരണങ്ങൾ ആദ്യമേ ഉയിരെടുക്കുകയും അവയാവശ്യപ്പെടുന്ന വിപ്ലവത്തിന്റെ ഗതിയും മാർഗ്ഗവും സ്വയം നിർണ്ണയിക്കപ്പെടുകയും ചെയ്തിരുന്നതായി നിങ്ങൾക്ക് കാണാവുന്നതാണ്. പരിതഃസ്ഥിതിയുടെ ഒരാവശ്യത്തെ ആശയത്തിൽനിന്നു പ്രയോഗത്തിലേക്ക് കൊണ്ടുവരിക മാത്രമാണ് ആ വിപ്ല

വനേതാക്കരം ചെയ്തിട്ടുള്ളത്. സ്റ്റേജും പാർട്ടും കാലേ ക്കൂട്ടി നിർണ്ണയിച്ചുകിട്ടിയ ഒരു നടൻെറ ഭാഗം അവർ അഭിനയിച്ചുവെന്നു മാത്രം. എന്നാൽ ചരിത്രം സൃഷ്ടിച്ചവരുടെ, അഥവാ വിപ്ലവം സൃഷ്ടിച്ചവരുടെ കൂട്ടത്തിൽ, കാരണങ്ങളൊന്നുമില്ലാതിരുന്ന സമയത്തും സ്ഥലത്തും വിപ്ലവം സ്വയം സൃഷ്ടിച്ചു കാണിച്ചിട്ടുള്ളത് ഇദ്ദേഹം മാത്രമാണ്. അവിടെ വിപ്ലവകാരണങ്ങളൊന്നും രൂപപ്പെട്ടിരുന്നില്ല, അദ്ദേഹം അത് രൂപപ്പെടുത്തി. അവിടെ വിപ്ലവാവേശവും കർമ്മസന്നദ്ധതയും ദൃശ്യമായിരുന്നില്ല; അദ്ദേഹം അതിന്നാവശ്യമായ മനുഷ്യരെ സജ്ജീകരിച്ചു. തൻെറ മഹാവ്യക്തിത്വത്തെ ആയിരമായിരം മനുഷ്യമൂശകളിൽ ഉരുക്കിഒഴിച്ചു. അങ്ങനെ ഉദ്ദേശിച്ചപോലെ അവരെ വാർത്തെടുത്തു. അദ്ദേഹത്തിൻെറ കഴിവും ഇച്ഛാശക്തിയും സ്വയം വിപ്ലവോപാധികരം സംവിധാനിച്ചു. അതിൻെറ രൂപവും തരവും നിർണ്ണയിച്ചു. ഇച്ഛാശക്തികൊണ്ട് അദ്ദേഹം സ്ഥിതിഗതികളെ അവയുടെ മാർഗ്ഗത്തിലേക്ക് തിരിച്ചുവിട്ടു. ഈ നിലക്കുള്ള ഒരു ചരിത്രസ്രഷ്ടാവിനേയോ വിപ്ലവകാരിയേയോ നിങ്ങരം മറെറവിടെയെങ്കിലും കാണുന്നുണ്ടോ?

ചിന്തിച്ചുനോക്കുക: 14 നൂററാണ്ടുകരംക്കുമുമ്പുള്ള ആ തമോയുഗത്തിൽ, അറേബ്യയെപ്പോലുള്ള അന്ധകാരപൂരിതമായ ഒരു ദിക്കിൽ ജന്മമെടുത്ത, വർത്തകനും ഗ്രാമവാസിയുമായ ഒരു നിരക്ഷരജ്ഞനിൽ പെട്ടെന്നു ഈ ജ്ഞാനോദയവും ഈ വെളിച്ചവും ഈ ശക്തിയും ഈ യോഗ്യതയും ഈ സുശിക്ഷിത മഹാകഴിവുകളുമൊക്കെ സംജാതമാകുവാൻ എന്തുമാർഗ്ഗമാണുണ്ടായിരുന്നത്? നിങ്ങരം പറയുന്നു, അതെല്ലാം അദ്ദേഹത്തിൻെറ ഹൃദയ

മസ്തിഷ്കങ്ങളുടെ സൃഷ്ടിയായിരുന്നുവെന്നു. ഞാൻ ചോദിക്കുന്നു: അതെല്ലാം അദ്ദേഹത്തിന്റെ ഹൃദയ മസ്തിഷ്കങ്ങളുടെ സൃഷ്ടി മാത്രമായിരുന്നെങ്കിൽ അദ്ദേഹത്തിന്നു ദൈവത്വംതന്നെ വാദിക്കാമായിരുന്നില്ലേ? അങ്ങിനെ ദൈവത്വം വാദിക്കുന്നതായാൽ ശ്രീകൃഷ്ണനെ ഭഗവാനാക്കാൻ മടിച്ചിട്ടില്ലാത്ത ലോകം, ഗൌതമബുദ്ധനെ ആരാദ്ധ്യപുരുഷനാക്കിവെച്ച ലോകം, യേശുക്രിസ്തുവിനെ ദൈവപുത്രനായി കല്പിച്ചലോകം, അഗ്നിയേയും ജലത്തേയും വായുവിനേയുംകൂടി പൂജിച്ചിരുന്ന ലോകം ഇത്ര വലിയൊരു മഹാത്മാവിനെ ദൈവമായംഗീകരിക്കുവാൻതെല്ലുംമടിക്കുമായിരുന്നില്ല. എന്നാൽ നോക്കു: തന്റെ മഹത്വങ്ങളിലൊന്നുംതന്നെ സ്വതസ്സിദ്ധമല്ലെന്നാണ് ആ മനുഷ്യൻ ശക്തിയുക്തം അവകാശപ്പെട്ടുന്നത്. അദ്ദേഹം പറയുകയാണ്: 'ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. എന്റെ പക്കൽ എന്റേതായിയാതൊന്നുമില്ല. എല്ലാം ദൈവദത്തം. മാനവസമുദായത്തെ ഒന്നടങ്കം വെല്ലുവിളിക്കുന്ന ഈ നിസ്തുലവചനമാകട്ടെ, (പരിശുദ്ധഖുർആൻ) സ്വന്തം വകയല്ല. ഇതു എന്റെ മസ്തിഷ്കസൃഷ്ടിയല്ല. ഇത് പ്രത്യക്ഷരം ദൈവത്തിങ്കൽനിന്നും എനിക്ക് ലഭിച്ചിട്ടുള്ളതാകുന്നു. ഇതിന്റെ ബഹുമതിയും അഭിനന്ദനവുമൊക്കെ ദൈവത്തിന്നു മാത്രമാണ്. ഈയുള്ളവൻ പ്രവൎത്തിച്ചുകാണിക്കുന്ന മഹൽകൃത്യങ്ങളോ, നിൎദ്ദേശിച്ച്തരുന്ന നിയമങ്ങളോ, അഭ്യസിപ്പിക്കുന്ന തത്വങ്ങളോ ഒന്നുംതന്നെ സ്വയം ചമച്ചുണ്ടാക്കിയതല്ലതന്നെ. സ്വതസ്സിദ്ധമായ കഴിവും യോഗ്യതയുംകൊണ്ടു് ഇതൊക്കെ അവതരിപ്പിക്കുവാൻ എനിക്ക് ശക്തിയില്ല. സകലത്തിലും ദൈവത്തിന്റെ മാൎഗ്ഗദൎശനമാണ് എനിക്കവലംബം.

അവിടുന്നു ഏതൊരു സൂചന ലഭിക്കുന്നുവോ അതു് ഞാൻ പറയുന്നു, ചെയ്യുന്നു എന്നു മാത്രം!'

നോക്കുക: എന്തൊരു വിശ്വസ്ഥത! എത്ര ആശ്ചര്യകരമായ സത്യസന്ധത!! കള്ളവാദിയായ മനുഷ്യനാകട്ടെ, 'വല്യആളാ'കാൻവേണ്ടി മററുള്ളവരുടേതെന്നു നിഷ്പ്രയാസം കാണാവുന്ന മഹത്വങ്ങൾപോലും സ്വന്തമാണെന്നു അവകാശപ്പെടുവാൻ സങ്കോചം കാണിക്കാറില്ല. എന്നാൽ നോക്കൂ: സ്വന്തമാണെന്നു അവകാശപ്പെടുന്നതായാൽ, അതിനെ നിഷേധിക്കത്തക്ക യാതൊരുതെളിവുമില്ലാതിരിക്കവേ, തനിക്കുള്ള മഹത്വങ്ങളിൽ ഒന്നുപോലും സ്വതസ്സിദ്ധമാണെന്നു ആ മനുഷ്യൻ പറഞ്ഞില്ല. ഇതിൻെറസാക്ഷാലുറവിടം എവിടെയാണെന്നു കണ്ടുപിടിക്കാൻ അദ്ദേഹത്തിൻെറതന്നെ ജിഹ്വയല്ലാതെ മററു മാർഗ്ഗമൊന്നില്ലതാനും. അദ്ദേഹത്തിൻെറ സത്യസന്ധതക്കു് ഇതിലുപരി മറെറന്തു തെളിവുവേണം? അതിനിശ്ശുദ്ധമായ മാർഗ്ഗേണ സിദ്ധിക്കുന്ന ഇത്തരം മാഹാത്മ്യങ്ങളുടെ സാക്ഷാൽ ഉല്പത്തിസ്ഥാനത്തെ സത്യസന്ധമായി വെളിപ്പെടുത്തിയ ഇദ്ദേഹത്തേക്കാൾ ഒരു സത്യവാനുണ്ടാവാനുണ്ടോ? അങ്ങനെയുള്ള ഈ വ്യക്തിയിൽ വിശ്വസിക്കാതിരിക്കാൻ എന്തുന്യായമാണുള്ളതു്?

PRINTED AT
THE PRABODHANAM PRESS
MARIKUNNU

# KOTTAYAM PUBLIC LIBRARY

## KOTTAYAM

Cl. No. 297 Acc. No. 45695

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

M297

45695

മൗലാനാ അബുൽ അഅ്ലാ മൗദൂദി

ബുദ്ധിയുടെ വിധി.

KOTTAYAM PUBLIC LIBRARY

Call No. 297 Acc. No. 45695

Author: മൗലാനാ അബുൽ അഅ്ലാ മൗദൂദി

Title: ബുദ്ധിയുടെ വിധി